# മണ്ണിലും
# മക്കളും

## വിക്രമൻ

No. 1001

SAHITYA PRAVARTHAKA C.S. LTD. KOTTAYAM

032,3xJ
KD

MUL
292084

# മാവേലിയും മക്കളും

(Malayalam)

Maveliyum Makkalum

One-Act Plays

By VIKRAMAN (C. R. KERALA VARMA)

Professor

St. Aloysius College, Mangalore

First Published February 1960

Printed at

INDIA PRESS, KOTTAYAM

Price Rs. 1.50

Copyright by

C. R. Kerala Varma

Publishers:

**Sahitya Pravarthaka Co-operative Society Ltd., Kottayam, Kerala State**

Sales Department:

NATIONAL BOOK STALL

Kottayam Kerala State India

# മാവേലിയും മക്കളും

വിക്രമൻ

പ്രസാധകന്മാർ
സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം

വില ക. 1.50

University Grants Commission

## വിക്രമൻെറ കൃതികഠം

ഓണക്കാലം

മാവേലിയും മക്കളും

ഭംഗി

രോഗഭ്രാന്ത്

മന്ത്രവാദവും മതവും

ചിരി

MADRAS UNIVERSITY LIBRARY
7 MAR 2003
CHENNAI-600 005

292084

S1049 B676 89/59-60 1-1000

## ഏകാങ്കങ്ങൾ

സ്നേഹത്തിൻെറ പോക്കു്

രാമലക്ഷ്മണബാലിസുഗ്രീവം

മഹാബലി

# സ്നേഹത്തിൻെറ പോക്കു്

**കഥാപാത്രങ്ങൾ**

ശ്രീധരൻനായർ
ഗൗരിയമ്മ
കാത്തു
പാപ്പി
ശാരദ
സുമനൻ

## രംഗം ഒന്നു്

[സാമാന്യം വലിയ പുതിയ വീട്ട്. അതിന്റെ നടുവിലത്തെ വൃത്തി യും ഭംഗിയുമുള്ള വലിയമുറി. ഒരു മേശയും രണ്ടുമൂന്നു കസേരയും ഉണ്ട്. ശ്രീധരൻനായർ (ഇരുനിറത്തിൽ നല്ല പൊക്കവും ഒരുമാതിരി വണ്ണ വുമുള്ള ഒരു അമ്പതു വയസ്സുകാരൻ) കസേരയിൽ ഇരിക്കുന്നു. മേശ യുടെ അട്ടത്തു വെളുത്തു തടിച്ചു് സുന്ദരിയായ ഒരു സ്ത്രീ (ഏകദേശം നാല്പത്തഞ്ചു വയസ്സുണ്ട്) നില്ക്കുന്നു.]

ഗൗരിയമ്മ: അവൾക്കു് സുഖക്കേടൊന്നുല്ല്യാന്നു്.

ശ്രീധരൻനായർ: എങ്ങനെയറിയാം? ഇക്കാലത്തു് എല്ലാക്കും സുഖക്കേടേയുള്ളു.

ഗൗരിയമ്മ: പണ്ടു പിന്നെ സുഖക്കേടൊന്നുമില്ല്യായിരിക്കും.

ശ്രീധരൻനായർ: പണ്ടത്തെ കാര്യം എനിക്കറിഞ്ഞുകൂടാ. ഈ ശ്രീധരന്റെ കുട്ടിക്കാലത്തെ കാര്യം എനിക്കറിയാം. "അമ്മേ, എനിക്കു് ഒട്ടും വയ്യ. പനീം തലവേദനേം ഒക്കെയുണ്ട്" എന്നു പറഞ്ഞു് അമ്മേടെ അട്ടക്കൽ ചെന്നാൽ അമ്മ പറയും, "പോടാ. നിനക്കു പനീം ഇല്ല തലവേദനേം ഇല്ല. എവിടെയാ നിന്റെ പനി? കാലിന്റെ മുട്ടിന്മലാ? തലവേദനയാത്രെ കൊച്ചു കുട്ടിക്കു്! എവിടെടാ തലവേദന? വയറ്റിലാ? പോ, ആ വെയിലത്തുപോയി കുറെ കളിക്കു്." "വെറുതെയല്ല അമ്മേ, എനിക്കു പനിയുണ്ട്. ഏട്ടൻ പറഞ്ഞു. ഒന്നു തൊട്ടുനോക്കു." അമ്മ തൊട്ടുനോക്കിയിട്ട് "നല്ല പനി, തൊട്ടപ്പൊ ചെപ്പുകുടം തൊടുന്ന പോലെയിരിക്കുന്നു. ഓട്ടു് ഇവിടുന്നു്. ഇല്ലെങ്കിൽ നിന്നെ..." ഞാൻ ഓടും, കളിക്കും. വൈകുന്നേരാവുമ്പൊ പനിയുമില്ല്യ തലവേദനേം ഇല്ല്യ.

ഗൗരിയമ്മ: ഇപ്പൊ നിങ്ങടെ വയസ്സുകാലത്തോ?

ശ്രീധരൻനായർ: (ചിരിക്കുന്നു.) ഹാ ഹാ അതെ, ഞാൻ വയസ്സനാ. പടുകിഴവനാ! നീ പിന്നെ പേരും മാറി വീണ്ടും കന്യകയായിരിക്കുകയല്ലേ? കുമാരി ഗൗരി! കുട്ടികളെ ഒക്കെ കെട്ടിക്കൊടുക്കേം ചെയ്തു. ആണിനെയൊക്കെ ആപ്പീസിലെ മേശയ്ക്കും കസേരക്കുമാ കൊടുത്തതു്. പെണ്ണിനെയൊക്കെ പട്ടുസോഫയ്ക്കും അർത്ഥമില്ലാത്ത തുന്നൽവേലയ്ക്കും, പൂച്ചക്കുഞ്ഞിനേം പട്ടിക്കുട്ടിയേം ഉമ്മ വയ്ക്കാനും. അതുങ്ങൾ ഇവിടുന്നു പോയേപ്പിന്നെ തിരിഞ്ഞു നോക്കീട്ടില്ല. നിനക്കു കന്യകയാന്നു നടിക്കാനെന്താ വിഷമം?

ഗൗരിയമ്മ: അതെ ഞാൻ കന്യക, നിങ്ങൾ ബ്രഹ്മചാരീം. തൻെറ കുട്ടിക്കാലത്തെപ്പററി എപ്പോഴും പ്രസംഗിക്കുന്ന കൊച്ചുകിഴവൻ. നൂററഞ്ചു ഡിഗ്രി പനിയുള്ളപ്പോൾ പതിനഞ്ചു പച്ച നേന്ത്രപ്പഴം തിന്നു പനി മാററിയ വീരൻ.

ശ്രീധരൻനായർ: ചിരിച്ചതും കളിച്ചതും കൊണ്ടോ കളിപ്പിച്ചതുകൊണ്ടോ സത്യം കള്ളമാവുകയില്ല. നിൻെറ കുട്ടികൾ എങ്ങനെയായിരുന്നുവെന്നു് ആലോചിക്കു. എപ്പോഴും അവക്കു് സുഖക്കേടേ ഉണ്ടായിരുന്നുള്ളു. ഓടിനടക്കണ കുട്ടിയെ വിളിച്ചു നീയ് തല തൊട്ടു നോക്കി, "ഉണ്ണീ, നിനക്കു കുറേശ്ശെ പനിയുണ്ടു്. പോയി കിടക്കു" എന്നു പറയും. "അമ്മേ എനിക്കു് ഒന്നുമില്ല" എന്നു പറയുന്നവനെ പിടിച്ചു കിടക്കയിൽ കിടത്തും. അനങ്ങാൻ സമ്മതിക്കുകയില്ല. വൈകുന്നേരത്തു് അവനു പനിവന്നു. വിളിച്ചാൽ വരാത്ത ദുരഭിമാനിയല്ല പനി. പാവത്തിനു് അന്നു തിളപ്പിച്ചു് ആററിയ വെള്ളമല്ലാതെ ആഹാരമൊന്നുമില്ല. ഫലം,

പിറേറദിവസം കാലത്തേക്കു പനി നൂററിമൂന്നു്. അതോ ആയിരത്തിഎഴന്നൂററിമുപ്പത്തിയഞ്ചോ?

ഗൗരിയമ്മ: അപ്പൊ ഞാനാ ഈ വേലക്കാരിപ്പെണ്ണിനു സുഖക്കേടുണ്ടാക്കണേന്നാ പറയുന്നതു്?

ശ്രീധരൻനായർ: അല്ല, അവളുടെ കാര്യത്തിൽ നീ എൻെറ അമ്മയാ. "പോടീ, നിനക്കൊന്നൂല്യ" എന്നേയുള്ളൂ എപ്പോഴും.

ഗൗരിയമ്മ: അവളുടെ കാര്യത്തിൽ നിങ്ങൾ എൻെറ കുട്ടികളുടെ അമ്മേം ആണു്. "പെണ്ണേ, പോയി കിടക്കു, നിനക്കു പനിയുണ്ട്" എന്നു പറയുന്ന എൻെറ കുട്ടികളുടെ അമ്മ.

ശ്രീധരൻനായർ: നിനക്കു ഞാൻ ഈ വീട്ടിൽ വേലക്കാരിയെ നിർത്തുന്നതു് ഇഷ്ടമല്ല, അതാണു് സത്യം.

ഗൗരിയമ്മ: നിങ്ങൾക്കു് ഈ വീട്ടിൽ വേലക്കാരനെ നിർത്തുന്നതു് ഇഷ്ടമല്ല, അതാണു് സത്യം.

ശ്രീധരൻനായർ: എന്നാ ഇനി പണ്ടത്തെ സുൽത്താന്മാരുടെ അന്തപ്പുരങ്ങളിലെപ്പോലെ നപുംസകങ്ങളെ നമുക്കു് അന്വേഷിക്കാം. തിരഞ്ഞിട്ടു കിട്ടിയില്ലെങ്കിൽ ഉണ്ടാക്കാൻ ശ്രമിക്കാം.

ഗൗരിയമ്മ: യാതൊന്നും പഠിച്ചിട്ടില്ലാത്ത വിദ്വാൻ, സ്കൂളിൽനിന്നും വീട്ടിൽനിന്നും പത്തു വയസ്സിൽ ഓടിപ്പോയ മാന്യൻ, ചരിത്രമറിയാമെന്നു നടിച്ചുകൊണ്ടു വരാ എൻെറയടുക്കെ. ഞാൻ പത്താംക്ലാസ്സുവരെ പഠിച്ചതാ. നപുംസകത്തിനെ അന്വേഷിക്കാം പോലും, എന്നെ കാക്കാൻ.

ശ്രീധരൻനായർ: ന്നാ വേണ്ട. നമുക്കു വേലക്കാരെ വേണ്ട.

ഗൗരിയമ്മ: ന്നു വച്ചാൽ ഞാൻ വേലക്കാരിയാവണമെന്നർത്ഥം.

ശ്രീധരൻനായർ: അതു മാത്രമല്ല. ഞാൻ വേലക്കാരനാവണമെന്നും.

ഗൗരിയമ്മ: അതെ ഞാൻ അവിടത്തെ വേലക്കാരി. അവിടുന്ന് ഇവിടത്തെ ഈ എന്റെ വേലക്കാരൻ. വീട്ടിലിരിക്കാത്ത വേലക്കാരനെക്കൊണ്ട് എന്തു പണിയാ എടുപ്പിക്കുക? അതു പറയൂ. ആരെന്തൊക്കെ ഭംഗിവാക്കു പറഞ്ഞാലും പണിയെടുക്കാൻ ഞാൻ മാത്രമേ ഉണ്ടാവുള്ളൂ.

ശ്രീധരൻനായർ: എല്ലാവരുടേയും വിചാരം ഇതാ. ഞാൻ മാത്രമേ പണിയെടുക്കുന്നുള്ളൂ, ഞാൻ മാത്രമേ പണിയെടുക്കുന്നുള്ളൂന്ന്. പണിയെടുക്കാണ്ടാ ഈ പുതിയ വീട്ടും അഞ്ഞൂറുപറ പാട്ടത്തിനുള്ള ഭൂമിയുമൊക്കെ ഉണ്ടായതു്? വീട്ടീന്നും സ്ക്കൂളീന്നും ഓടിപ്പോയി ചായപ്പീടികയിൽ വേലക്കാരനായിനിന്ന ഈ ചെക്കനു്? സുന്ദരിയായ നിന്നെ സമ്പാദിച്ചതുകൂടി ഞാൻ എല്ലുമുറിയെ പണിയെടുത്തു കൊണ്ടാ; ഈ കറമ്പൻ, വക്ത്തില്ലാത്ത മുഖക്കാരൻ.

ഗൗരിയമ്മ: ദേഷ്യപ്പെടല്ലേ! ഞാൻ സാധുവാണേ.

ശ്രീധരൻനായർ: ദേഷ്യക്കാൎക്കു പണമുണ്ടാവ്വോ? എനിക്കു ദേഷ്യം വന്നാൽ എത്ര ഭംഗിയായിട്ട് അതു മിഴുങ്ങാൻ അറിയാമെന്നോ! നല്ലൊരു പുഞ്ചിരിയും കൂട്ടിയാ ഞാൻ മിഴുങ്ങുക. മിഴുങ്ങിക്കഴിഞ്ഞാലും കുറച്ചു പുഞ്ചിരി ചുണ്ടത്തു പററിയിരിക്കുന്നുണ്ടാവും, മററുള്ളവൎക്കു കണ്ടു നുണയാൻ.

ഗൗരിയമ്മ: മണ്ടമ്മാരാ ആ പുഞ്ചിരികണ്ടു നുണയുക.

ഞാൻ കാണണതു ദേഷ്യമാ. ദേഷ്യമില്ലാത്തവൻെറ നൂലിട്ടാൽ മുട്ടാത്ത ദേഷ്യക്കയം.

ശ്രീധരൻനായർ: ദേഷ്യം ദേഷ്യം എന്നു പറഞ്ഞു് എന്നെ ദേഷ്യപ്പെടുത്താനാവില്ല നിനക്കു്...നീ പോയി ആ പെണ്ണിനെങ്ങനെയിരിക്കുന്നൂന്നു നോക്കു്.

ഗൗരിയമ്മ: സാധിക്കുല്ലാ. അവൾക്കു സുഖക്കേടൊന്നുമില്ലെന്നു പറഞ്ഞില്ലേ ഞാൻ? അവൾക്കു സുഖക്കേടൊന്നുമില്ലാത്തതിന്റെ സുഖക്കേടാ.

ശ്രീധരൻനായർ: പോടി.

ഗൗരിയമ്മ: പോടീന്നൊന്നും പറയണ്ട. പ്രായമായാ പെണ്ണുങ്ങളെ കെട്ടിക്കൊടുക്കണം.

ശ്രീധരൻനായർ: പെണ്ണുങ്ങളുടെ വൈദ്യപുസ്തകങ്ങളിലൊക്കെ കാണുന്നതു് ഒന്നു മാത്രം. കല്യാണംകഴിക്കാത്ത പെണ്ണുങ്ങൾക്കുണ്ടാവുന്ന സുഖക്കേടൊക്കെ കല്യാണം കഴിക്കാത്തതൊന്നുകൊണ്ടു മാത്രമാണെന്നു്. സുഖക്കേടു് ടൈഫോയ്ഡായാലും ക്ഷയമായാലും ഭ്രാന്തായാലും കോളറയായാലും. എൻെറ വൈദ്യശാസ്ത്രവിദുഷീ, ഡോക്ടർ ഗൗരി, കല്യാണം കഴിയുന്നതുവരെ സുഖക്കേടു് എന്തായാലും കല്യാണം കഴിഞ്ഞാൽ അതു് ആയിരമിരട്ടിയാ. കല്യാണം കഴിയുന്നതുവരെ സുഖക്കേടു് ഒന്നാണെങ്കിൽ കഴിഞ്ഞാൽ ആയിരത്തൊന്നാ. അതുംകൂടി നിൻെറ പുസ്തകത്തിൽ എഴുതിച്ചേർക്കു്.

ഗൗരിയമ്മ: എനിക്കു് എഴുതിച്ചേർക്കേംവേണ്ട തുന്നിച്ചേർക്കേംവേണ്ട. എന്നെക്കൊണ്ടു് അവളുടെ കാലു തിരുമ്മാനും കയ്യു തിരുമ്മാനും നെഞ്ഞത്തു ചൂടുപിടിക്കാനും ഇതൊക്കെ കഴിഞ്ഞിട്ടും പൂട്ടാത്ത വായടയ്ക്കാനും നില്ക്കാത്ത കണ്ണുനീരു തുടയ്ക്കാനും സാധിക്കില്ല...അവൾക്കു

സുഖക്കേടില്ലാത്തപ്പോൾത്തന്നെ ഞാൻ വേലക്കാരിയുടെ വേലക്കാരിയാ.

"പുറത്തു വച്ചേയ്ക്കുണ പാത്രമൊന്നു തേയ്ക്കാമോ? ഇന്നാളികേരമൊന്നു് അരച്ചു സഹായിക്കാൻ സമയമുണ്ടോ?" എന്നൊക്കെ അടുത്തുചെന്നു് ഓച്ഛാനിച്ചു നിന്നു ചോദിക്കുന്ന വേലക്കാരി. കാലത്തു ഞാൻ അവളുടെ മുറിയുടെ അടുക്കൽച്ചെന്നു വാതിൽമുട്ടി പള്ളിയുണർത്തണം. എന്നിട്ടു കാപ്പി കുടിപ്പിച്ചു ജോലി തുടങ്ങാൻ ദയവുണ്ടാവാൻ പ്രാർത്ഥിച്ചു നില്ക്കണം. അപ്പോഴായിരിക്കും അവൾ കല്പിക്കുക: "എനിക്കു സുഖമില്ലെ"ന്നു്. പിന്നെ എനിക്കു് അവളെ ശുശ്രൂഷിക്കേണ്ട ജോലിയും കൂടി ആയി. ഇതൊന്നും എന്നെക്കൊണ്ടാവുല്ല.

ശ്രീധരൻനായർ: ശരിയാ നീ പറയണതു്. വേലക്കാർ വന്നാൽ വീട്ടിലുള്ളവരൊക്കെ അവരുടെ വേലക്കാരായി. ഞാൻ എത്ര തവണ ഈ ശാരദപ്പെണ്ണിനേം കൊണ്ടു് ഡോക്ടറെ കാണാൻ പോയി, അവളെ പരിശോധിപ്പിച്ചു! അവർ സുഖക്കേടൊന്നും കണ്ടില്ല. ന്നാലും അവൾക്കു സുഖക്കേടാണുതാനും. ഞാനും തോററു. ന്നാലും അവൾ ചീത്തയല്ല.

ഗൗരിയമ്മ: ആരാ പറഞ്ഞതു് അവൾ ചീത്തയാണെന്നു്? ഞാനാ ചീത്ത.

ശ്രീധരൻനായർ: അതു ഞാൻ പറഞ്ഞോ? നീ ഇന്നു് എത്ര മണിക്കുറാ അവളുടെ മുറിയിൽ പോയിരുന്നു് അവളെ ശുശ്രൂഷിച്ചതു്! നിനക്കിങ്ങനെ വേണ്ടിവന്നല്ലോ, ന്നാലോചിക്കുമ്പോ നിനക്കു സങ്കടോം ദേഷ്യോം ഒക്കെ വരുണു. അത്രേള്ളൂ. ഏതായാലും ഒന്നുകൂടി അവളുടെ അടുത്തേക്കു ചെല്ലു. അവളുടെ അമ്മ

ഇപ്പോ വരും അലറിക്കൊണ്ട്. എത്ര നോക്കിയാലും നോക്കിയില്ലാന്നേ പേരുണ്ടാവൂ. അവൾ വരുമ്പോ നീയുണ്ടാവണം, നല്ലവാക്കുകൊണ്ടു സമാധാനിപ്പിക്കുവാൻ. അവളും സാധുവാ, വായിൽ നാക്ക് വല്ലാത്തതാണെങ്കിലും.

[തിരശ്ശീല]

## രംഗം രണ്ട്

[ഒരു ചെറിയ പഴയ വീട്ട്. പല ഭാഗങ്ങളും ഇടിഞ്ഞുപൊളിഞ്ഞു പോയിട്ടുണ്ട്. നടുവിൽ കഷ്ടിച്ചുപയോഗിക്കാവുന്ന ഒരു മുറി. അതിന്റെ ഒരു മൂലസ്ഥൽ അടുപ്പ്. ഒരു പുറത്ത് രണ്ടുമൂന്നു പായ ചുരുട്ടിവെച്ചിരിക്കുന്നു.

സമയം: ഉച്ച.

കറുത്തു ചടച്ച് അധികം പൊക്കമില്ലാത്ത ഒരു സ്ത്രീ (പാപ്പി) ധൃതിയായി (ജോലികഴിഞ്ഞു വരികയാണ്) വീട്ടിലേക്കു കയറിവരുന്നു. മുഖം പ്രസന്നമല്ല. വയസ്സ് ഏകദേശം 55. അടുപ്പിന്നടുത്ത് ഏകദേശം 80 വയസ്സായ (പല്ലൊന്നും പോയിട്ടില്ല.) കുറച്ചുകൂടി വെളുത്ത, പക്ഷെ, അതിലും ചടച്ച ഒരു സ്ത്രീ (കാത്തു) ഇരിക്കുന്നു, മുറുക്കിക്കൊണ്ട്.]

**പാപ്പി:** അമ്മേ, അവര് അവളെ കൊല്ലും. തീർച്ചയാ. എമ്പോക്കിരികള്!

**കാത്തു:** പാപ്പീ, നോക്കിക്കോ, അവര് അവളെ കുഴിച്ചിട്ടുകേം ചെയ്യും. കുഴിതോണ്ടികള്!

**പാപ്പി:** കുഴിച്ചിടേ! അമ്മേ, അവര് അവളെ ജീവനോടെ അടുപ്പിലിട്ടു പൂത്തി ദഹിപ്പിക്ക്യാ ഉണ്ടാവുക, ചുടലമാടന്മാര്!

**കാത്തു:** പോടീ, കുഴിച്ചിടേണ്ടാവുള്ളൂ. ആ പിശുക്കന്മാ

രുടെ അരക്കന്മാരു് വിറകുനഷ്ടപ്പെട്ടത്തോ? ചാരം നഷ്ടപ്പെട്ടത്തോ? നിനക്കു് ഇനിയെന്നാ ബുദ്ധിയുണ്ടാവാൻ പോണേ മുത്തീ? കുഴിച്ചിട്ട മീതെ ഒരു വാഴേം വെച്ചും. വേലക്കാരിയെ ശിക്ഷിക്ക്യേം ചെയ്തു. അട്ടത്ത വേലക്കാരിയെ കുഴിച്ചിടാറാവുമ്പോഴേക്കു് ഈ വാഴേന്നു പഴോം ആയി. എന്നിട്ടാ എൻെറയട്ടകെ ദഹിപ്പിക്ക്യേള്ളൂന്നു പറയണേ, മണ്ടിക്കോതേ!

പാപ്പി: തൊണ്ണൂറു വയസ്സായിട്ടും നരച്ചിട്ടും കുരച്ചിട്ടും വിറച്ചിട്ടും അമ്മ മര്യാദ പഠിച്ചിട്ടില്ലല്ലോ. അമ്മ! കുമ്മയാ! കാത്തുവമ്മയല്ല; കാത്തുകുമ്മ. ഞാൻ മണ്ടിക്കോതയാണത്രേ. അമ്മ ചണ്ടിക്കാളിയാ.

കാത്തു: എന്താടീ നീ പറയണേ? എനിക്കു തൊണ്ണൂറു വയസ്സായിയെന്നോ? കഷ്ടിച്ചു് എമ്പത്തിമൂന്നായി. ഒരൊററ പല്ലു പോയിട്ടുണ്ടോന്നു നോക്കു്. നിന്നെ കടിച്ചു കീറി കാന്തതിന്നാൻ ഇന്നും അവസ്ഥ ശക്തിയുണ്ടു്. എനിക്കു വിശപ്പും ഉണ്ടു്. തൊണ്ണൂറു വയസ്സായിപോലും! നിനക്കു കണക്കു പിടിക്കാൻ അറിയോടീ, പട്ടിക്കുട്ടീ? ഞാനല്ലേ നിന്നെ പഠിപ്പിച്ചേ? നിനക്കു് അറിഞ്ഞുകൂടാ. എനിക്കറിയാം. എൻെറ തല നരച്ചുപോലും. നിൻെറ നരച്ചില്ലായിരിക്കും, എഴപത്തിമൂന്നു വയസ്സായ ശിങ്കാരീടെ! നിൻെറ മോളടേം നരച്ചൂടി, അവരു കുഴിച്ചിടാൻ പോണ നിൻെറ പൊന്നുമോളടെ. അവളെ കുഴിച്ചിടണം.

പാപ്പി: എനിക്കു് എഴപത്തിമൂന്നു വയസ്സോ? അമ്മയ്ക്കു് എൺപത്തിരണ്ടും. അപ്പോ അമ്മ ഒമ്പതു വയസ്സിൽ പ്രസവിച്ചോ!

കാത്തു: പോടീ, നിൻെറയൊരു കണക്കു്. ഇപ്പോഴത്തെ പെണ്ണുങ്ങളെപ്പോലെ ഞങ്ങൾ പിറന്ന അയ്മ്പതു

വയസ്സിലല്ലേ പ്രസവിക്കാറ്? പ്രസവിക്കയല്ല, കീറി മുറിച്ചെടുക്കാ. വയറു കീറി പ്രസവിക്ക്യ; മാറു കീറി മുല കൊടുക്കാ. അതോ പൊടികലക്കി കുപ്പീലാക്കേം? എടീ ഞങ്ങൾക്കൊക്കെ കുപ്പി ദൈവം തന്നിട്ടുണ്ടായിരുന്നു. ഇപ്പോഴും അവിടെ കിടപ്പുണ്ട്, ഒഴിഞ്ഞതാണെങ്കിലും. നിനക്കോ, നിൻെറ കരിങ്കാളി മകൾക്കോ?

പാപ്പി: രാവും പകലും എല്ലു മുറിയെ പണിയെടുപ്പിക്ക്യ. എന്നിട്ടു പട്ടിക്കു കൊടുക്കണ എല്ലും മുട്ടീം കൂടി തിന്നാൻ കൊടുക്കാണ്ടിരിക്ക്യ. എങ്ങനെയാ തലേം മുലേം ഒക്കെ ഉണ്ടാവണേ? അവളുടെ ജീവൻതന്നെ കിടക്കണതാ അത്ഭുതം. അവരു കൊല്ലേ ഉള്ളൂ അവളെ.

കാത്തു: അവർ അവളെ കുഴിച്ചിടേം ചെയ്യും.

പാപ്പി: ഉവ്വ്, കുഴിച്ചിട്ടും; താഴ്ത്തി കുഴിച്ചിട്ടും. പട്ടി മാന്തി തിന്നാണ്ടിരിക്കാൻ വാഴേം വെയ്ക്കും.

കാത്തു: ശരിയാ നീ പറയണേ, മോളേ! അവർ പിന്നെ വിറകില്ലാണ്ടാവുമ്പൊ കുഴി മാന്തി കയ്യും കാലുമൊക്കെ എടുത്തു കത്തിക്കേം ചെയ്യും. മോളേ, അപ്പോ നീ പറഞ്ഞ ദഹിപ്പിക്കലും ആയില്ലേ? പാവം, വേലയെടുക്കണ പെണ്ണിനെ ഇങ്ങനെ മനുഷ്യരാരെങ്കിലും ചെയ്യോ, എൻെറ പൊന്നുമോളുടെ മോളെ!

പാപ്പി: നമ്മുടെ ശാരദക്കുട്ടിയെ.

കാത്തു: നമ്മുടെ ചക്കരക്കുടമായ ചാരക്കിടാവിനെ.

പാപ്പി: ഇന്നലെ ആ ഗൗരിയമ്മ അവളെ വാതിലിൻെറ ഇടയിൽ വെച്ച് അമുക്കി ഞെരിച്ചെന്നേ. ഒരൊററ എല്ലു പൊടിയാണ്ടില്ല. നമ്മള് അടുത്തു കിടക്കണ്ണ്ടെന്നൊരു വിചാരോന്നുമില്ല അവൾക്ക്. നമ്മൾ

സാധുക്കളല്ലേ? ആ കഴവേറീടെ മോളുടെ കയ്യു വാതം പിടിച്ച് അനങ്ങാണ്ടാവട്ടെ, ശവത്തിൻെറ!

കാത്തു: മിനിയാന്നല്ലേ അവളെ ചോറിൽ കല്ലു കടിച്ചതിനു് ആ ദുഷ്ടൻ ചീതരൻനായര് മലത്തിക്കിടത്തി മാറിൽ അമ്മിക്കല്ലു് എടുത്തു വെച്ചതു്, 'എടീ നിനക്കു കല്ലിഷ്ടാണെങ്കിൽ ഈ കല്ലു തിന്നു്' എന്നു പറഞ്ഞു്.

പാപ്പി: ആ യമഘാതകനു് ഇടിവെട്ടുകൊള്ളും. നോക്കിക്കോട്ടെ. അവനെ ദഹിപ്പിക്കാൻ വിറകു വേണ്ടിവരില്ല. ചാരമായിട്ടു്, കരിംചാരമായിട്ടു്, തൊടുമ്പോഴേയ്ക്കും അവൻ പൊടിഞ്ഞുപോവും.

കാത്തു: നാലൊന്നാളല്ലേ, എന്തോ പറഞ്ഞതിനു ചാര മറുപടി പറഞ്ഞില്ലെ, എന്നു പറഞ്ഞു ഗൗരിയമ്മേം അയാളും കൂടി അവളുടെ വായില്യ് പഴയ ഒരു ചെരുപ്പ് കുത്തിയിറക്കി പിടിച്ചുവച്ചുകൊണ്ടിരുന്നതു്?

പാപ്പി: അതേന്നു്? അതുങ്ങടെ രണ്ടിൻേറം നാവു പുഴുത്തുപോവും. അവരുടെ കവിളത്തു കവിൾവാർപ്പു വരും. അവരുടെ ചെരിപ്പിടണകാലില്യ ലോറി കേറും. ഞാനിതൊക്കെ ഇന്നലെ അവരോടു നേരിട്ടു പറഞ്ഞു. അവരു കുടുംബക്കാരാണുപോല്യം! ചെററകള്. നരകക്കുഴിയില്യം, ഇതില്യം വലിയ ദ്രോഹികളെ കാണുല്ല. എങ്കില്യം ഞാൻ പറഞ്ഞു അവരെ; മതിയാവോളം പറഞ്ഞു. നാണോം മാനോം ഉള്ളതാണെങ്കിൽ, തൂങ്ങിച്ചാവാൻവേണ്ടതൊക്കെ പറഞ്ഞു. എന്നിട്ടു് അവരെന്താ പറഞ്ഞെന്നോ?

കാത്തു: എന്താ പറഞ്ഞേ? എന്തു പറഞ്ഞാലെന്താ, ആ ചെകുത്താൻെറ മക്കള്. എങ്കില്യം എന്താ പറഞ്ഞേ?

പാപ്പി: ചാര, അല്ല, ശാരദ ഒരു ജോലിയും എടുക്കണി

ല്ലാന്നു്. എപ്പൊ വിളിച്ചാലും അവളെ കാണൂല്ല്യാത്രെ. കണ്ടാലോ സുഖോല്ലാണ്ടെ കിടപ്പാ. അവൾക്കെപ്പോഴും തലവേദന, പുറംവേദന, പള്ളവേദന, കാലുവേദന, പുകഞ്ഞുതികട്ടല്യ്, നെഞ്ചിടിപ്പ്, ഒരു വയ്യായ, ഒരു വേണ്ടായ ഇങ്ങനെയൊക്കെയാണത്രെ. എന്നാൽ ഉണ്ണാൻ പോയിരുന്നാൽ എട്ടു കിണ്ണം ചോറുണ്ണും. രണ്ടു കൽച്ചട്ടി കൂട്ടാൻ കുടിക്കും. അഞ്ചു റാത്തൽ മാംസവും നാലു ബ്രാലും വേണം ഒരിടനേരത്തിന് എന്നാ പറയണേ. ഇതൊക്കെ കൊട്ടത്തുണ്ണുണതാ. കട്ടുതിന്നണതിനു കണക്കില്ല. എല്ലാം വെച്ചുണ്ടാക്കണതു ഗൗരിയമ്മ, തിന്നു മുടിക്കണതു ചാര, അല്ല, നമ്മുടെ ശാരദക്കുട്ടി. എന്നാൽ തീററ കഴിയുമ്പോഴേയ്ക്കും ക്ഷീണായി. ശ്വാസംമുട്ടലും വിശക്ലും തീർക്കാൻ ഗൗരിയമ്മേം ശ്രീധരൻനായരും ഒത്തു ശ്രമിക്കണം. ഒരാള് വീശിയും മറേറയാള് വെള്ളം തളിച്ചും, വെള്ളം കുടിച്ചും, കുടിപ്പിച്ചും. "കൊണ്ടുപോടീ നിന്റെ മോളേ"ന്നു പറഞ്ഞു് ആ ഗൗരിയമ്മ എന്റെ മേത്തേയ്ക്കൊരു ചാട്ടം. "പോടീ" എന്നു പറഞ്ഞു് ശ്രീധരൻനായർ അവളെ—ചാരയെ—ഒരു തള്ളു്. "കൊണ്ടുപോവാം. ഞാൻ തന്നപോലെ എന്റെ മോളെത്തരണം" എന്നു ഞാനു്. "ഇടിച്ചു ചതച്ചു് എല്ലും തൊലിയുമാക്കിത്തരണോ?" എന്നു ഗൗരിയമ്മ. "അവൾ തിന്ന ചോറിന്റേം അവൾ കുടിച്ച മരുന്നിന്റേം കാശു മുഴവൻ തരാണ്ടെ വിടൂല്ലേ"ന്നു ശ്രീധരൻനായർ. അയാൾക്കു് ആശുപത്രിക്കു നടന്നതിന്റെ കൂലീം കൂടി വേണംപോലും. ആ കൂലിക്കാരൻ കഴവേറിക്കു്. അവൻ ആശുപത്രീന്നു നടന്നു ചീത്തയാക്കിയ റോഡു നന്നാക്കാൻ മുനിസിപ്പാലിററിക്കും കൂടി പണംകൊട്ട

ത്തിട്ട വേണായിരിക്കും എന്റെ മോളെ എനിക്കു കൊണ്ടുവരാൻ. അവൻ ചത്താലേ ഞാൻ എന്റെ മോളെ കൊണ്ടുവരുള്ളു. ഇല്ലെങ്കിൽ കൊട്ടത്തപോലെ തരട്ടെ, പതിനാറു വയസ്സായ എന്റെ ശാരദക്കുട്ടിയായിട്ട്.

കാത്തു: അവൾക്കു ഇരുപതു വയസ്സായി അല്ലേ? കണ്ടാൽ നാല്പതു വയസ്സായീന്നു തോന്നും. വല്ലാണ്ടു തടിച്ചു പോയി.

പാപ്പി: തടിയോ? മുഴുവൻ നീരാ, ദ്ന്നീര്. അടിച്ചും ചതച്ചും ചവിട്ടീയും വന്ന നീരാ. അവൾക്കു് അനങ്ങാൻ വയ്യാ, അവർ മരുന്നു കൊട്ടത്തു മരുന്നു കൊട്ടത്തു്. വല്ല വിഷോം കലക്കണുണ്ടാവും മരുന്നെന്നും പറഞ്ഞു്. പിന്നെ വല്ല ഗർഭോറ്റെ ഉണ്ടോ ആവോ, ആക്കറിയാം! 'കുടുംബ'ക്കാരെ വിശ്വസിച്ചു കൂടാ. കുരുത്തംകെട്ട ജാതികളാ.

കാത്തു: ഏടീ, ഞാൻ കുടുംബക്കാരിയാ. നീ അല്ലെങ്കിൽ വേണ്ട. എന്റെ ആളുകളെ പറഞ്ഞാലേ! നീയും മകളും കൂലിവേലക്കു പോയി തുലഞ്ഞു. ഞാൻ പോയിട്ടില്ല. പോവ്വേം ഇല്ല.

പാപ്പി: അമ്മ പഴയ കുടുംബക്കാരിയാ. നമ്മളൊക്കെ അതെ. ഇതുങ്ങളു് ഇന്നലെ പെയ്ത മഴക്കു് ഇന്നു മുളച്ച തകരയല്ലേന്നു്? പെര ഓടിട്ടാ കുടുംബാവോ? അവന്റെ ഓടിട്ട വീട്ട്! ഞാൻ അവന്റെ പെരക്കു തീ വക്കും, ആ ഓടൊക്കെ പൊട്ടിത്തെറിപ്പിക്കും.

കാത്തു: അവന്റെ തലയോട്ടും പൊട്ടിത്തെറിപ്പിക്കണം.

സുമനൻ: (നല്ല ആരോഗ്യമുള്ള ഒരു പതിനെട്ടുകാരൻ. ഒന്നുകൊണ്ടും പരിഭ്രമം ഇല്ല. സകലത്തിനേയും സ്വല്പം പുച്ഛമാണു്. അധികം വർത്തമാനം പറയില്ല, പറ

യുന്നതുതന്നെ അധികവും ആരോട്ടമായിട്ടല്ല. അയാൾ പത്തുക്കെ കടന്നുവന്നിട്ട്) അമ്മേ, ഓപ്പയ്ക്കു സുഖമില്ല്യാന്ന്. ശ്വാസംമുട്ടല്വണ്ടെന്ന്. ഓടിച്ചെല്ലണന്ന്.

പാപ്പി: ഞാൻ അപ്പോഴേ പറഞ്ഞില്ലേ അവൻ അവളെ കൊല്ലുംന്ന്. എന്റെ മകള്ള ചത്തേ! ചത്തേ! (മാറത്ത് അടിക്കുന്നു. ഉറക്കെ നിലവിളി കൂട്ടുന്നു.) അയ്യോ പോലീസുകാരേ, ജഡ്ജിമാരേ, ദേവതമാരേ, ആ കഴവേറികളെ തൂക്കിക്കൊല്ലണേ. ഓടിവന്ന് എന്നേം കൊല്ലണേ. എനിക്ക് ഇനി ഇരിക്കണ്ട. (തല ചുമരിന്മേൽ ഇടിക്കുന്നു.)

കാത്തു: നാട്ടുകാരേ, കുടുംബക്കാരേ, അടുത്ത വീട്ടിലെ കാട്ടാളന്മാര് ഞങ്ങളെ ഒക്കെ കൊന്നേ! എന്നേം പാപ്പിയേം ചാരയേം. (സ്വന്തം കഴുത്തു പിടിച്ചു ഞെക്കുന്നു. ദേഷ്യപ്പെട്ടു സുമനനോട്) സുമാ, നീയെന്തെടാ ചാവാത്തത്? ഇപ്പോ ചത്തില്ലെങ്കിൽ ഞാൻ നിന്നെ കൊല്ലും.

സുമനൻ: (അട്ടപ്പിൽനിന്നു ഒരു വീടി കത്തിച്ചെടുത്തു വലിച്ചുകൊണ്ടു തെറുത്തുവച്ച പായയിൽ ഇരുന്ന്) ആദ്യം മുത്തി ചാവലുകഴിക്ക്.

കാത്തു: ഇല്ല, നിന്നെ കൊന്നിട്ടേയുള്ളൂ. (അവന്റെ അടുത്തേയ്ക്കു ചെല്ലുന്നു. കുറച്ചുനേരം ദേഹം നോക്കിനിന്നിട്ട്) എടാ, തടിയാ, നിനക്കു കഴുത്തില്ലല്ലോ. എവിടെ പിടിച്ചാ ഞെക്കണേ?

സുമനൻ: അമ്മ തല ചുമരിന്മേൽ മുട്ടി ഇടിക്കണതു കഴിയട്ടെ. ചുമരും വീടും വീണാ നമുക്കൊക്കെ ഒരുമിച്ചു ചാവാം. പക്ഷേ, വീഴുംന്നു തോന്നണില്ല. മുട്ടിന്റെ ശക്തി കുറയുന്നുണ്ട്. വേദനയെടുത്തുതുടങ്ങിയിരിക്കാം. വീടു വീണില്ലെങ്കിൽ മുത്തി അമ്മയുടെ കഴുത്തു

പിടിച്ചു ഞെക്കിയ്ക്കാന്നോളൂ. നല്ല കഴുത്താ. പൂട പോയ കോഴിയുടെ കഴുത്തുപോലെ ഇരിക്കുന്നുണ്ടു്.

പാപ്പി: (ചുമരിന്മേൽ നല്ലവണ്ണം ഒന്നു മുട്ടിയിട്ടു്) എന്തെടാ നീ പറഞ്ഞേ? ഞങ്ങളു രണ്ടുപേരും ചത്താ നിനക്കു് സുഖമായി, അല്ലേ? വീടൊഴിഞ്ഞുകിട്ടും. നിന്റെ ചക്കിയെ കെട്ടിക്കൊണ്ടു വരാം. നിനക്കു് ഇത്ര ശക്തി ഇല്ലായിരുന്നെങ്കിൽ പണ്ടേ നിന്നെ ഞാൻ കൊന്നുകളഞ്ഞേനേ.

സുമനൻ: ഇല്ലെങ്കിലല്ലേ?

പാപ്പി: എടാ, നിൻെറ ഓപ്പയല്ലേ ശ്വാസംമുട്ടിക്കിടക്കണേ? ഇതാണോ വീടി വലിക്കാൻ സമയം?

സുമനൻ: അതല്ലേ ഞാൻ വീടിപ്പോകകൊണ്ടു ശ്വാസം മുട്ടിച്ചാവാൻ നോക്കണേ!

പാപ്പി: എടാ, അവരു് അവളെ തല്ലിക്കൊല്ലുവാണു്. എന്നിട്ടും നിനക്കു് അങ്ങോട്ടു പോവ്വാൻ തോന്നണില്ല്യേ?

സുമനൻ: എന്താ, ഞാനും തല്ലിക്കൊല്ലാൻ കൂടണമെന്നു് അമ്മയ്ക്കു നിർബ്ബന്ധമാണോ?

പാപ്പി: എടാ, നിന്നെ പെററതിനു പകരം വല്ല വണ്ടിപ്പോത്തിനേം പെറായിരുന്നല്ലോ എനിക്കു്.

സുമനൻ: പെറായിരുന്നില്ലേ?

പാപ്പി: അവൾ അവിടെക്കിടന്നു ചാവാൻ ഞാൻ സമ്മതിക്കില്ല. ആ ചോരകുടിക്കുന്ന അസുരന്മാരുടെ അടുക്കെ. ഞാൻ ഇപ്പോൾ അവളെ പിടിച്ചു കൊണ്ടുവരും ഇങ്ങോട്ടു്. അവൾ നിൻെറ മുമ്പിൽക്കിടന്നു ചാവണം. നീ അവളെ കൊല്ലണം. അവളുടെ പ്രേതം എന്നിട്ടു് നിൻെറ ദേഹത്തു കേറിക്കൂടണം.

സുമനൻ: അങ്ങനെയാട്ടെ. അപ്പോ രണ്ടു ജീവനുള്ള

പ്രേതോം ഒരു ചത്ത പ്രേതോമായി എൻെറ തലയി ല്യ്. സാരമില്ല.

പാപ്പി: എടാ അറുകൊലേ!

കാത്തു: എടാ ചണ്ഡാല, എടാ ബ്രഹ്മരക്ഷസ്സേ!

പാപ്പി: ഞാൻ അവളുടെ അടുക്കലേയ്ക്കു പോവ്വാണ്.

കാത്തു: ഞാൻ എങ്ങും പോവില്ല. ഞാൻ കുടുംബക്കാരിയാ.

(പാപ്പി ഒരു രണ്ടാംമുണ്ടു് എടുത്തിട്ടു് ഓടിപ്പോവുന്നു, കരഞ്ഞുംകൊണ്ടു്. സുമനൻ വേറെ ഒരു വീടി എടുത്തു വലിക്കുന്നു. മുത്തശ്ശി ഉണങ്ങിയ വെററിലയും ഉണങ്ങിയ അടയ്ക്കയും ഉണങ്ങിയച്ചുണ്ണാമ്പും എടുത്തു മുറുക്കുന്നു. മുഖത്തു ശുണ്ഠി കുറയുന്നില്ല.

അണിയറയിൽ: "എൻെറ മകളെ ശ്രീധരൻനായരു കൊല്ലണേ! ഓടിവരണേ, എല്ലാരും ഓടി വരണേ! എൻെറ മകളെ ഗൗരിയമ്മ തിന്നണേ! ദയയുള്ളവരൊക്ക ഓടി വരണേ! അയ്യോ, അമ്മേ, അച്ഛാ, കൊടുങ്ങല്ലൂർ ഭഗവതിയേ, ഇതുങ്ങൾക്കു വസൂരി പിടിപ്പിക്കണേ!")

കാത്തു: (മുറുക്കു കൊണ്ടു കുറച്ചു ശാന്തമായി) അവളു വെളിച്ചപ്പെട്ടുകൊണ്ടാണല്ലോ പോണേ. അവരുടെ പടിക്കത്തു കടന്നിട്ടുപോരേ അവൾക്കു വിളിച്ചു നിലവിളിക്കാൻ? കുടുംബത്തിൽ പിറന്നവളല്ലേ?

സുമനൻ: ഇവിടന്നു തുടങ്ങിയാലേ അവിടെ ചെല്ലുമ്പോഴേയ്ക്കും ശാരീരം പൊങ്ങുള്ളു. പടി അത്ര അടുത്തല്ലേ? സമയം കിട്ടുകയില്ല.

കാത്തു: എൻ്റെ ശാരീരം എത്ര വേഗം പൊങ്ങിയിരുന്നെന്നോ! നല്ല തിരുവാതിരക്കളിക്കാരോടു ചോദിച്ചാലറിയാം എൻ്റെ ചെറുപ്പകാലത്തെ ശാരീരത്തിൻെറ ഗുണം. ഞാൻ കളിക്കാനുണ്ടെങ്കിൽ അഞ്ചുനാഴിക അടുത്തെങ്ങും ആണുങ്ങളുംകൂടി ഉറങ്ങാറില്ല തിരുവാതിര രാത്രി. ഇന്നും വലിയ മോശമല്ല.

സുമനൻ: ശരിയാ, ഇന്നും മുത്തി ഉറങ്ങുംവരെ അയൽപക്കക്കാൎക്ക് ഉറക്കം കഷ്ടിയാ. കളിയല്ല, കാൎയ്യമാണെന്നേയുള്ളു ഇപ്പോ.

കാത്തു: പാപ്പിയുടെ ഒച്ച മോശാ, എന്റെ മോളാണെങ്കിലും. എന്റെ ഒന്നാന്തരാ, നോക്കു. (പാടുന്നു.)

നാരദൻ പറഞ്ഞ വാക്കിനെ വെറുത്തു കംസൻ
ശീഘ്രമെഴുന്നേററു നടന്നു തിത്തരികിട തൈതെ തെ,
കുഞ്ഞിനെയെനിക്കു തരേണം മടിക്കരുതു്
കൊന്നുകളയില്ല ഞാനെടീ, തിത്തരികിട തൈതെ തെ.

(ശ്രദ്ധിച്ചിട്ടു്) നോക്കു, ഇപ്പോ ഒച്ചയൊന്നും കേക്കണില്ലല്ലോ.

സുമനൻ: അമ്മയാണെങ്കിലും, അവരുടെ പറമ്പിന്നകത്തു കടന്നാൽ ഒച്ച തന്നെ താണോളും. ആ ഗൗരിയമ്മ ഒന്നു ഭംഗിയായി മന്ദഹസിച്ചു്, നമ്പൂരിമാരുടെ അടുക്കൽനിന്നു കടം മേടിച്ച അഞ്ചാറു നല്ല വാക്കും പറഞ്ഞു്, കുറെ ചുട്ടകാപ്പിയും കുടിപ്പിച്ചുകഴിയുമ്പോഴേക്കും ഭദ്രകാളി മൂകാംബികയാവും. അതിനിടക്കു ശ്രീധരൻനായർ അതിലേ എങ്ങാൻ കടന്നുപോവും. അമ്മേക്കു് അതു മതി ആറു മാസത്തേക്കു ശാന്തിയുണ്ടാവാൻ. ആ പടിപ്പുരക്കു പുറത്തു കടക്കുന്നതു വരെയെങ്കിലും തിച്ച്. പിന്നെ മുത്തിയുടെ കാന്തശക്തിക്കായി ശക്തി. ശാരീരം പൊങ്ങിയേക്കാം.

കാത്തു: സുമനാ, നീയുംകൂടി പോവായിരുന്നില്ലേ? ചാരയെ എടുത്തുകൊണ്ടു വരണെങ്കിലോ? സഹായിക്കാൻ ആളു വേണ്ടേ?

സുമനൻ: പടിക്കൽ വരയേ എടുത്തുന്നു നടിക്കേണ്ടിവരുള്ളു. അതു കഴിഞ്ഞാൽ നടന്നോളും. പടിക്കൽവരെ

ഗൗരിയമ്മ എങ്ങനെയെങ്കിലും കൊണ്ടാക്കിക്കോളേം ചെയ്യും. ഏതു ശവത്തിനും എണ്ണീററ് അഞ്ചു മിനിട്ടു നടക്കാൻ മാത്രമല്ല ഓടാനുള്ള ശക്തികൂടി കൊടുക്കാനുള്ള മാധുര്യമുണ്ട് അവരുടെ നാക്കിന്.

കാത്തു: അല്ല, നീ പോവണ്ട. ഉടപ്പിറന്നവളെ ഉടപ്പിറന്നവൻ തൊടരുത്. എന്തു സുഖക്കേടാണെങ്കിലും തറവാട്ടുകാർക്ക് അതു പററൂല്ല.

(അണിയറയിൽ: "എട കൊലപാതകികളേ, എൻെറ മകളെ താ...എനിക്കു ശവത്തിനെ വേണ്ടാ. ജീവനോടുകൂടി തരണം...എനിക്കു നിങ്ങളെ ചുടണം.")

കാത്തു: പാപ്പി എന്തൊക്കെയാ കാട്ടിക്കൂട്ടാൻ പോണേ ആവോ! ഇനി പോലീസ്സുകാരേം നമ്മുടെ വീട്ടിൽ കേറേറാ?

സുമനൻ: മുത്തി മിണ്ടാതിരിക്കുന്ന്. ഇപ്പൊ അമ്മേം മകളും ഇവിടെ എത്തും. ആ വീട്ടിൽനിന്ന് ഈ വീട്ടിലെത്താൻ എത്ര സമയം വേണം? ഒരു മിനിട്ട്! ശ്രീധരൻനായർ അമ്മേ അവിടെ ഒരു നിമിഷം നിത്തൂല്ല. ഇപ്പൊ കേട്ടതു പുറത്തേയ്ക്കെത്തിയതിൻെറ ബഹളം ആയിരിക്കും.

(അണിയറയിൽ: "അമ്മ, ആവൂ! ഞാൻ ചത്തു. എനിക്കു മിണ്ടാൻ വയ്യ. ഹ്, ഹ്. [ദീർഘശ്വാസം. വീണ്ടും ദീർഘശ്വാസം.] ആവൂ!... ഹ് ഹ്. എൻെറ നെഞ്ചു പൊളിഞ്ഞു.")

(അമ്മയും മകളുംകൂടി, മകൾ അമ്മയുടെ ചുമലിൽ പിടിച്ചുകൊണ്ട്, പ്രവേശിക്കുന്നു. സുമനൻ അനങ്ങുന്നില്ല. ഒന്നിനും വയ്യാത്ത മുത്തി ഓടിച്ചെന്നിട്ട് "എൻെറ മോളേ" എന്നു പറഞ്ഞ് കെട്ടിപ്പിടിക്കുന്നു. അമ്മയും മകളും മുത്തിയും കൂടി ഒരുമിച്ചു നിലത്തുവീഴുന്നു.)

എല്ലാരുംകൂടി: അയ്യോ!

സുമനൻ: ഇതു വല്ലാത്ത തൊന്തരവായല്ലോ. (എല്ലാവരേയും പിടിച്ചെഴുന്നേല്പിക്കുന്നു.)

(ശാരദ മാത്രം വീണ്ടും വീഴുന്നു.)

ശാരദ: അമ്മേ, ഞാൻ ചത്തു. ഹാവൂ! ഹാവൂ! ഞാൻ ചാവ്വല്ലേ നല്ലതു്? വേഗം ചത്താൽ മതിയായിരുന്നു. എന്തിനാ ഇങ്ങനെയൊരു പെണ്ണ്, ഹാവൂ, ഹാവൂ, ജീവിച്ചിരിക്കണോ? അമ്മേ, അമ്മേ, അയ്യോ!

പാപ്പി: ചാരേ, നീയ്യ് അനങ്ങാണ്ട കിടക്ക്. നിനക്ക് ഒരു സുഖക്കേടും ഇല്ല. വീട്ടിൽ വന്നു കയറിയില്ലേ? ഇനി ഒക്കെ സമാധാനാവും. കുറച്ചുനേരം കണ്ണടച്ചുകിടക്ക്. അമ്മേം മുത്തിയേം വിചാരിച്ചു കിടക്ക്. ആ വീട്ടിലെ കാര്യമൊക്കെ മറക്ക്. ഇപ്പൊ സുഖാവും. വീട്ടാം അമ്മേം മുത്തശ്ശിയമ്മേം പോലെ മരുന്നുണ്ടോ മദിരാശി ആശുപത്രീപ്പോലും.

സുമനൻ: മണ്ടത്തരം!

പാപ്പി: എന്തെടാ?

ശാരദ: അമ്മേ, എന്റെ സുഖക്കേട മാറൂല്ല. ഹാവൂ! ഹാവൂ! ഞാൻ ചാവ്വേള്ളു. അയ്യോ! അയ്യോ! എനിക്ക ജീവിക്കണ്ട. അമ്മേം മുത്തിയേം വിചാരിക്കുമ്പൊ എനിക്ക വേദന കൂട്ടകയാ.

കാത്തു: നിനക്കെവിടെയാ വേദന? പറയ്. ഞാൻ തിരുമ്മാം. എന്റെ കയ്യ് നല്ല വക്കത്തുള്ളതാ. ഞാൻ എത്ര വേദനകളാ തിരുമ്മി മാററിയേക്കണേന്നോ. മണ്ണെണ്ണ ആ വിളക്കിൽ ഇത്തിരിയെങ്കിലും ഇല്ലേയെന്നു നോക്കു.

പാപ്പി: മണ്ണെണ്ണ നീരുവീഴ്ചയ്ക്കു നല്ലതാ.

സുമനൻ: അബദ്ധം.

ശാരദ: മുത്തീ, എന്റെ സുഖക്കേടിനു മണ്ണാ, മണ്ണെണ്ണയേക്കാൾ നല്ലതു്. മണ്ണിൽ നല്ലോണം താഴ്ത്തി കുഴിച്ചിട്ടേക്കു. എല്ലാ നീരും പോവും. നോക്കു, എന്റെ ചങ്കു

കിടന്നു പിടയ്ക്കുന്നതു്. എന്റെ ശ്വാസം ഇപ്പോ പോവും. പൊയ്ക്കോട്ടെ!

പാപ്പി: നീ ആ കള്ളന്റേം കള്ളീടേം കാര്യം മറക്കു്. നീ വീട്ടിലെത്തീന്നു വിചാരിക്കു്. നല്ലോണം കണ്ണടച്ചു വിചാരിക്കു്. പിടപ്പൊക്കെ അപ്പൊ നിക്കും. ദേ, ഞാൻ തിരുമ്മണതു സുഖാവണില്ല്യേ? നിനക്കു പേടിയാവണുണ്ടെങ്കിൽ എന്നെ കെട്ടിപ്പിടിച്ചോ. കുറേക്കൂടി ധൈര്യത്തിനു മുത്തീടെ കയ്യും പിടിച്ചോ.

സുമനൻ: ഭ്രാന്തു്!

ശാരദ: (കണ്ണുമടച്ചു കിടന്നിട്ടു്) അയ്യോ, ആവൂ! ശ്വാസം പോണില്ല. അമ്മേം അമ്മൂമ്മേം വീടിനേം ഒക്കെ വിചാരിക്കുമ്പൊ ഒട്ടും ശ്വാസം പോണില്ല. കയ്യിന്റെ ചെറുവിരലിമ്മേന്നാ ഒരു വേദന ഓടിക്കയറണതു്. അയ്യോ, അയ്യോ! അതു സഹിക്കണില്ല.

കാത്തു: ആ ദുഷ്ടനും പെണ്ണും കൂടി എന്തെങ്കിലും മന്ത്രവാദം ചെയ്തിട്ടുണ്ടാവും. നീ ഭഗവതിക്കു് രണ്ടു കുരുതി നേരു്. നേരന്നോ?

സുമനൻ: രണ്ടു തുക്കോം നേരു്. രണ്ടു നരബലീം നേരു്.

ശാരദ: നേർന്നു. എന്നിട്ടും ഒരു ഭേദോല്യ. ഹാവൂ, അയ്യോ!

പാപ്പി: നാ നമ്മടെ പരദേവതമാരെ വിചാരിക്കു്. നമ്മടെ കാരണോന്മാരു് ഈ പറമ്പിൽത്തന്നെയുണ്ടു്. അവരു നമ്മെ രക്ഷിക്കും. ഇതു് അവരുടേംകൂടെ വീടാന്നും വിചാരിക്കു്.

ശാരദ: ഈ വീടിനെപ്പററി വിചാരിക്കുമ്പോഴാ ഇപ്പൊ പ്രാണൻ പോവുന്നു് മാത്രമല്ല പോണെന്നു് തോന്നണേ. മുത്തിയുടെ കയ്യു് എന്റെ മേത്തുമുട്ടുമ്പൊ മേലൊക്കെ പെട്ടെന്നു വിറയ്ക്കുണു. അമ്മ കെട്ടിപ്പിടി

ക്കുമ്പോ കാലൻ വന്നു കെട്ടിപ്പിടിക്കണപോലെയാ തോന്നണേ.

സുമനൻ: ശരിയാ.

പാപ്പി: പോടാ, കുലദ്രോഹി. (തിരിഞ്ഞിട്ട്) എന്താടീ നീ പറയണേ? എൻെറ കയ്യു കാലൻെറ കയ്യാണെന്നോ? ഗൗരിയമ്മയുടെ കയ്യല്ലെ കാലൻെറ കയ്യ്?

ശാരദ: അവരു നല്ല കൂട്ടത്തിലാ. അവര് കാലനോ? എന്താ അമ്മ പറയണേ?

കാത്തു: അയ്യ! നല്ലോരു പെണ്ണിനെ നിനക്കു കണ്ടുകിട്ടിയല്ലോ. ഇനി ശ്രീധരൻനായര് മഹാബലിയാണെന്നും നീ പറയുമല്ലോ.

ശാരദ: അദ്ദേഹം യോഗ്യനാ. ഒരു കുറവും ഞാൻ കണ്ടില്ല അദ്ദേഹത്തിന്. പ്രത്യേകിച്ച് ഇവിടെ വന്ന് ആലോചിക്കുമ്പോ. ഇത്തിരി ദൂരെ നിന്ന് ആലോചിച്ചാലേ സത്യം മനസ്സിലാവുള്ളു.

സുമനൻ: വാസ്തവം.

പാപ്പി: എടാ, വാസ്തവച്ചെറോ, നിന്നോടെന്തു പറയണു? (തിരിഞ്ഞ്) പിന്നെ ഞങ്ങളാണോടീ അസത്തേ, നിന്നെ ചവുട്ടീം ഇടിച്ചും ശകാരിച്ചും പട്ടിണിക്കിട്ടും ചാവറാക്കിയതു്? ഞങ്ങളാണോ നിനക്കു ശ്വാസം മുട്ടലുണ്ടാക്കിയതു്?

ശാരദ: എന്നെ ആക്കും ഇഷ്ടമില്ല.

പാപ്പി: എന്താടീ നീ പറയണെ? നിന്നെ ആക്കും ഇഷ്ടമില്ലെന്നോ?

കാത്തു: എടീ, നന്ദിയില്ലാത്തവളേ, നിന്നെ എനിക്കു സമുദ്രംപോലെയല്ലേ ഇഷ്ടം? വെള്ളപ്പൊക്കംപോലേം. പിന്നെ ശ്രീധരൻനായക്കാ നിന്നെ ഇഷ്ടം?

ശാരദ: അദ്ദേഹം ധാരാളം സ്നേഹമുള്ള ആളാ. അദ്ദേഹം

ഗൗരിയമ്മയോടു പെരുമാറണ കാണണം. അയ്യോ. സഹിക്കില്ല. ഗൗരിയമ്മ പല്ലും കടിച്ചു ചാടിയാലും അദ്ദേഹം സൗമ്യമായിട്ട് ഒന്നു ചിരിച്ച് കവിളത്ത് ഒരു നല്ല കൊട്ടക്കയേ ഉള്ളൂ.

പാപ്പി: അതാ ഞാൻ പറഞ്ഞെ. ആ ഗൗരിയമ്മയാ കള്ളി. ദുഷ്ട! അവളെ പാമ്പിനെ തല്ലി കൊല്ലണപോലെ കടലാവണക്കും പത്തലുകൊണ്ടു തല്ലിക്കൊല്ലണം. എന്നിട്ട് ആ വടിയുടെ തലകൊണ്ട് അവളുടെ വായ തിക്കിത്തുറന്ന് അതിലിട്ട് അതു തിരിക്കണം. ആ വിഷപ്പല്ലൊക്കെ പൊട്ടിച്ചു കളയണം.

സുമനൻ: എന്റെ അമ്മയുടെ സ്വഭാവം ഒന്നാന്തരാ.

ശാരദ: അമ്മയ്ക്ക് എന്തൊക്കെയാ തോന്നണേ! ഗൗരിയമ്മ ചീത്തയൊന്നുമല്ല. അവക്കു വിഷപ്പല്ലുമില്ല. കുറച്ചു ശുണ്ഠിയുണ്ട്. അതു സാരമില്ല. അവക്കു ശ്രീധരൻനായരെയുള്ള സ്നേഹത്തിനു കണക്കില്ല. ഉള്ള സത്യം പറയാല്ലോ. അവരുടെ സ്നേഹം കണ്ടിട്ടാ എനിക്കു ശ്വാസം മുട്ടൽ തുടങ്ങിയതു്. (പെട്ടെന്ന്) അമ്മേ! അയ്യോ! ഹാവൂ...എന്റെ കാലിലെന്തോ ഉരുണ്ടു കേറുന്നു.

കാത്തു: കേറട്ടെ. നല്ലോണം കേറട്ടെ. മാറത്തു വരെ കേറട്ടെ. അവിടെ അവരുടെ സ്നേഹോം ഇവിടെ ഞങ്ങടെ സ്നേഹമില്ലായ്മേം കണ്ടിട്ടല്ലേ ഉരുണ്ടു കേറണേ? നന്ദിയില്ലാത്ത കുരുത്തംകെട്ടവള്.

പാപ്പി: അമ്മേ, അങ്ങനെ പറയരുതു്. മോളേ, നിന്നെ ഞങ്ങൾക്കൊക്കെ ഇഷ്ടാ. ഞങ്ങള് പട്ടിണി കിടന്നും നിനക്കു ചോറും കറിയും തരും. ഞങ്ങള് കട്ടിട്ടും നിനക്കു കാപ്പിയും പലഹാരവും തരും. ഞങ്ങള് ചരഞ്ഞിട്ടും ചതിച്ചിട്ടും നിനക്ക് ഉടുക്കാനും തേയ്ക്കാനും തരും. ഇവിടെ നിനക്ക് ഒരു സങ്കടോം വരില്ല്യ. ധൈര്യമായി

ട്ടിരിക്കു്. ഈ സുമനൻ വീടിവലി വിട്ടിട്ടുംകൂടി നിന്നെ രക്ഷിക്കും. ഇല്ലേ സുമാ?

സുമനൻ: തീർച്ചയായും ഇല്ല.

ശാരദ: അയ്യോ, അമ്മേ! ആവൂ! സുമനാ— (പെട്ടെന്നു ഭാവം മാറി. ചിരി. ഉറക്കനെ നില്ക്കാത്ത ചിരി. പാട്ടുപാടുന്നു.)

"കാട്ടിൻ നടുവിലെന്ന കാട്ടുജന്തുക്കൾക്കയ്യോ"

(ചിരിക്കുന്നു.) എനിക്കു പാട്ടുണ്ടു്, എൻ്റെ പാട്ടു കേൾക്കാൻ എത്ര പേരാ ഓടിണേന്നു നോക്കു. എത്ര യോഗ്യന്മാരാ വേലിക്കൽ പതുങ്ങിനിന്നു കേൾക്കണേ. എനിക്കു് ആണുങ്ങളെ കണ്ടുകൂടാ. കള്ളന്മാരു്, ഒക്കെ കാട്ടാളന്മാരാ. കേട്ടോ അവർ പാടണേ.

"താഴ്ച്ചവരാതെ വാഴ്ക തരുണി നീ എനിക്കുണ്ടു്
ചേർച്ച കൂടാതെ കെട്ടിച്ചമരും വച്ചൊരു വീടു്
വാഴ്ച നമുക്കവിടെ വനസുഖമാരറിഞ്ഞു,"

പോടാ, നിന്നെ ഞാൻ ശപിച്ചുകൊല്ലും. പോ. ഓട്ടു്. ഇല്ല. വരു. ഓടല്ലേ. (കരയുന്നു പിന്നെയും കരയുന്നു) എനിക്കു ഭംഗിയില്ലേ? ഇല്ല. പണമില്ലേ? ഇല്ല എനിക്കു് ആരുമില്ലേ? ഇല്ല. (ചിരിക്കുന്നു) ഉണ്ടു്. ഉണ്ടു്.

"കണ്ടാലെത്രയും കൗതുകമുണ്ടിവളെ,പ്പണ്ടു
കണ്ടില്ല ഞാനേവംവിധം കേട്ടുമില്ല."

സുമനൻ: (വീടി വലിച്ചെറിഞ്ഞു്) ഓപ്പേ! ഓപ്പേ! എന്തൊക്കെയാ ഭ്രാന്തു പറയണതും പാടണതും! (മുഖത്തു വെള്ളം ഒഴിക്കുന്നു. പിടിച്ചു കലുക്കുന്നു.)

ശാരദ: (ശാന്തമായി ചുററും നോക്കി) എന്താ സുമാ! മിട്ടക്കാ. എന്താ നിങ്ങളൊക്കെ പരിഭ്രമിച്ചു നിൽക്കണേ? എനിക്കു ബോധമുണ്ടായിരുന്നില്ലേ?

സുമനൻ: സാരമില്ല. കുറച്ചു പാടി, അത്രേയുള്ളു.

കാത്തു: നിന്റെ പാട്ടു നന്നായി. നിനക്കു് എന്റെ പാട്ടു കുറച്ചു കിട്ടീട്ടുണ്ടു്.

പാപ്പി: അതെ, അമ്മയ്ക്കു് അമ്മേടെ പാട്ടിന്റെ വിചാരാ.

കാത്തു: നിനക്കു പാട്ടില്ലാഞ്ഞിട്ടു നീ എന്റെയടുക്കെ കോപിക്കണ എന്തിനാ?

പാപ്പി: ശാരദേ, നിനക്കു് ഇപ്പോ കുറേ സുഖമുണ്ടോ? എണീക്കാമോ?

ശാരദ: എണീക്കാം. എനിക്കിപ്പോ വേദനയൊന്നുമില്ല. എനിക്കു കുറെ വെള്ളം കുടിക്കണം.

പാപ്പി: ധാരാളം തരാമല്ലോ. കഞ്ഞിവെള്ളം കുടിച്ചോ. നല്ല തണുത്ത കഞ്ഞിവെള്ളം. ഇന്നലത്തെ വേണമെങ്കിൽ അതുണ്ടു്.

സുമനൻ: (കഞ്ഞി എടുത്തുകൊണ്ടു കൊടുക്കുന്നു) ദേ, കഞ്ഞികുടിക്കു്.

ശാരദ: (ആർത്തിയോടുകൂടി അതു കുടിക്കുന്നു) ഹാവൂ!

കാത്തു: പതുക്കെ കുടിക്കു്.

സുമനൻ: അവൾ ഇഷ്ടംപോലെ കുടിക്കട്ടെ.

കാത്തു: ഇങ്ങനെ കുടിച്ചാൽ മൂക്കിൽക്കൂടി തലേക്കേറും. അതുകൊണ്ടാ പറഞ്ഞത.

(ശാരദ കഞ്ഞിയുടെ അടിയിലുള്ള വറവു മുഴുവൻ വാരി വാരി തിന്നുതീർക്കുന്നു. പാപ്പി അത്ഭുതപ്പെട്ടു നില്ക്കുന്നു.)

അങ്ങനെ മുഴുവൻ അവൾക്കു കൊടുക്കരുതു്. വല്ല സുഖക്കേടും പിടിക്കും. സൂക്ഷിക്കണം.

പാപ്പി: അവൾ എത്രദിവസമായി പട്ടിണി കിടക്കുന്നു! ഉണ്ണട്ടെ. ആ ദുഷ്ടന്മാരു് അവൾക്കൊന്നും കൊടുക്കാറില്ലെന്നേ!

സുമനൻ: അബദ്ധം.

ശാരദ: ശരിയാ സുമനൻ പറയണതു്. അവർ എല്ലാം തരും. പക്ഷേ, അവിടെ ഇരിക്കുമ്പൊ എനിക്കൊന്നും വേണ്ട. ഇവിടെ വന്നു കേറിയപ്പോഴേയ്ക്കും എനിക്കു് എല്ലാം വേണം. എത്ര കിട്ടിയാലും മതിയാവണില്ല.

സുമനൻ: ശരിയാ. ഒന്നുമില്ലാത്ത ഇവിടെവന്നുകേറുമ്പോഴേ എനിക്കും വിശപ്പുള്ളു.

ശാരദ: സുമാ, എനിക്കു കുറേക്കൂടി കഞ്ഞിവേണം. ഇന്നത്തെ കഞ്ഞി. ഇന്നു കഞ്ഞി വെച്ചില്ലേ?

പാപ്പി: ഉവ്വ്. (പക്ഷേ, എടുത്തു കൊടുക്കാൻ ശ്രമിക്കുന്നില്ല.)

കാത്തു: അതുംകൂടി അവൾക്കു കൊടുത്താൽ നമ്മളെന്തു ചെയ്യും? നമുക്കുമുണ്ടു് വിശപ്പു്.

(സുമനൻ അന്നത്തെകഞ്ഞി ചട്ടിയോടുകൂടി കൊടുക്കാൻഭാവിക്കുന്നു.)

പാപ്പി: അതു മുഴുവൻ കൊടുക്കല്ലേ! വയസ്സായിരിക്കുന്ന അമ്മയാ.

കാത്തു: സുമനാ, ഞാൻ സമ്മതിക്കുല്ല. അവളു് ഇങ്ങോട്ടു പോരുന്നതുവരെ അവിടെ തിന്നപായിരുന്നു. ഞാൻ ഇന്നേദിവസം ഒന്നും കഴിച്ചിട്ടില്ല. നിങ്ങൾ ജോലീം കഴിഞ്ഞു വരാൻ കാത്തിരിക്കയായിരുന്നു.

പാപ്പി: ഞാനും ഒന്നും കഴിച്ചിട്ടില്ല ചാരേ, മുഴുവൻ കുടിക്കരുതേ! മിനിയാന്നത്തെ മുരിങ്ങക്കൂട്ടാനുണ്ടു്. അതു വേണമെങ്കിൽ അവൾ കുറച്ചു കുടിച്ചോട്ടെ.

സുമനൻ: അവൾ വേണ്ടതു കഴിക്കട്ടേന്നു്.

കാത്തു: എടാ, നീയ് ഹോട്ടലീന്നു കാപ്പീം പലഹാരോം കഴിച്ചു വന്നു കയറിയേക്കാ ഔദാര്യം കാണിക്കാൻ. ഇവിടെ പറവുല്ല അതു്.

ശാരദ: ഞാൻ മുഴുവൻ കുടിക്കും. ഇനി എപ്പോഴാ കിട്ടുക?

കാത്തു: കുടിക്കോടീ, അറുകൊലേ! (മുമ്പു കണ്ടിട്ടില്ലാത്ത ശക്തിയോടുകൂടി അവളുടെ അടുത്തേക്കു ചാടി അവളുടെ കഴുത്തിൽ പിടിച്ച് അമർത്തുന്നു.)

സുമനൻ: മുത്തി നിർത്ത്. ഇല്ലെങ്കിൽ ഞാൻ പിടിച്ചു തള്ളി പുറത്താക്കും.

കാത്തു: ഉവ്വോടാ, ഭിണ്ഡിയക്കു! (അവന്റെ നേരെ തിരിയുന്നു. അയാളെ മുറുക്കാൻ ഇടിക്കുന്ന കരിങ്കല്ലുകൊണ്ട് ഇടിക്കാൻ പോകുന്നു.)

(ശാരദ വീണ്ടും കുടിക്കാൻ തുടങ്ങുന്നു. പാപ്പിയമ്മ ഓടിച്ചെന്നു ചട്ടി ഒരു തട്ട്. അതു നൂറു കഷണമായി നിലത്ത്.)

പാപ്പി: (കലി കയറി) എടീ, നീ കുടിക്കോടീ?

ശാരദ: (ദേഷ്യം വന്ന് അമ്മയെ പിടിച്ചു തള്ളുന്നു) നിന്റെ സ്നേഹം, നിന്റെ ഇഷ്ടം! രാക്ഷസീ!

(ശാരദ അമ്മയെ പിടിച്ചു മറിച്ചിടുന്നു. അമ്മ ശാരദയെ കടിക്കുന്നു.)

എന്നെ കടിക്കോ? ഉവ്വോ? (അമ്മയെ പിടിച്ച് അമ്മയുടെ തല നിലത്തിട്ടു മുട്ടുന്നു)

(അമ്മ രക്ഷപ്പെട്ടു മകളെ പിടിച്ചു വലിച്ചു തല അടുപ്പിൽ പൂഴ്ത്താൻ പോവുന്നു.)

പാപ്പി: എടീ, നിന്നെ ഞാൻ ഇപ്പോ ദഹിപ്പിക്കും.

കാത്തു: അവളുടെ ഭാഗത്തുനിന്ന് ആ കഞ്ഞിയൊക്കെ കളയിപ്പിച്ചു. ഇവനെ ഞാൻ കൊല്ലും. (വിറകുകൊള്ളിയെടുത്തു തല്ലുന്നു.)

സുമനൻ: ഇതൊന്നും നിങ്ങടെ കുററമല്ല. പട്ടിണി മനുഷ്യനെ പിശാചാക്കും. ദുഷ്ടജന്തുവാക്കും. പണമുണ്ടെങ്കിലേ മര്യാദയുള്ളു. പണമുള്ളിടത്തേ സ്നേഹമുള്ളു. ഞാൻ നിങ്ങളെ തല്ലാഞ്ഞത് എന്തിക്ക ദിവസോംകൂലി

കിട്ടണതുകൊണ്ടാ. നാളേം കിട്ടുമെന്നുള്ള ധൈര്യം കൊണ്ടാ. സ്നേഹിക്കാനാരുമില്ലെന്ന വിചാരവും പട്ടിണിയാ; ഉണ്ണാനില്ലാത്തതിനേക്കാൾ. അല്ലേ ശാരദേ? (പുറത്തേക്കു പോകുന്നു.)

പാപ്പി: എടാ, നിൻെറ വേദാന്തം! കഴുവേറിടെ മോൻ ചെകുത്താൻ! അവൻ ഹോട്ടലിലേക്കാ പോണേ. (പെട്ടെന്നു്) അയ്യോ! ഈ സുമനൻ ഞങ്ങളെ തല്ലി കൊല്ലണേ. പോലീസുകാരേ, ജഡ്ജിമാരേ, വേഗം വരണേ! എല്ലാരും ഓടിവരണേ!

കാത്തു: (ആവുന്നതും ഉറക്കെ) നാട്ടുകാരേ, കുടുംബക്കാരേ, ഈ സുമനൻ എന്നെ അമ്മിക്കല്ലുകൊണ്ടു് ഇടിച്ചുകൊന്നേ! ഓടിവരണേ! അവനെ പിടിക്കണേ! അവൻ ഉടപ്പിറന്നവളുടെ തല അടുപ്പിൽ പൂത്തി അവളെ കൊന്നേ! അവനെ പിടിച്ചു തൂക്കിലിടണേ!

ശാരദ: എന്നേം തൂക്കിക്കൊല്ലണേന്നു് വിളിച്ചു നിലവിളിച്ചോളൂ. ഞാനും പോവ്വാണു്. ഞാൻ എൻെറ ജീവിതകാലത്തു് ഇവിടെ കാലെടുത്തു കുത്തുകയില്ല, ഈ നരകത്തിൽ. ഗൗരിയമ്മയുടെ വീട്ടു സ്വർഗ്ഗം. അവിടെ വന്നു നിങ്ങളെന്നെ അടുപ്പിലിട്ടു കത്തിക്കാൻ ധൈര്യപ്പെടുല്ലല്ലോ.

പാപ്പി: പോ, നീയും പോ! നിൻെറ ശവം എടുക്കാനും കൂടി ഞങ്ങൾ വരുല്ല. പരുന്തുതിന്നു ബാക്കി കാക്കചിക്കിച്ചിതറട്ടെ. ശവം!

ശാരദ: ഇനിയത്തെ മാസം എനിക്കു ശമ്പളം കിട്ടുമ്പോഴും ഇങ്ങനെതന്നെ വിചാരിച്ചേക്കണേ.

പാപ്പി: നീ പിന്നെ അമ്മേം മുത്തിയേം പുലത്തണ ഐ. സി. എസ്സുകാരിയല്ലേ! അതോ സിനിമാക്കാരി

യോ! (പിടിച്ചു തള്ളുന്നു) ഞങ്ങളു തെണ്ടികളും എരപ്പാളികളും ചെററകളുമൊക്കെ അല്ലേ? (കഴുത്തിൽ പിടിച്ചു തള്ളി പുറത്താക്കുന്നു )

കാത്തു: ത്ഫൂ! (മുഖത്തുതന്നെ തുപ്പുന്നു.)

(ശാരദ മുഖവും തുടച്ചു പുറത്തേക്കു പോവുന്നു.)

[തിരശ്ശീല]

# രാമലക്ഷ്മണബാലിസുഗ്രീവം

## കഥാപാത്രങ്ങൾ

രവീന്ദ്രൻ
പ്രകാശൻ
രാജലക്ഷ്മി
ത്രേസ്യ
സുധാകരൻ
വേറെ കുറെ കുട്ടികൾ

## രംഗം ഒന്നു്

[ഒരിടത്തരം കുടുംബത്തിലെ കളപ്പുരയിലെ ഒരു മുറി. കുട്ടികളുടെ കളിമുറിയാണു് അതു്.]

പ്രകാശൻ: (പാടുന്നു, കൊട്ടുന്നു)

രഘുപതി രാഘവ രാജാറാം
പതീതപാവന സീതാറാം.

(രവീന്ദ്രൻ തുള്ളുന്നു, പാടുന്നു.)

രഘുപതി രാഘവ രാജാറാം
പതീതപാവന സീതാറാം.

രവീന്ദ്രൻ: (തുള്ളുന്നു പാടുന്നു) രഘുപതി...റാം.
ഈശ്വര അള്ളാ തേരേ നാം
സബ്കോ സമ്മതി ദേ ഭഗവാൻ.

പ്രകാശൻ: ഏട്ടാ അതു പാടാൻ പാടില്ല. അതെനിക്കുറിഞ്ഞുകൂടാ.

രവീന്ദ്രൻ: പാട്ടു മുഴുവൻ പാടണം. അല്ലെങ്കിൽ ദോഷമാണു്. ഞാൻ നിനക്കു പറഞ്ഞുതരാം, പ്രകാശ്. ഈശ്വര അള്ളാ തേരേ നാം.

പ്രകാശൻ: അർത്ഥമറിയാത്ത പാട്ടെന്തിനാ പാടണേന്നു്! ഞാനില്ല ഈ കളിക്കു്.

രവീന്ദ്രൻ: ഞാനർത്ഥാം പറഞ്ഞു തരാം.

പ്രകാശൻ: വേണ്ട രവീന്ദ്രാ, അല്ല ഏട്ടാ.

രവീന്ദ്രൻ: അനിയാ കേക്കു്, നല്ല പാട്ടാ. നല്ല അർത്ഥാം. രഘുപതി രാഘവ രാജാ റാം. 'പതി' എന്നു വച്ചാ ഭർത്താവു്. രഘുവിൻെറ ഭർത്താവു് രാഘവൻ. അവളുടെ ഭർത്താവുതന്നെയാണു് രാജാവും രാമനും. രഘുവിനു മൂന്നു ഭർത്താവാ. പാഞ്ചാലിക്കു് അഞ്ചാ.

പ്രകാശൻ: അഞ്ചോ നല്ലതു്, മൂന്നോ നല്ലതു്?

രവീന്ദ്രൻ: രണ്ടും നല്ലതാ. ഒന്നിനേക്കാൾ നല്ലതല്ലേ എ ങ്ങനെയായാലും മൂന്നും അഞ്ചും?

പ്രകാശൻ: അതെ. ആട്ടെ. പതീത പാവന, അതെന്ത ഭർത്താവാ?

രവീന്ദ്രൻ: (ചിരിക്കുന്നു) ഹാ ഹാ ഹാ! അവിടെ പതീത എന്നു വച്ചാൽ ഭർത്താവല്ല. വീഴുക എന്നു്. പതീത പാവന സീതാ റാം. എന്നുവച്ചാൽ സീതയും രാമനും തീയിൽ വീണു എന്നർത്ഥം. പപ്പടം തീയിലിട്ടാല ത്തെപ്പോലെ പൊള്ളിയെന്നുമർത്ഥമുണ്ടു്. മേൽ മുഴവൻ പൊള്ളി.

പ്രകാശൻ: രാമനും സീതയ്ക്കും പൊള്ളുവോ? അവർ ഈ ശ്വരന്മാരല്ലേ? നല്ല ആളുകളല്ലേ?

രവീന്ദ്രൻ: എടാ മണ്ടാ, നല്ല പപ്പടല്ലേ നല്ലോണം പോ ളുക്കുവാ?

രഘുപതി രാഘവ രാജാറാം

പതീത പാവന സീതാറാം. (തുള്ളുന്നു.)

(പ്രകാശൻ കൊട്ടുന്നു, പാടുന്നു.)

ഈശ്വര അള്ളാ തേരേ നാം.

പ്രകാശൻ: (കൊട്ടൽ നിർത്തി) അതു പാടില്ല. അതിന്റെ അർത്ഥം പറഞ്ഞിട്ടില്ല.

രവീന്ദ്രൻ: എടാ കൂക്കാ, അതിന്റെ അർത്ഥം എളുപ്പാ. നിന ക്കൊന്നും അറിഞ്ഞുകൂടെ? ന്നാ കേട്ടോ. ഈശ്വര, അ ള്ള; നമ്മളൊക്കെ തേരാണു്. എന്നാ അതിന്റെ അർത്ഥം.

പ്രകാശൻ: ഞാൻ തേരല്ല, കാറാ. അല്ല എറോപ്ലെയിനാ. ഏട്ടൻ തേരായിക്കോളൂ.

രവീന്ദ്രൻ: ഞാനും പ്ലെയ്നാ. ജെററ്പ്ലെയിൻ. ഈശ്വ രനും അള്ളാവുമാണു് തേരു് എന്നു പറഞ്ഞതു്. കൊട്ടു്.

ഈശ്വര അള്ളാ തേരേ നാം
സബ്കോ സമ്മതി ദേ ഭഗവാൻ

പ്രകാശൻ: എന്നെക്കൊണ്ടാവില്ല. ആ 'സബ്കോ' എന്താ?

രവീന്ദ്രൻ: ഈ ശുംഭനു് ഒന്നുമറിഞ്ഞുകൂടാ. 'സബ്കോ' എന്നു വച്ചാൽ അച്ഛൻ പോണ സബ്കോടതി എന്നർത്ഥം. 'തേരുമാത്രമല്ലാ സബ്കോടതിയുമാണു് എന്നു സമ്മതിക്കു് ദേ ഭഗവാൻ' എന്നാ പാട്ടു പറയണതു്. കൊട്ടു്. (തുള്ളുന്നു.)

ഈശ്വര അള്ളാ തേരേ നാം
സബ്കോ സമ്മതി ദേ ഭഗവാൻ.

പ്രകാശൻ: (കൊട്ടുന്നു, പാടുന്നു) രഘുപതി... ഭഗവാൻ. (രവീന്ദ്രൻ മുറുകി മുറുകിത്തുള്ളുന്നു.) ഞാൻ കൊട്ടണ പോലെയേ ഏട്ടൻ തുള്ളാൻ പാടുള്ളു.

രവീന്ദ്രൻ: വേഗം കൊട്ടു്.
രഘുപതി...
കുറേക്കൂടിവേഗം.

പ്രകാശൻ: എന്നെക്കൊണ്ടു സാധിയ്ക്കുല്ല.

രവീന്ദ്രൻ: വേഗം കൊട്ടുന്നു്. ഇല്ലെങ്കിൽ ഞാനമ്മയോടു പറയും.

പ്രകാശൻ: ന്നാലും ഞാൻ കൊട്ടുല്ല. ഞാൻ എത്ര നേരായി കൊട്ടണു! ഇനി ഞാൻ തുള്ളട്ടെ. ഏട്ടൻ കൊട്ടു.

രവീന്ദ്രൻ: ന്നാ ഞാൻ കൊട്ടാം. കുറച്ചു തുള്ളിക്കഴിഞ്ഞാ നീ കൊട്ടണം.

പ്രകാശൻ: ശരി, രഘുപതി രാഘവ...

രവീന്ദ്രൻ: (കൊട്ടുന്നു, പാടുന്നു) രഘുപതി...

പ്രകാശൻ: (തുള്ളുന്നു, പാടുന്നു) രഘുപതി...

(രവീന്ദ്രൻ കൊട്ടു മുറുക്കുന്നു.)

വേഗം കൊട്ടരുത്. അമ്മേ, ഞാൻ തുള്ളുമ്പോ ഈ ഏട്ടൻ വേഗം വേഗം കൊട്ടുണ്വാന്ന്.

രവീന്ദ്രൻ: (പിന്നേയും വേഗം കൊട്ടുന്നു. പാട്ടു മാററിപ്പാടുകയും ചെയ്യുന്നു.)

രഘുപതി രാഘവ രാജാറാം
ജനഗണമന അധിനായക
ദ്രാവിഡ ഉലഷ്ഞാ വങ്കാ

(പ്രകാശൻ ദേഷ്യംവന്ന് ഏട്ടനെ തല്ലുന്നു. കൊട്ടുന്ന ഓവൽടിൻ ചെപ്പു മേടിച്ചു വലിച്ചെറിയുന്നു.)

രവീന്ദ്രൻ: ദേ, അമ്മേ, എന്നെ പ്രകാശ് തല്ലുണു. പെട്ടി വലിച്ചെറിഞ്ഞു ചീത്തയാക്കി. (കരയുന്നു.)

[തിരശ്ശീല]

## രംഗം രണ്ട്

[സ്ഥലം: അതേ മുറി.]

രവീന്ദ്രൻ: ദേ, രാജലക്ഷ്മി വരണു.

പ്രകാശൻ: (ഉറക്കെ) അമ്മേ, ദേ, രാജലക്ഷ്മി വരണു. ഞാനാ ആദ്യം കണ്ടത്.

(രാജലക്ഷ്മി പ്രവേശിക്കുന്നു. നല്ല ഭംഗിയുള്ള ഏഴ വയസ്സായ കുട്ടി. കുറച്ച് അഭിമാനിയാണ്. വേഷവും കേമമാണ്.)

രവീന്ദ്രൻ: (അടുത്തുചെന്ന്) രാജലക്ഷ്മീ, ഞങ്ങള് ഡാൻസ് കളിക്ക്യാ. രാജലക്ഷ്മിയുണ്ടോ?

പ്രകാശൻ: (അടുത്തുചെന്ന്) ഡാൻസു കളിക്ക്യാ. രഘുപതി കഴിഞ്ഞു. ഇനി കുറത്തിപ്പാട്ടാ.

രാജലക്ഷ്മി: (പുച്ഛത്തോടുകൂടി) ഞാനില്ല. (പ്രധാന പുരയിലേക്കു പോകാൻ ഭാവിക്കുന്നു.)

രവീന്ദ്രൻ: നമുക്കു രണ്ടുപേർക്കുംകൂടി തുള്ളാം. അനിയൻ കൊട്ടും.

രാജലക്ഷ്മി: ആയ് ഈഈ ആയ്. ആൺകുട്ടികൾക്കു ഡാൻസോ? മരം കേറാൻ പോവിൻ! പൂ പ്പൂ പൂയ്! ആൺകുട്ടികൾക്കു ഡാൻസ്!

രവീന്ദ്രൻ: ഡാൻസ് ആണ്ങ്ങൾക്കും പെണ്ണുങ്ങൾക്കുമാവാം. തിരുവാതിരക്കളിയാ പെണ്ണുങ്ങൾക്കു മാത്രം.

പ്രകാശൻ: ശരിയാ. ഗോപി ഡാൻസു കളിക്കണതു് നമ്മള് കണ്ടിട്ടുണ്ടല്ലോ.

രാജലക്ഷ്മി: ഉവ്വ്, ആ ഡാൻസ് ഗോപിയാ! മുഗ്ഗോപിയാ!

രവീന്ദ്രൻ: രാജലക്ഷ്മീം ഗോപിയാ. ഞാനാ കൃഷ്ണൻ.

പ്രകാശൻ: ഞാൻ രാമനാ. കൃഷ്ണനു മുമ്പേയല്ലേ രാമൻ? രാജലക്ഷ്മി സീതയാ. ഇവളെ രാവണൻ കട്ടുകൊണ്ടു പോവും.

രാജലക്ഷ്മി: ഞാൻ രാധയാ. നിങ്ങൾ എന്നെ കഴുത്തിലെടുത്തു കൊണ്ടുനടക്കും, കഴുതകളെപ്പോലെ.

രവീന്ദ്രൻ: കാല്യ കവച്ചു നിന്നോ, പൊങ്ങണതും കാത്തുകൊണ്ടു്. (തലകൊണ്ടു് ഇടിക്കാൻ പോകുന്നു, വയററത്തു്.)

പ്രകാശൻ: ഏട്ടാ, ഞാൻ അവളുടെ പിന്നിലും ഇടിക്കാം.

രാജലക്ഷ്മി: ഉവ്വോ? ഇടിക്കിൻ. കാണട്ടെ.

(അവർ ഇടിക്കുന്നു. അവൾ പെട്ടെന്നു് ഇടയിൽനിന്നു ചാടി, അവരുടെ തല മുട്ടിക്കുന്നു.)

ഇങ്ങനെയാ എൻെറയടുക്കൽ കളിച്ചാൽ!

പ്രകാശൻ: അതെയോ? ഏട്ടാ, പിടിക്കു് അവളുടെ തല. (തല പിടിച്ചു കുനിക്കുന്നു.)

രവീന്ദ്രൻ: പ്രകാശ്, മുട്ടിക്കു്, അവളുടെ തല നിലത്തു മുട്ടിക്കു്.

രാജലക്ഷ്മി: (ബുദ്ധിമുട്ടി തല വിടുവിച്ചു. ആദ്യം കരയാൻ ഭാവിച്ചു. പിന്നെ അഭിമാനം നടിച്ചു്) നിങ്ങൾ രണ്ടു് ആണുങ്ങൾകൂടി ഒരു പെൺകുട്ടിയെ...

രവീന്ദ്രൻ: നീയ് ഒരു പെണ്ണല്ല. മൂന്നു പെണ്ണാണു്—കാളിപ്പെണ്ണു്, കോതപ്പെണ്ണു്, മണ്ടിപ്പെണ്ണു്.

പ്രകാശൻ: ഏട്ടാ, ഇവൾ അഞ്ചു പെണ്ണാണു്. ഒന്നു കാളിപ്പെണ്ണു്, രണ്ടു കോതപ്പെണ്ണു്, മൂന്നു് എന്താ ഏട്ടാ, അതേ മണ്ടിപ്പെണ്ണു്, നാലു കുറത്തിപ്പെണ്ണു്, അഞ്ചു ഭ്രാന്തിപ്പെണ്ണു്, ആറു് താടകപ്പെണ്ണു്, ഏഴ്...

രാജലക്ഷ്മി: എന്താടാ നീ പറയണേ? (തലമുടി പിടിച്ചു വലിക്കാൻ പോകുന്നു.)

രവീന്ദ്രൻ: നീയ് താടകലക്ഷ്മിയാണു്. നിന്റെ മൊകം കാട്ടുകുറത്തിയുടെയാണെന്നു്.

രാജലക്ഷ്മി: (അവന്റെ അടുത്തേക്കു ചാടി പെട്ടെന്നു പൊട്ടിക്കരഞ്ഞുകൊണ്ടു്) ഞാൻ വന്നുകയറിയപ്പോഴേക്കും ഇവരെന്നെ തല്ലിക്കൊല്ലു്ണേ. എന്നെ നിലത്തിട്ടു ചവിട്ടു്ണേ!

പ്രകാശൻ: കരഞ്ഞോ, ഉറക്കെക്കരഞ്ഞോ! അമ്മ കുളിക്കാൻ പോയേക്കാ.

രാജലക്ഷ്മി: അയ്യോ, അയ്യോ, അയ്യോ. ആരും വരുല്ലേ? (കരച്ചിൽ നിർത്തി) ഞാൻ ഒരുകൂട്ടം കൊണ്ടുവന്നിട്ടുണ്ടല്ലോ. നിങ്ങൾക്കു തരുല്ലല്ലോ.

പ്രകാശൻ: ഇവിടെ അമ്മ മുറുക്കുണ്ടാക്കീട്ടുണ്ടു്. ഞങ്ങളതും തരുല്ല.

(ത്രേസ്യ ഓടിവരുന്നു. ഇരുനിറത്തിൽ വലിയ ഉത്സാഹമോ ഭംഗിയോ ഇല്ലാത്ത കുട്ടി. ഒന്നാംതരം പെരുമാററമാണു്. ആർക്കും ഇഷ്ടം തോന്നും. എപ്പോഴും ചിരിച്ചുകൊണ്ടിരിക്കും. വയസ്സു് ആറു്.)

ത്രേസ്യ: എന്താ ഇവിടെ വലിയ കരച്ചിൽ കേൾക്കണേ? എന്താ ഇവിടെ അമ്മയില്ലേ? ആരാ കരയണേ?

പ്രകാശൻ: ഇവിടെ ഒരു കോതപ്പെണ്ണു വന്നിട്ടുണ്ട്ന്നു്.

രവീന്ദ്രൻ: ഇവൾ ത്രേസ്യേപ്പോലെയൊന്നുമല്ല. വല്യ അഹംഭാവിയാ, അഭിമാനിയാ.

പ്രകാശൻ: എനിക്കു ത്രേസ്യേ ഇഷ്ടമാ.

രവീന്ദ്രൻ: എനിക്കും അവളെ ഇഷ്ടാ.

(രണ്ടുപേരും അവളുടെ അടുത്തു കൂടുന്നു.)

ത്രേസ്യ: എനിക്കു് എല്ലാരേം ഇഷ്ടാ. ഈ രാജലക്ഷ്മിക്കുഞ്ഞമ്മേം ഇഷ്ടാ.

രാജലക്ഷ്മി: എനിക്കു നിന്റെ ഇഷ്ടം വേണ്ടെങ്കിലോ? രവീന്ദ്രാ, നമുക്കു ഡാൻസു കളിക്കാം.

രവീന്ദ്രൻ: ഞാനില്ല. ഞാൻ ത്രേസ്യേടെ കൂടെ കളിക്കാൻ പോവ്വാ.

രാജലക്ഷ്മി: പ്രകാശ്, നമുക്കു കളിക്കാം.

പ്രകാശൻ: ഞാനില്ല. ഞാനും ത്രേസ്യേടെകൂടെ... വേണ്ട, രാജലക്ഷ്മി കൊട്ടുകേം, ഞാൻ കളിക്കേമൊണെങ്കിൽ നമുക്കു കളിക്കാം.

രാജലക്ഷ്മി: ഞാനല്ലേ ഡാൻസു ചെയ്യാൻ പഠിച്ചേക്കണേ. അപ്പോൾ ഞാനല്ലേ ഡാൻസു ചെയ്യണ്ടേ? സാരമില്ല. ഇപ്പോ ഞാൻ കൊട്ടാം. പിന്നെ നീ കോട്ടണം.

പ്രകാശൻ: ഒ.

രവീന്ദ്രൻ: അപ്പോ നീ താടകലക്ഷ്മിയുടെ കൂടെ കൂടിയോ?

പ്രകാശൻ: താടകലക്ഷ്മിയോ? ഏട്ടൻ കൂട്ടുപിടിച്ച ത്രേസ്യയാ താട...

രാജലക്ഷ്മി: (ചിരിച്ചുംകൊണ്ടു്) അങ്ങനെ പറയൂ. ആ പെണ്ണു വന്നു കയറിയപ്പോഴെക്കും എല്ലാരും അവളുടെ പിന്നാലെയോ! അതു പററുമോ? ദേ, ഞാൻ കൊട്ടാം.

ആ ഓവൽട്ടീൻടിൻ എടുത്താകട്ടെ. (കൊട്ടിത്തുടങ്ങുന്നു.)
പ്രകാശ്, ഡാൻസു തുടങ്ങു. (പാടുന്നു.)

മാധവനേ മദനാകരനേ
യാദവഗോകുല ബാലമുകുന്ദാ
എന്നയ്യാകരുണാകരക്ഷേമവരദ
ഹരിമാധവനേ മദനാകരനേ.

(പ്രകാശൻ നൃത്തം വയ്ക്കുന്നു. കുറേശ്ശെ പാടുന്നു.)

രവീന്ദ്രൻ: ത്രേസ്യേ, നിയ്യും കൊട്ട്. ഞാൻ ഡാൻസു ചെയ്യാം.

(ത്രേസ്യ കൊട്ടുന്നു. രവീന്ദ്രൻ പാടുന്നു, നൃത്തംവെയ്ക്കുന്നു.)

മാനാമധുരയിലെ കുട്ടി
മയിൽപോലെ വന്ന കുട്ടി
മൂക്കു ചുവന്നവളേ കുട്ടി
ഞാൻ താൻടീ നിൻപുരുഷൻ.
മൂക്കുത്തിയിട്ടവളേ കുട്ടി
വാക്കത്തിനാക്കിയാളെ നീ

രാജലക്ഷ്മി: പ്രകാശ്, ഇനി നീ കൊട്ട്. ഞാനിവരെ തോല്പിച്ചോടിക്കാം.

പ്രകാശൻ: കൊട്ടാം. (കൊട്ടുന്നു. കുറേശ്ശെ കൂടെ പാടുന്നുമുണ്ട്.)

(രാജലക്ഷ്മി പാടുന്നു, നൃത്തംവയ്ക്കുന്നു.)

മാധവനെകണ്ടുവോ നീ
മഞ്ജുളത്തുമലർ തിങ്ങുമീ പൂവനേ—മാധവനെ.
ഏതു നികുഞ്ജാന്തരത്തിൽ കടലൊളിവണ്ണൻ
കണ്ണൻ കടലൊളിവണ്ണൻ വിലസുന്നു.

രവീന്ദ്രൻ: ത്രേസ്യേ, നിയ്യു നൃത്തം വയ്ക്ക്. അവളെ തോല്പിച്ചു തുന്നം പാടിക്കണം. ഞാൻ കൊട്ടാം.

(ത്രേസ്യ പാടുന്നു, നൃത്തംവയ്ക്കുന്നു.)

അടിമയായ് വളർന്നൊരു ഭാരതാംബ തന്നുടയ
അടിമശൃംഖലകളെ തകർത്ത വീരൻ—തരൈത്തെത.
ഖുറാൻ, ഗീതാ, ബൈബിളെന്നീ
പുരാണങ്ങളൊത്തുചേർത്തു
തത്വസാരോപദേശങ്ങൾ നല്കിയ വീരൻ—
തരൈത്തെത.

(രാജലക്ഷ്മി നൃത്തം നിറുത്തുന്നില്ല. അതുകണ്ടു് രവീന്ദ്രന്റെ കൊട്ടു നിൽക്കുന്നു.)

ത്രേസ്യ: എന്താ, രവി കൊട്ടു നിർത്തിയെ?

രവീന്ദ്രൻ: അവളുടെ നൃത്തം കണ്ടിട്ടു്. കള്ളി നല്ലോണം ഡാൻസു കളിക്കുന്നുണ്ടു്.

ത്രേസ്യ: (സങ്കടത്തോടുകൂടി) ഉണ്ടു്.

രവീന്ദ്രൻ: ഞാൻ അവളുടെകൂടെ നൃത്തം വെയ്ക്കാൻ പോവ്വാ.

രാജലക്ഷ്മി: വരൂ, നമുക്കു് ഒപ്പം നൃത്തംവയ്ക്കാം.

പ്രകാശൻ: സാധിക്കുല്ല. ഞാൻ കൊട്ടുല്ല.

രവീന്ദ്രൻ: ഞങ്ങളുതന്നെ കൊട്ടിക്കോളാം. നിയ്യു ത്രേസ്യക്കു കൊട്ടിക്കൊടുക്കു്.

പ്രകാശൻ: സാധിക്കുല്ല. ത്രേസ്യ എന്റെടേതാ.

രവീന്ദ്രൻ: പോടാ.

പ്രകാശൻ: ഞാൻ നിന്നെ ഇടിക്കും ഈ പലകവെട്ടത്തു്.

രവീന്ദ്രൻ: ഉവ്വോടാ?

രാജലക്ഷ്മി: (ചിരിക്കുന്നു.) നിങ്ങൾ തമ്മിത്തല്ലാ?

(സുധാകരൻ വരുന്നു. പത്തുവയസ്സു പ്രായമുള്ള ഒരു സുന്ദരൻ. ശാന്തസ്വഭാവനാണു്. ഒരു കാർന്നോരുടെ മട്ടുണ്ടു് ഇവരുടെ ഇടയിലേക്കു വരുമ്പോൾ.)

സുധാകരൻ: ഇവിടെ ഡാൻസോ, തമ്മിത്തല്ലോ?

രാജലക്ഷ്മി: സുധാകരേട്ടാ, ഇവരു തമ്മിത്തല്ലട്ടാ. നമുക്ക് അട്ടത്ത അകത്തുപോയി ഡാൻസു ചെയ്യാം.

(സുധാകരനും രാജലക്ഷ്മിയും പോകുന്നു.)

രവീന്ദ്രൻ: കള്ളി!

പ്രകാശൻ: കാക്കക്കുറത്തി! എനിക്ക് ത്രേസ്യയെയാ ഇഷ്ടം.

രവീന്ദ്രൻ: എനിക്കും.

ത്രേസ്യ: എനിക്കു വീട്ടിൽ പോവാൻ വൈകി. (പോവുന്നു.)

രവീന്ദ്രൻ }
പ്രകാശൻ } : കള്ളി, കാക്കക്കുറത്തി, താടക!

[തിരശ്ശീല]

## രംഗം മൂന്ന്

[സ്ഥലം: അതേ മുറി.]

രവീന്ദ്രൻ: നമുക്ക് ആ ശൂർപ്പണഖയെ കൊല്ലണം. നീയ്യ് അവളുടെ ചെവി അരിഞ്ഞോ, ഞാനവളുടെ മൂക്കരിഞ്ഞോളാം.

പ്രകാശൻ: രണ്ടും ഞാനരിഞ്ഞോളാം. എന്തു കൊണ്ടാ അരിയണെ? വാക്കത്തി കൊണ്ടോ? (അരിയുന്നപോലെ കാണിക്കുന്നു.)

രവീന്ദ്രൻ: അച്ഛന്റെ ബ്ലേഡുകൊണ്ടാ നല്ലതു്. നല്ല ഭംഗിയായിട്ട് അരിയാം.

പ്രകാശൻ: അപ്പൊ ചോര വരൂല്ലേ?

രവീന്ദ്രൻ: ചോരയൊക്കെ അടുക്കളയിൽ കട്ടമാങ്ങാ

ബ്ഭരണിയിലാക്കാം. മൂക്കിന്റേം ചെവിയുടേം ക ഷ്ണോം അതിലിടാം.

പ്രകാശൻ: എന്നിട്ട് അവളുണ്ണുമ്പൊ നമുക്കു് അതു വിള മ്പിക്കൊടുക്കണം. ഏട്ടൻ ചിരിക്കരുതു്.

രവീന്ദ്രൻ: എങ്ങനെ മുറിക്കും? അവൾക്കു നല്ല ശക്തി യുണ്ടു്.

പ്രകാശൻ: എനിക്കില്ലേ നല്ല ശക്തി?

രവീന്ദ്രൻ: പോടാ! അവൾ കിടന്നുറങ്ങുമ്പോ ആവാം.

പ്രകാശൻ: ഏട്ടാ, ഒരു സൂത്രോണ്ടു്. അവളു കിടന്നുറങ്ങു മ്പൊ നമ്മുടെ പൂച്ചയെപ്പിടിച്ചു് അവളുടെ മുഖത്തിട്ടാ മതി. അതു് എലിയാന്നു വിചാരിച്ചു് മൂക്കു മുഴുവൻ തിന്നോളും.

രവീന്ദ്രൻ: അപ്പൊ ചെവിയോ?

പ്രകാശൻ: നമുക്കു രണ്ടു കൊച്ചെലിയെ പിടിച്ചു് അ വളുടെ ചെവിയുടെ അടുത്തു വെയ്ക്കണം. അതു മാളാ ന്നു വിചാരിച്ചു് ഉള്ളിലേയ്ക്കു കയറിപ്പോവും, ചെവി യുടെ ഓട്ടേക്കൂടി. വാലു പുറത്തു കിടക്കും. പൂച്ച വന്നു പിടിച്ചു തിന്നോളും.

രവീന്ദ്രൻ: കൂട്ടത്തിൽ ചെവിയും തിന്നോളും.

പ്രകാശൻ: അവൾ അറിഞ്ഞാലോ?

രവീന്ദ്രൻ: അറിയൂല്ല. മണ്ടിയാണു്. നമുക്കു് അറിയൂല്ലെ? ഓർമ്മയില്ലേ നിനക്കു്, അവൾ കൊച്ചു കുട്ടിയായിരുന്ന പ്പൊ പറയാറുള്ളതൊക്കെ? കുളിക്കാൻ വിളിച്ച പ്പോൾ അമ്മയോടു് അവൾ എന്താ പറഞ്ഞേ? 'അ മ്മേ തണുത്തിട്ടു വയ്യ, പുതപ്പിച്ചു കുളിപ്പിക്കു.'

പ്രകാശൻ: അവളല്ലേ പറഞ്ഞേ, 'ഞാൻ തോർത്താം അ മ്മ കുളിച്ചോളൂ' എന്നു്!

രവീന്ദ്രൻ: അപ്പോഴേ, പ്രകാശ്, രാജലക്ഷ്മിയുടെ ചെവിയിലെ കമ്മലും ഡോലക്കും പൂച്ച തിന്നോ?

പ്രകാശൻ: തിന്നും, എലിയുടെ എല്ലു തിന്നണ പൂച്ചയല്ലേ?

രവീന്ദ്രൻ: തിന്നാൽ അതു ചത്തുപോവും.

പ്രകാശൻ: എന്നാ ചത്തുപോണതിന്റെ മുമ്പെ നമുക്ക് അതു് പൂച്ചയുടെ വയററീന്നു കീറിയെടുക്കാം.

രവീന്ദ്രൻ: എന്നിട്ട് അതു ചന്തയിൽ കൊണ്ടുപോയി വില്ക്കാം.

പ്രകാശൻ: ആറായിരത്തി നാല്പതു ലക്ഷത്തി പത്തുകോടി അഞ്ചുറുപ്പിക കിട്ടും. (തുള്ളിച്ചാടുന്നു.)

രവീന്ദ്രൻ: എടാ, നിനക്കു കണക്കറിഞ്ഞുകൂടാ. അറുപതുലക്ഷം ഉറുപ്പിക കിട്ടും. അത്രയേ ഉള്ളു.

പ്രകാശൻ: അല്ല. പതിനയ്യായിരത്തി പത്തു ലക്ഷത്തി നാലുകോടി മുപ്പത്തിമൂന്നുറുപ്പിക കിട്ടും.

രവീന്ദ്രൻ: (പിന്നെയും ചിരിക്കുന്നു) എടാ മണ്ടാ!

പ്രകാശൻ: അതെ, ഞാൻ പറഞ്ഞതു ശരിയാ. (കരയാൻ ഭാവിക്കുന്നു.)

രവീന്ദ്രൻ: കരയണ്ട. കിട്ടും. അതിന്നു നമുക്കു പത്തുലക്ഷം കാറു മേടിക്കാം.

പ്രകാശൻ: ഇല്ല. പത്തുകോടിയേ കിട്ടുള്ളു.

രവീന്ദ്രൻ: (ചിരിച്ചുകൊണ്ടു) കളിക്കണ കാറോ, ശരിക്കുള്ള കാറോ?

പ്രകാശൻ: ശരിക്കുള്ള കാറു്. പന്തയം വെച്ചോടിക്കണ കാറില്ലേ, അതു്. (ർ ർ എന്നുപറഞ്ഞു് കാറുപോലെ ഓടി ഒന്നു തിരിഞ്ഞു വരുന്നു.)

രവീന്ദ്രൻ: നമുക്ക് ഒളിമ്പിക്കിലോടിച്ചു സമ്മാനം മേടിക്കാം. ഹെഡ്മാസ്റ്റർ സമ്മാനം തരും.

പ്രകാശൻ: അതു വേണ്ട, നമുക്ക വിമാനം മേടിക്കാം. അതാ നല്ലതു്. (വിമാനം നിലത്തുനിന്നുയൎന്നു പറക്കുന്നതു് അഭിനയിക്കുന്നു.)

രവീന്ദ്രൻ: (വിമാനം ഓടിക്കുന്നു) എൻെറ വിമാനാ മുമ്പിൽ പോയതു്.

പ്രകാശൻ: അല്ല, എൻെറ. എൻെറയല്ലേ ആദ്യം ഓടിയതു്?

രവീന്ദ്രൻ: രണ്ടും ഒപ്പം. നമുക്കു് വിമാനം ഓടിച്ചു വന്നിട്ടു് രാജലക്ഷ്മി തിരിഞ്ഞു നില്ക്കുമ്പൊ അവളുടെ മൂക്കിൻെറ അടുത്തുകൂടി പറക്കണം. അപ്പൊ അവളുടെ മൂക്ക മുറിഞ്ഞു! (അഭിനയിക്കുന്നു.)

പ്രകാശൻ: അപ്പൊ ഞാൻ ചെവിയുടെ തൊട്ടടുത്തുകൂടി പറപ്പിക്കും. അപ്പൊ അവളുടെ ചെവി പോയി. (അഭിനയിക്കുന്നു.)

രവീന്ദ്രൻ: മറേറ ചെവി ഞാനും.

പ്രകാശൻ: രണ്ടു വിമാനോം ഒപ്പം അങ്ങനെ പറന്നു വരണം. രണ്ടു പുറത്തുംകൂടി. രണ്ടു ചെവീം ഒപ്പംപോണം.

(രണ്ടുപേരും വിമാനം പറപ്പിക്കുന്നപോലെ ഓടുന്നു. എന്നിട്ടു പാടി കളിക്കുന്നു.)

വാചകം ചോദിച്ചരിഞ്ഞു മുടി;
രണ്ടു വലംവെച്ചരിഞ്ഞു മുല:
മൂന്നുവലംവെച്ചരിഞ്ഞു കാതു്;
നാലുവലംവെച്ചരിഞ്ഞു മൂക്കു്;
പരിചകൊണ്ടൊന്നങ്ങടിച്ചു കേളു;
വായിലെപ്പല്ലുമടൎന്നു വീണു.

[തിരശ്ശീല]

## രംഗം നാല്

[സ്ഥലം: അതേമുറി. അടുത്തദിവസം]

പ്രകാശൻ: ഏട്ടാ, നാളെ ഇവിടെ കല്യാണാണ്ന്ന്. ചിററമ്മേടെ.

രവീന്ദ്രൻ: അതേ. അതിനല്ലേ രാജലക്ഷ്മീം മററും വന്നേക്കണത്?

പ്രകാശൻ: ആട്ടെ: ഏട്ടാ, കല്യാണന്നു വെച്ചാ എന്താ?

രവീന്ദ്രൻ: കല്യാണന്നു വെച്ചാ സദ്യ.

പ്രകാശൻ: ഏയ്! ഏട്ടന് ഒന്നുമറിഞ്ഞുകൂടാ. അച്ഛൻ അമ്മേ കല്യാണം കഴിച്ചിട്ടില്ലേ? എന്നിട്ട വീട്ടില് ദിവസോം സദ്യയാ?

രവീന്ദ്രൻ: കല്യാണം കഴിക്കണ ദിവസം മാത്രേ സദ്യയുള്ളു. ദിവസം സദ്യയോ? നീയെന്തു മണ്ടനാ! പിറന്നാള കഴിഞ്ഞാൽ പിന്നെ എല്ലാ ദിവസോം സദ്യയുണ്ടോ?

പ്രകാശൻ: പിറന്നാള പോലെയാണെങ്കിൽ എല്ലാ കൊല്ലവും സദ്യ വേണ്ടേ?

രവീന്ദ്രൻ: എന്നാ നീയ്യ് പറയ് കല്യാണം ന്നുവെച്ചാ എന്താന്നു്.

പ്രകാശൻ: ആലോചിക്കട്ടെ... കല്യാണം ന്നുവെച്ചാ ഒരു കളിയാ.

രവീന്ദ്രൻ: എന്തു കളി? തിരുവാതിരക്കളിയോ? അതോ ഫുട്ബോൾ കളിയോ?

പ്രകാശൻ: അല്ല ഏട്ടാ. അമ്മയായിട്ടും അച്ഛനായിട്ടും കളി.

രവീന്ദ്രൻ: നല്ല കളിയാ. കല്യാണം കഴിച്ച അച്ഛൻെറ കളി എന്തു കളിയാ! വേഷംകെട്ടി കോടതിയിൽ പോകുന്നതുവരെ അരിയരസ്സാ, നാളികേരം അരസ്സാ, പശു

വിനെ കറക്കുമ്പൊ അതിൻെറ താട ചൊറിയ്യ്യാ, കോടതീന്നു വന്നാൽ ചന്തേൽപ്പോവ്വാ, വലിയ സഞ്ചീം ചുമന്നു കിതച്ചുംകൊണ്ടു വീട്ടിൽ വരാം, എന്നിട്ട് നമ്മളെ തല്ലാം, എന്ന്ട്ട് അമ്മേടെ ചീത്തേം കേൾക്കാം. നല്ല കളിയാ!

പ്രകാശൻ: നമ്മള് അച്ഛനായിട്ടും അമ്മയായിട്ടും കളിക്കുമ്പൊ കളിയല്ലേ?

രവീന്ദ്രൻ: അതു കളി, കല്യാണം കാര്യാ.

പ്രകാശൻ: അതാ രാജലക്ഷ്മി വരുന്നുണ്ട്. അവളുടെ അടുക്കൽ ചോദിക്ക്യാ, കല്യാണം എന്താന്ന്.

(രാജലക്ഷ്മി പ്രവേശിക്കുന്നു.)

രവീന്ദ്രൻ: രാജലക്ഷ്മീ, കല്യാണം നുവെച്ചാൽ എന്താ?

രാജലക്ഷ്മി: പറയ്യല്ല.

രവീന്ദ്രൻ: എന്താ നിൻെറ കല്യാണാ നാളെ, പറയാണ്ടിരിക്കാൻ?

പ്രകാശൻ: ഇവളുടെ കല്യാണാ? ഇവളെയാരാ കല്യാണം കഴിക്കാൻ? ഈ മൂക്കും ചെവീം പോയവളുടെ.

രവീന്ദ്രൻ: പ്രകാശ്. ശ് ശ്.

രാജലക്ഷ്മി: എൻെറ മൂക്കും ചെവീം പോയോ? നല്ല കൂത്ത്! (തല കുറേക്കൂടി പൊക്കി നടക്കുന്നു.)

പ്രകാശൻ: നീയിങ്ങനെ തലേംപൊക്കി മൂക്കുമോളിലേക്കാക്കി നടന്നാ നിൻെറ മൂക്ക് ആകാശത്ത് ഉരഞ്ഞ് ഇല്ലാണ്ടാവും. വല്ല വിമാനോം വന്നു കൊത്തിക്കൊണ്ടു പോവ്വേം ചെയ്യും.

രവീന്ദ്രൻ: അവനു ഭ്രാന്താ. കല്യാണം എന്താന്നു പറഞ്ഞാൽ ഞാൻ ഒരു സമ്മാനം തരാം.

രാജലക്ഷ്മി: കല്യാണം എന്താന്നു കുട്ടികളുടെ അടുക്കൽ പറയാൻ പാടില്ല. നിങ്ങൾ മുലകുടി മാറാത്ത കുട്ടികളാ.

പ്രകാശൻ: നീയ്യ് മുല പോയ പെണ്ണാ.

രവീന്ദ്രൻ: പ്രകാശ്, ശ് ശ്.

രാജലക്ഷ്മി: ആൺകുട്ടികൾക്കെന്തറിയാം?

രവീന്ദ്രൻ: നിനക്കെന്തറിയാം?

പ്രകാശൻ: അവൾക്കറിയാൻ പാടില്ല, അതുകൊണ്ടാ, പറയുല്ല എന്നു പറേണെ. അതവളുടെ സൂത്രാ.

രാജലക്ഷ്മി: അവളോ? ഞാൻ ഓപ്പയല്ലേ?

പ്രകാശൻ: ഓപ്പയാണെങ്കിൽ പറയ്. ഓപ്പയ്ക്കറിയുല്ല. ഞാൻ സത്യംചെയ്യാം.

രാജലക്ഷ്മി: അറിയാം.

പ്രകാശൻ: രവീ! അറിയുല്ല. അറിയുല്ല. അറിയുല്ല.

രാജലക്ഷ്മി: അറിയാം. അറിയാം. അറിയാം.

രവീന്ദ്രൻ: എന്നാൽ പറയ്.

രാജലക്ഷ്മി: കല്യാണം നുവെച്ചാൽ നല്ല പാവാടയുടുക്കാ. സില്ക്കു ബ്ളൗസിടുക, മൂന്നും കൂട്ടുക, മുല്ലപ്പൂ ചൂടുക എന്നാ അത്ഥം.

(രവീന്ദ്രൻ ചിരിക്കുന്നു.)

പ്രകാശൻ:(പൊട്ടിച്ചിരിക്കുന്നു, തുള്ളിച്ചാടുന്നു, പാടുന്നു.)

മണ്ടിയോപ്പേടെ, ചണ്ടിയോപ്പേടെ
തണ്ടിയോപ്പേടെ കല്യാണം.

രവീന്ദ്രൻ: (തുള്ളുന്നു, പാടുന്നു.)

തണ്ടിയോപ്പേടെ മണ്ടിയോപ്പേടെ
ചണ്ടിയോപ്പേടെ കല്യാണം.

രാജലക്ഷ്മി: (ദേഷ്യം വന്നു രണ്ടുപേരേയും പിടിച്ചു കുലുക്കുന്നു. മാന്തുന്നു. കടിക്കാൻ പോകുന്നു.) നിത്തിയില്ലെങ്കിൽ ഞാൻ നിങ്ങളുടെ പുറംപൊളിക്കും.

രവീന്ദ്രൻ: നിത്താം.

പ്രകാശൻ: ഒന്നുകൂടി തുള്ളിയിട്ട നിത്താം, പൂച്ച ലക്ഷ്മിയമ്മേ! നിത്തുന്നു.

രാജലക്ഷ്മി: എന്താ, ഞാൻ പറഞ്ഞതിൽ തെററു്?

രവീന്ദ്രൻ: രാജലക്ഷ്മി പറയണതു കല്യാണാണെങ്കിൽ മീററിംഗിനു പോണതു കല്യാണല്ലേ? സിനിമയ്ക്കു പോണതു് അതിലും വലിയ കല്യാണല്ലേ?

പ്രകാശൻ: കേരളപ്പിറപ്പാഘോഷം വലിയവലിയ കല്യാണല്ലേ?

മണ്ടിയോപ്പേ, ചണ്ടിയോപ്പേ...(പെട്ടെന്നു നിത്തുന്നു) ഞാൻ നിത്തി, ദേഷ്യപ്പെടല്ലേ!

രാജലക്ഷ്മി: പിന്നെ അട്ടക്കളേൽ തീയൂപൂട്ടലും ചമയ്ക്കലും കൊച്ചുപിള്ളേളുടെ അടീം മാന്തലും കൊള്ളലും ചാണകം വാരലും അടിച്ചുവാരലും തുടയ്ക്കലും കിണ്ണംമോറലുമൊക്കെയാ കല്യാണം?

രവീന്ദ്രൻ: അതെ.

പ്രകാശൻ: കുഴച്ചുതരലും കുളിപ്പിക്കലും, എപ്പോഴും ചായക്കുട്ടിത്തരലും, സ്കൂളിലെ കണക്കൊക്കെ ചെയ്തുതരലും സ്ലേററു തുടച്ചുതരലും ബൽട്ട കെട്ടിത്തരലും എന്നിട്ട കാണാതാവുന്നവരെ നോക്കിനില്ക്കലും ബിസ്കററു മേടിച്ചു തന്നാൽ അച്ഛനെ കുററംപറയലും...

രാജലക്ഷ്മി: എന്നാ എനിക്കു കല്യാണം വേണ്ട. ഒരിക്കലും വേണ്ട.

രവീന്ദ്രൻ: എനിക്കും വേണ്ട.

പ്രകാശൻ: നമുക്കാക്കും വേണ്ട.

രവീന്ദ്രൻ: കല്യാണം...

പ്രകാശൻ; നശിക്കട്ടെ!

രാജലക്ഷ്മി: കല്യാണം ...

രവീന്ദ്രൻ
പ്രകാശൻ } :നശിക്കട്ടെ!

[തിരശ്ശീല]

## രംഗം അഞ്ച്

[അടുത്തദിവസം. കല്യാണം കഴിഞ്ഞു് അധികമായിട്ടില്ല. കുട്ടികളുടെ ഊണുകഴിഞ്ഞു. അത്രേ ഉള്ളു. സ്ഥലം അതുതന്നെ.
പ്രകാശ് മാല പരിശോധിച്ചു രസിക്കുകയാണു്. ഇടാൻ ഭാവിക്കു മ്പോൾ രവീന്ദ്രൻ പ്രവേശിക്കുന്നു.]

പ്രകാശൻ: ഏട്ടാ, എനിക്കു മാല കിട്ടി. ചിററമ്മേ കല്യാണം കഴിച്ച മാല.

രവീന്ദ്രൻ: മാല എനിക്കു വേണം, ഇങ്ങോട്ടു താ.

പ്രകാശൻ: തരുല്ല. എനിക്കു കല്യാണം കഴിക്കാനുള്ളതാ.

രവീന്ദ്രൻ: കല്യാണം! മാല ഇങ്ങോട്ടു തരാനല്ലേ പറഞ്ഞതു്?

പ്രകാശൻ: തരുല്ല്യാന്നു പറഞ്ഞില്ലേ? മാല കിട്ടിയ ഉടനെ ഞാൻ അമ്മേ കല്യാണം കഴിക്കാൻ പോയതാ. അമ്മ സമ്മതിച്ചില്ല. എനിക്കു് ആരെയെങ്കിലും കല്യാണം കഴിക്കണം.

രവീന്ദ്രൻ: ധൃതിയായയോ?

പ്രകാശൻ: ഉവ്വ്, ധൃതിയായി.

രവീന്ദ്രൻ: ഏട്ടൻെറ കഴിഞ്ഞിട്ടേ അനിയൻ കല്യാണം കഴിക്കാൻ പാടുള്ളു.

പ്രകാശൻ: അതു് ഏട്ടൻ പറയണ സൂത്രാ, എൻെറ മാല തട്ടിയെടുക്കാൻ.

രവീന്ദ്രൻ: എടാ മണ്ടാ, നീയ്യ് ആരോടെങ്കിലും ചോദിക്കു്. ഞാനല്ലേ വലീതു്?

പ്രകാശൻ: ഞാനല്ലേ ചെറുതു്? എനിക്കാ ആദ്യം. ആരെങ്കിലും മിട്ടായി കൊണ്ടുവന്നാൽ എൻെറ കയ്യിലല്ലേ തരണെ ആദ്യം? മാലതന്നെ എനിക്കല്ലെ തന്നതു്, രാജലക്ഷ്മിയും മററും ചോദിച്ചിട്ടും?

രവീന്ദ്രൻ: ഇവൻ എന്തു ഫൂളാ. എടാ, മിട്ടായീം മററും കൊച്ചുകുട്ടികൾക്കാദ്യം. കല്യാണോം മററും വല്ല്യ കുട്ടികൾക്കാദ്യം.

പ്രകാശൻ: ഇതൊന്നും പറഞ്ഞാലൊന്നും ഞാൻ തരുല്ല മാല.

രവീന്ദ്രൻ: എന്നാ ഞാൻ തട്ടിപ്പറിക്കും.

പ്രകാശൻ: എന്നാ ഞാൻ ഓടും.

രവീന്ദ്രൻ: ഓടിയാൽ ഞാൻ പിടിച്ചു നിൎത്തും.

പ്രകാശൻ: എന്നാ ഞാൻ കരയും. അമ്മേ വിളിച്ചു കരയും.

രവീന്ദ്രൻ: കരഞ്ഞാലൊന്നും അമ്മ വരുല്ല. അമ്മയ്ക്കിന്നു നല്ല ജോലിയാ.

പ്രകാശൻ: എന്നാലും ഞാൻ കരയും.

രവീന്ദ്രൻ: എന്നാ ഞാനും കരയും.

പ്രകാശൻ: (കുറെ ആലോചിച്ചു നിന്നിട്ടു്) ഏട്ടാ, എന്നാ ഒരു കാൎയ്യം ചെയ്യാം. ഞാൻ ഏട്ടനെ കല്യാണം കഴിക്കാം.

രവീന്ദ്രൻ: (പൊട്ടിച്ചിരിച്ചു്) ആണുങ്ങൾ ആണുങ്ങളെ കല്യാണം കഴിക്ക്യേ! പുപ്പു പൂയ്!

പ്രകാശൻ: എന്താ ആണുങ്ങളെ കല്യാണം കഴിച്ചാൽ?

രവീന്ദ്രൻ: പുപ്പൂ പൂയ്. (ചാടിത്തുള്ളുന്നു.)

പ്രകാശൻ: (പൊട്ടിക്കരയുന്നു) ഞാൻ നിന്നെത്തല്ലും. (തല്ലാൻ പോവുന്നു.)

(സുധാകരൻ പ്രവേശിക്കുന്നു.)

സുധാകരൻ: എന്താ ഇവിടെ കൂക്കുവിളിയും കരച്ചിലുമൊക്കെ?

(രാജലക്ഷ്മി പ്രവേശിക്കുന്നു.)

രാജലക്ഷ്മി: എന്തിനാ ഏട്ടൻ കൊച്ചു പിള്ളേരുടെ തമ്മിത്തല്ലു തീർക്കാൻ പോണേന്നു്!

പ്രകാശൻ: സുധാകരേട്ടാ, മാല ഏട്ടനു തന്നേക്കാം. ഏട്ടൻ രാജലക്ഷ്മിയെ കല്യാണം കഴിച്ചോളൂ.

രാജലക്ഷ്മി: സുധേട്ടാ, മേടിച്ചോളൂ, മേടിച്ചോളൂ.

രവീന്ദ്രൻ: പററുല്ല. ഞാൻ സമ്മതിക്കുല്ല. മാല എൻേറയാ. നിനക്കു വേണ്ടെങ്കിൽ എനിക്കാ, ഞാനല്ലേ നിൻേറ അമ്മയുടെ മകൻ? ഞാനല്ലേ സുധാകരേട്ടനേക്കാൾ ചെറിയ കുട്ടിയും?

പ്രകാശൻ: ആഹാ. ഇപ്പോ മാല ചെറിയ കുട്ടിക്കായി അല്ലേ? ഞാൻ ഏട്ടനും തരുല്ല. ആർക്കും കൊടുക്കുല്ല.

രവീന്ദ്രൻ: കൊടുക്കണ്ട. സുധേട്ടനു് എങ്ങനെയായാലും കൊടുക്കാൻ പാടില്ല.

സുധാകരൻ: പ്രകാശ്, രവി, എനിക്കു വേണ്ട. ഞാൻ പോവ്വാണു്. നിങ്ങൾ കളിച്ചോളൂ.

രാജലക്ഷ്മി: ഏട്ടനെന്തിനാ പോണേ? എന്താ ഇത്ര ധൃതി? മാല മേടിച്ചോളൂന്നു്.

സുധാകരൻ: നീയ്യും ഇവരുടെകൂടെ കളിച്ചോ. നീയ്യും കുട്ടിയല്ലേ?

രാജലക്ഷ്മി: ഞാൻ കുട്ടിയല്ല. ഏട്ടൻ പോയാൽ ഞാനും വരും.

പ്രകാശൻ: നീയ്യ് പൊക്കോ നിൻെറ പുതിയ ഏട്ടൻെറ കൂടെ. ഞങ്ങള് ത്രേസ്യേ കല്യാണം കഴിച്ചോളാം.

രവീന്ദ്രൻ: അതേ. പോ. പോ.

രാജലക്ഷ്മി: ത്രേസ്യ മാപ്പളച്ചിയാ!

രവീന്ദ്രൻ: നീയ്യ് രാക്ഷസത്തിയാ!

പ്രകാശൻ: അതേ, മുല പോയ —ശൂർപ്പണഖ.

സുധാകരൻ: നിങ്ങൾ തമ്മിൽത്തല്ലരുത്. (പോകുന്നു.)

(രാജലക്ഷ്മി മാലയേയും സുധാകരനേയും മാറി മാറി നോക്കി പോവണോ വേണ്ടായോ എന്നു സംശയിച്ചു നിൽക്കുന്നു.)

രവീന്ദ്രൻ: എന്താ ശൂർപ്പണഖ പോവാത്തത്?

രാജലക്ഷ്മി: (പൊട്ടിക്കരയുന്നു തേങ്ങി—തേങ്ങി) നി... നിങ്ങള് നി...നിങ്ങള് എന്നെ എന്നെ ശൂർപ്പണഖാന്ന് വി...വിളിക്കണേന്താ?

പ്രകാശൻ: (പെട്ടെന്നു ദയ തോന്നി) ഞങ്ങള് നിന്നെ കല്യാണം കഴിക്കാം കരയാണ്ടിരിക്ക്.

രവീന്ദ്രൻ: ഞങ്ങളോ! ഞങ്ങളല്ലാ, ഞാൻ.

പ്രകാശൻ: ഞങ്ങളല്ലെങ്കിൽ ഏട്ടനുമല്ല. ഞാനാ. മാല എൻെറയല്ലേ?

രവീന്ദ്രൻ: നീയ്യാ കല്യാണം കഴിക്കണേങ്കിൽ ഞാൻ പോവും. കാണാനാരുമുണ്ടാവില്ല.

രാജലക്ഷ്മി: ഞാനും പോവും. നീയ്യ് കൊച്ചുകുട്ടിയല്ലേ?

രവീന്ദ്രൻ: കല്യാണം കഴിഞ്ഞാൽ ഞാൻ മാല നിനക്കു തന്നേക്കാം, പ്രകാശ്.

പ്രകാശൻ: സാധിക്കൂല്ലാ.

രവീന്ദ്രൻ: എന്നാ ഞാൻ പോണു. (പോവ്വാൻ തുടങ്ങുന്നു.)

രാജലക്ഷ്മി: ഞാനും പോണു. (പതുക്കെ പോവ്വാൻ തുടങ്ങുന്നു...

MADRAS UNIVERSITY LIBRARY MAR 2003 CHENNAI-600 005
MUL 292084
0392, 32C:J
KO

പ്രകാശൻ: പൊക്കോളൂ. (പെട്ടെന്നു കരഞ്ഞുംകൊണ്ടു്) പോവണ്ട. എന്നാ നിങ്ങള് കല്യാണം കഴിച്ചോളൂ. ദേ മാല, ഞാൻ കൊട്ടാം.

രവീന്ദ്രൻ: (മാല മേടിച്ചിട്ടു്) എല്ലാരും വരൂ. കല്യാണം കല്യാണം റപ്പായി, ശശി, നിമ്മി, ത്രേസ്യ, ജയാ, വിജയാ വരൂ, ഓടിവരൂ, കല്യാണം, കല്യാണം!

(റപ്പായി [എട്ടുവയസ്സു്] ശശി [ഏഴവയസ്സു്] നിമ്മി [ആറു വയസ്സു്] ത്രേസ്യ [ആറുവയസ്സു്] ജയൻ, വിജയൻ [ഇരട്ട പെററ കുട്ടികൾ, ഏഴ വയസ്സു്] ഇവരൊക്കെ ഓടിവരുന്നു.)

രവീന്ദ്രൻ: പ്രകാശ് നീയ്യ് തകില്ല് കൊട്ടിക്കോ. നീ നല്ല കൊട്ടുകാരനാ. ആ തകിലെടുത്തോ. ശശി നാഗസ്വരം വിളിച്ചോളൂ. ഒന്നാന്തരാവണം. കയ്യു കൊണ്ടു മതി. ജയാ, നീയ്യ് ഇലത്താളം കൊട്ടു്. വിജയാ, നീയ്യ് ആർപ്പു വിളിക്കു്, റഫേല്വം.

രാജലക്ഷ്മി: ത്രേസ്യേ, നിമ്മീ നിങ്ങൾ വാസ്സുരവയിടണം.

(പറയുന്നപോലെ എല്ലാവരും ചെയ്യുന്നു.

രമേശൻ [മൂന്നു വയസ്സു്] വന്നു കയറി കൂട്ടത്തിൽ താളത്തിൽ കൊട്ടിത്തുള്ളുന്നു. ഒരു വയസ്സായ രാജൻ മുട്ടുകുത്തി വന്നു ചിരിക്കുന്നു, നില്ക്കാൻ ശ്രമിച്ചു്.

പാട്ടും കൊട്ടും മുറുകുന്നു.

രവീന്ദ്രൻ രാജലക്ഷ്മിയെ മാലയിടുന്നു.

പ്രകാശ് പെട്ടെന്നു് ഓടിച്ചെന്നു തകില്ല് രാജലക്ഷ്മിയുടെ കഴുത്തിലിടുന്നു.)

പ്രകാശൻ: ഞാനും മാലയിട്ടേ! ഞാനും കല്യാണം കഴിച്ചേ! (തുള്ളിച്ചാടി നൃത്തം വയ്ക്കുന്നു.)

ബാലിച്ചേട്ടൻ വേട്ട താരേ
അനിയച്ചാരും വേട്ട താരേ
...

ബാലിച്ചേട്ടൻ തട്ടി രുമയെ
അനിയച്ചാരോ തട്ടി താരെ.

(പെട്ടെന്നു നൃത്തം നിർത്തി കയ്യിലുള്ള കോല് 'ബൊക്കെ' പോലെ രാജലക്ഷ്മിയുടെ കയ്യിൽ കൊടുക്കുന്നു. പിന്നെയും നൃത്തം. എല്ലാവരും നൃത്തത്തിൽ കൂടുന്നു. ബഹളം.)

എല്ലാരും വേട്ടു എല്ലാരേം
എല്ലാരും കട്ടു എല്ലാരേം.

[തിരശ്ശീല]

# മഹാബലി

## കഥാപാത്രങ്ങൾ

മഹാബലി
വിന്ധ്യാവലി
ശുക്രാചാര്യർ
വാമനൻ
പ്രഹ്ലാദൻ

കഥ നടക്കുന്നതു തൃക്കാക്കര അമ്പലത്തിന്റെ പരിസരങ്ങളിൽ.

## രംഗം ഒന്നു്

[സ്ഥലം: തൃക്കാക്കരയമ്പലത്തിന്റെമുമ്പിലുള്ള കൊട്ടാരത്തിലെ വലിയ മുറി. അമ്പലത്തിൽ കാളയാണു് പ്രതിഷ്ഠ. തിരുമുററത്തു് ഒരുപുറത്തു 'മണ്ണമ്മ'യുടെ അമ്പലമുണ്ടു്. അമ്പലക്കാളയ്ക്കു് പ്രതിഷ്ഠിച്ച കാളയുടെ പ്രതിമയോളം തന്നെ നാട്ടിൽ ദിവ്യത്വമുണ്ടു്.

സമയം: കാലത്തു് ഏകദേശം പത്തുമണി.

പീഠത്തിൽ മഹാബലി മീശയും തടവിക്കൊണ്ടു് ഇരിക്കുന്നു. നല്ല തടിയും പൊക്കവും കുടവയറും ഉള്ള മനുഷ്യൻ. അസുരസ്വഭാവവും ദേവസ്വഭാവവുമുണ്ടു് അയാൾക്കു്. നീണ്ടുനിന്ന ചക്രവർത്തിത്വം കൊണ്ടു് അസുരസ്വഭാവം അധികവും ഇല്ലാതായിരിക്കുന്നു. ആദ്യകാലത്തു നിർദ്ദയമായി രാജ്യം ഭരിച്ചിരുന്നതുകൊണ്ടു്, നാട്ടിലുള്ള സകലരേയും ഒരുപോലെ പേടിപ്പിച്ചും നശിപ്പിച്ചും പ്രഭുവിനും വേലക്കാരനും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ലാതാക്കി വാണിരുന്നതുകൊണ്ടു്, കുറെക്കാലമായി പുള്ളിക്കു ജോലിയൊന്നുമില്ല. ചക്രവർത്തിപദംതന്നെ മുഷിഞ്ഞു തുടങ്ങി.

വിന്ധ്യാവലി പ്രവേശിക്കുന്നു. ഏകദേശം മുപ്പത്തിരണ്ടു വയസ്സു തോന്നിക്കും. വളരെ ഭംഗിയുള്ള സ്ത്രീ. മുഖത്തു വലിയ സന്തോഷമില്ല. ദാമ്പത്യജീവിതം അത്ര തൃപ്തിയാവുന്നില്ല. കുട്ടികളില്ല. പഴയ കാടത്തം മുഴുവൻ പോയിട്ടില്ല. വിന്ധ്യാക്കാട്ടിൽ വളർന്നവളാണു്. പട്ടുടുത്തിട്ടുണ്ടു്. അഞ്ചെഴമുത്തുമാല ധരിച്ചിട്ടുണ്ടു്. വേഷത്തിന്റെ മററംശങ്ങൾ മൊഹെഞ്ജോദരോ അവശിഷ്ടങ്ങളുടെ പടങ്ങളിൽനിന്നു് പകർത്തുക.]

മഹാബലി: പോവൂ. പോവൂ. ഒരുപാടു ജോലിയുണ്ടു്.

വിന്ധ്യാവലി: എന്താ ഇത്ര ജോലി? ഞാനൊന്നും കണ്ടില്ല. ഒരു ജോലിയുമില്ലെങ്കിലും ഞാൻ അടുത്തു വരുമ്പോഴേയ്ക്കും 'പോവൂ, പോവൂ, ജോലിയുണ്ടു്' എന്നാവും. എല്ലാ ദിവസവും ഇങ്ങനെയാ.

മഹാബലി: (ചിരിച്ചുംകൊണ്ടു്) ഒരു ജോലിയുമില്ലാത്ത

വക്കാ ഏററവുമധികം ജോലി. അതു നിനക്കറിഞ്ഞുകൂടാ അല്ലേ?

വിന്ധ്യാവലി: ഓഹോ, അറിയാം. ഞാൻ ഇപ്പൊ കണ്ടതല്ലേ? ഒരു നിമിഷം നേരെ മുമ്പിലേക്കു നോക്കിയിരിക്കുക, അടുത്ത നിമിഷം പിറകോട്ടു തിരിച്ചിട്ടു പിന്നോക്കം നോക്കിയിരിക്കുക, പെട്ടെന്ന് എന്തോ കടിക്കുന്നുണ്ടെന്നു തോന്നി പിറകോട്ടു തിരിച്ചു തിരിച്ചു നോക്കുക, എന്നിട്ടു പിന്നെ പൊക്കിപ്പിടിച്ച് അതിൻെറ അടിഭാഗം നോക്കുക, പിന്നേയും അതിന്മേലിരിക്കുക. ശരിയാ, വല്ലാത്ത ജോലിത്തിരക്കുതന്നെ. തൊഴിലില്ലാസ്സയ്യാ തലയിലും മേലും കടിക്കുന്നതു് എന്നറിയാത്ത ജോലിത്തിരക്ക്.

മഹാബലി: നീയ്യ് പറഞ്ഞതൊന്നും ഞാൻ ചെയ്തില്ലല്ലോ.

വിന്ധ്യാവലി: ജോലിത്തിരക്കു കൊണ്ട് എന്താ ചെയ്യുന്നതെന്നുകൂടി അറിഞ്ഞുകൂടാ. ഇപ്പൊ വന്നാൽ സന്തോഷമേ ആവുള്ളു എന്നു വിചാരിച്ചാ ഞാൻ അടുത്തു വന്നതു്. അപ്പോഴേയ്ക്കും മുഖം വീർത്തു. മുഖരോമവുംകൂടി എണീററുനിന്ന് 'പോ, പോ' എന്നു പറഞ്ഞുതുടങ്ങി. എനിക്കു കരയാൻ തോന്നുന്നുണ്ട്. എന്നിട്ടും ഞാൻ ചിരിക്ക്യാ.

മഹാബലി: ജോലിയൊന്നും ചെയ്യാതിരിക്കുമ്പോൾ ജോലി ചെയ്യാതിരിക്ക്യാ എന്നു തോന്നില്ല. ആരെങ്കിലും ജോലിയില്ലാത്തവരായാലും, നിന്നെപ്പോലെ നിറച്ചു ജോലിയുള്ളവരായാലും അടുത്തു വരുമ്പോഴാ 'ഓ, ഞാൻ ഇതേവരെ ഒന്നും ചെയ്തില്ല. എന്തെങ്കിലും ചെയ്യണം' എന്നു തോന്നുക.

വിന്ധ്യാവലി: എന്നാ എന്നെയാവരുതേ എന്തെങ്കിലും ചെയ്യുക? എൻെറ ഈ നല്ലമൂക്കുത്തി പിടിച്ചുവലിക്ക്യേ,

എന്നെ എടുത്തു മേളിലേയ്ക്ക് എറിഞ്ഞു പിടിക്ക്യേ, കാലിന്മേൽ പിടിച്ച തല കീഴ്പോട്ടാക്കി തൂക്കിയിട്ട് ആട്ടുകേ, ഒന്നുമില്ലെങ്കിൽ എൻെറ പുറം കടിക്ക്യേ.

മഹാബലി: ചക്രവത്തിമാരു് പകൽ രാജ്ഞിമാരെ കാണുകതന്നെയരുതു്. പ്രത്യേകിച്ചു ജോലിയില്ലാത്ത ചക്രവത്തിമാരു്.

വിന്ധ്യാവലി: അതെന്തൊരു നിയമമാ! ഞങ്ങൾ വന്നാൽ പകൽ രാത്രിയാവ്വോ? ഞങ്ങൾ ക്ഷുമന്മാരാണോ? അതോ പ്രേതങ്ങളോ?

മഹാബലി: അതൊന്നുമല്ല. കാണരുതാത്തതു നിങ്ങൾ ചക്രവത്തിനിമാരായതുകൊണ്ടുമല്ല. നിങ്ങൾ പെണ്ണുങ്ങളായതുകൊണ്ടു മാത്രം. പെണ്ണിനെ കണ്ടാൽ ചക്രവത്തിയുടെ രാജ്യം മുഴുവൻ അവളുടേതായി. അയാൾ സവ്വും പോയ കഴുതയായി. ഭ്രാന്തുപിടിച്ച കാളയായി... ഇന്നു നിൻെറ പട്ടും മാലയും കൂടി നല്ല യോജിപ്പുണ്ടു്. അസ്സിറിയൻ പട്ടാണോ? (അടുത്തേക്കു പോവുന്നു.)

[അണിയറയിൽ സ്തുതിപാഠകന്മാർ:
മാവേലി നാടുവാണീടും കാലം
മാനുഷരെല്ലാരുമൊന്നുപോലെ
ആധികൾ വ്യാധികളൊന്നുമില്ല
ആപത്തങ്ങാക്കുമൊട്ടില്ലതാനും
ബാലമരണങ്ങൾ കേൾപ്പാനില്ല
നെല്ലിനു നൂറു വിളവതുണ്ടു്"]

(മഹാബലി പെട്ടെന്നു പീഠത്തിൽ പോയി വടിപോലെയിരുന്നു് ചക്രവത്തിയാകുന്നു.)

വിന്ധ്യാവലി: കണ്ടോ, ആ കോന്തന്മാരുടെ സ്തുതി കേട്ടപ്പോഴേയ്ക്കും ഓടിപ്പോയി പീഠത്തിൽ പ്രതിമയായിരി

ക്കുന്നതു്! ചത്തിട്ട പോരെ പ്രതിമയാവാനും വിഗ്രഹമാവാനും! നാണമില്ലല്ലോ.

മഹാബലി: എന്താ, നിന്നെ സ്തുതിക്കാഞ്ഞിട്ടായിരിക്കും നിനക്കു സങ്കടം!

വിന്ധ്യാവലി: എന്നെ ഇങ്ങനെ സ്തുതിച്ചാൽ ഞാൻ അവരെ പഴന്നുറുക്കാക്കി തിന്നും.

മഹാബലി: എന്നെ പപ്പടമായിട്ടു് അതിൽ പൊടിച്ചു കൂട്ടുകയും ചെയ്യുമായിരിക്കും. അസൂയയ്ക്കു് അതിരു വേണം.

വിന്ധ്യാവലി: അവിടുത്തെ നാട്ടിൽ എല്ലാവരും ഒരുപോലെയല്ലേ? അപ്പോ അസൂയയും അവിടുത്തേപ്പോലയാ. എല്ലാവക്കും, ഒരുപോലെയാ.

മഹാബലി: നീ 'ഒന്നുപോലെ'യിൽ വിശ്വസിക്കുന്നില്ല അല്ലേ? ഞാൻ മറന്നുപോയി. പെണ്ണുങ്ങൾ മുഴവൻ ഈ 'ഒന്നുപോലെ'ക്കു വിരോധമാണു്.

വിന്ധ്യാവലി: അതെ. അതെ. അതെ. (അലറിക്കൊണ്ടു്) അതെ...(തണുത്തു്) ഇന്നു കാലത്തു നല്ല ദിവസമാണല്ലോ എന്നു വിചാരിച്ചു്—ഇന്നു നമ്മുടെ വലിയ കാളയുടെ പിറന്നാളാണേയ്—ഈ വെളുത്ത പട്ടുടുത്തു്, ഈ അഞ്ചു് ഇഴയുള്ള മുത്തുമാലയും കെട്ടി, ഞാൻ തൊഴുത്തിലേയ്ക്കു ചെന്നപ്പോൾ അവിടെ പശുവിനെ കറക്കുണതു് ഇതു പോലെ ഒരു പട്ടുടുത്തു് ഇത്രയും വലിയ മുത്തുകൾ തന്നെ കോർത്ത അഞ്ചു് ഇഴ മുത്തുമാലയും കെട്ടിഞെളിയുന്ന ഒരു പെണ്ണു്! ആ കള്ളി ഉണ്ണൂലിയേ! അവിടുന്നു് അട്ടക്കളയിലേയ്ക്കു ചെന്നപ്പോൾ അവിടെ തീയൂതുന്നതും തേങ്ങാ ചിരകുന്നതും പായസം ഇളക്കുന്നതും ഒക്കെ അഞ്ചെഴക്കാരു്, എങ്ങനെ സഹിക്കും?

എനിക്കു് എന്റെ മാല പൊട്ടിച്ചു കിണററിലേക്കെറിയാൻ തോന്നി. എന്റെ പട്ടു് അടുപ്പിലിടാനും. ആ വലിയ കാളയെ വിചാരിച്ചു് അതൊന്നും ചെയ്തില്ല.

മഹാബലി: എല്ലാരും നന്നാവാൻ പാടില്ലേ? നന്നാവുകയല്ലേ വേണ്ടതു്?

വിന്ധ്യാവലി: ഈ ചക്രവർത്തിമാർക്കു് എന്തറിയാം! പാടത്തെ കറുത്ത ചെളി കൊണ്ടുരുട്ടി വച്ച മന്തന്മാർക്കു്! എല്ലാരും ഒരുപോലെ എന്നുവച്ചാൽ എല്ലാരും നല്ലതെന്നല്ല ആരും ആരും നല്ലതല്ല എന്നാണർത്ഥം. (ദേഷ്യം വന്നു്) എല്ലാരും മഹാബലിമാരാണെങ്കിൽ എനിക്കെന്തിനാണെടോ താൻ? ആരെങ്കിലുമായാൽ പോരെ?

മഹാബലി: ദേഷ്യപ്പെടാതിരിക്കുമെങ്കിൽ ഞാൻ മറുപടി പറയാം. ആരെങ്കിലുമായാൽ മതി. ധാരാളം മതി.

വിന്ധ്യാവലി: ഞാൻ ദേഷ്യപ്പെട്ടും. തനിക്കാരായാലും മതി. വിന്ധ്യാവലിയായാലും സഹ്യാവലിയായാലും സന്ധ്യാവലിയായാലും ചക്ക്യാവലിയായാലും ആർച്ചാവലിയായാലും മഹാന്മാർക്കു സമമാണു്. ക്രൂരന്മാർക്കു്. ഞങ്ങൾക്കു് ഇത്തിരികൂടി ഉത്തരവാദിത്വമുണ്ടു്, ഞങ്ങൾക്കു നല്ലകുട്ടികളുണ്ടാവണം. മിട്ടുമിട്ടുക്കന്മാർ. ലോകത്തിലുള്ളെല്ലാവരേക്കാളും കേമന്മാർ. മഹാബലിമാർക്കു് എല്ലാരുമൊരുപോലെയായ സ്വർഗ്ഗരാജ്യമുണ്ടാക്കാനാണു മോഹം. അതു് സ്വർഗ്ഗരാജ്യമല്ല, ജീവനില്ലാത്ത പാവകളുടെ രാജ്യമാണു്. ഞങ്ങൾക്കു നശിക്കുന്നതും ജനിക്കുന്നതും പിന്നേയും നശിക്കുന്നതും, ജനിക്കുന്തോറും നന്നാവുന്നതുമായ ഒരു ലോകമുണ്ടാക്കാനാണു് മോഹം, എനിക്കാരെങ്കിലുമായാൽ പോരാ, മഹാബലിതന്നെ വേണം. മഹാബലിയെപ്പോലെ ആരുമുണ്ടാവ

രുതു്. അവിട്ടത്തെപ്പോലെ അവിട്ടന്നു മാത്രം. എന്നെപ്പോലെ ഞാൻമാത്രം.

മഹാബലി: എൻെറ താഴെ എല്ലാരും, എൻെറ പുറകെ എല്ലാരും ഇണ്ടല്യേ?

വിന്ധ്യാവലി: ഉവ്വ്. പക്ഷേ, എല്ലാരേയും നയിക്കാനല്ല, തട്ടിയോടിക്കാനാണു്. ഞാൻ ഒന്നു തിരിഞ്ഞാൽ മതി ആ പട്ടികളൊക്കെ വാലും പൊക്കിയോട്ടം. അതെനിക്കറിയാം. എനിക്കു് ആരെയാണു വേണ്ടതെന്നും അറിയാം.

മഹാബലി: അപ്പോൾ നിനക്കു ദുഃഖിപ്പിക്കുന്നതാണോ ഇഷ്ടം?

വിന്ധ്യാവലി: ദുഃഖമില്ലാതെ സുഖമില്ല. ഒരു ദുഃഖം വേറൊരു ദുഃഖത്തിന്മേൽ ചെന്നടിച്ചു തകരുമ്പോൾ തെറിക്കുന്ന തീപ്പൊരിയാണു സുഖം. ജീവിതത്തെ ദുഃഖം കൊണ്ടു് അറുക്കുമ്പോൾ അപ്പുറത്തേക്കും ഇപ്പുറത്തേക്കും മറിഞ്ഞുവീഴുന്ന അറുക്കപ്പൊടിയാണു സുഖം.

മഹാബലി: എനിക്കു ദുഃഖവും വേണ്ട സുഖവും വേണ്ട. കുഴപ്പം കൂടാതെ ഇങ്ങനെ കഴിഞ്ഞാൽ മതി.

വിന്ധ്യാവലി: അങ്ങനെയായിരുന്നോ എപ്പോഴും വിചാരം? വിചാരിച്ചതൊക്കെ സാധിച്ചപ്പോൾ മൂന്നു ലോകങ്ങളുടേയും ചക്രവത്തിയായപ്പോൾ ഇനി മറെറാന്നും വേണ്ട, ഇങ്ങനെതന്നെ കഴിഞ്ഞാൽ മതി എന്നായി. തനിക്കു പേടിയാണു്; ഉള്ളതു പോയെങ്കിലോ എന്നു്. എല്ലാവക്കും സുഖം വേണം. എനിക്കു പീഠത്തിന്മേൽ നിന്നെഴുന്നേല്ക്കാൻ വയ്യ. എൻെറ കുടവയറിനു മടിയിൽ കിടക്കലാണു രസം. മൂന്നു ലോകം ജയിച്ച എനിക്കു് ഇപ്പോൾ നാലാമതൊരു ലോകമായ 'കുമ്പ' തടവിക്കൊണ്ടിരിക്കയാണു സുഖം. എൻെറ മഹാബലി,

അന്നു് എന്നെ കാട്ടിലിട്ടോടിച്ചു്, വിന്ധ്യൻ മുഴുവൻ താനോടി, എൻെറ പിന്നാലെ കൂടിയിരുന്ന നൂററിമുപ്പത്തിയാറു പട്ടിരാജാക്കന്മാരേയും കൊടിച്ചിപ്പട്ടികളാക്കി എന്നെ മാറോട്ടു ചേത്ത ആ വീരമാറിൻെറ ഉയരല്പം താഴലും വീക്കലും ചുരുങ്ങലും ഞാൻ ഇനി എന്നെങ്കിലും അനുഭവിക്കുമോ!

മഹാബലി: (ചാടിയെഴുന്നേററിട്ടു്) ഉവ്വു്. (അവളെ പിടിക്കാൻ ചെല്ലുന്നു.)

വിന്ധ്യാവലി: എന്നാൽ എന്നെ പിടിക്കുക കാണട്ടെ.

(ഒരാൾ പിടിക്കാനും മറേറയാൾ ഒഴിയാനും ശ്രമിക്കുന്നു. ഇവിടെ ഒരു നൃത്തമോ കഥകളിയിലെപ്പോലെ ഓടലും പിടിക്കാൻ ശ്രമിക്കലുമോ ആവാം.

ശുക്രാചാര്യർ—ഒരു കോങ്കണ്ണൻ ബ്രാഹ്മണൻ—പ്രവേശിച്ചു ചുമയ്ക്കുന്നു. ആരും കേൾക്കുന്നില്ല. അയാൾ ചുമയ്ക്കു ശക്തി കൂട്ടുന്നു. മഹാബലി പിടിക്കാനുള്ള ശ്രമം നിത്താൻ ഭാവിക്കുമ്പോൾ ശുക്രാചാര്യർ തൻെറ അവസരം കണ്ടു പാടുന്നു.)

ശുക്രാചാര്യർ:

മാവേലി നാടുവാണീടും കാലം
മാനുഷരെല്ലാരുമൊന്നുപോലെ
ആമോദത്തോടെ വസിക്കും കാലം
പാട്ടും കളികളുമെല്ലാവർക്കും.

മഹാബലി: (ശുക്രാചാര്യരെ കണ്ടു ചിരിച്ചു്) താനും തുടങ്ങിയൊ ഈ പൊള്ളപ്പാട്ടു്; കോങ്കണ്ണനായിട്ടും? ഇതു രാജാവുള്ളപ്പോൾ സേവക്കാർ പാടും. മററുള്ളവരാരും പാടുകയില്ല. രാജാവു മരിച്ചാൽ മററുള്ളവരൊക്കെ പാടും. സേവക്കാർ മാത്രം അപ്പോൾ പാടുകയില്ല. അല്ലേ സേവകാ, ബ്രാഹ്മണസേവകാ?

ശുക്രാചാര്യർ: ചക്രവത്തിയവിടുന്നു് എന്താണു് ഇങ്ങനെ കല്പിച്ചരുളുന്നതു്?

മഹാബലി: എടോ എനിക്കു നാട്ടു വാഴണ്ട. നാട്ടുവാഴന്തോറും നാടല്ല വല്യതാവണത്, നട്ടുവാണു്. എനിക്കു് അവളെ പിടിക്കാൻ പററില്ല, കണ്ടോ?

ശുക്രാചാര്യർ: ഹേ, വിരോചനപുത്രനായ അസുരേശ്വരാ, ചക്രവത്തിമാർ പ്രദ്രവം ചെയ്യരുതു്. ചെയ്താൽ പ്രാഗത്ഭ്യത്തിൻെറ പലായനമാണു് ഫലം. ബഹുമാന്യതയുടെ ഭീമനഷ്ടവും.

വിന്ധ്യാവലി: ആളുകൾ ബഹുമാനിക്കുന്തോറും തന്നത്താൻ ബഹുമാനമില്ലാതാവും. വയറുകൊണ്ടു കുനിയാത്ത ആളു് മററുള്ളവക്കു ബഹുമാന്യനാണു്. തനിക്കു തന്നെയോ ഒരു ഭംഗിയും ഉശിരുമില്ലാത്ത പോക്കു്. (ചിരിക്കുന്നു.)

ശുക്രാചാര്യർ: ചക്രവത്തിനി സ്വല്പംകൂടി ഗൗരവമായിരുന്നാലും, ഹാസം ആസുരമാണു്.

മഹാബലി: ഹേ അസുരഗുരോ, എനിക്കു ചക്രവത്തിപ്പണി മതിയായി. ഞാൻ പഴയ അസുരനായി തിരിയെ വല്ല കാട്ടിലേക്കും പൊയ്ക്കൊള്ളാം.

ശുക്രാചാര്യർ: അവിടുന്നു നേരമ്പോക്കു്, അല്ല നമ്മം, പറയുകയാണു്. അവിട്ടത്തെപ്പോലെ ഒരു ചക്രവത്തി ഇന്നേവരെ മൂന്നു ലോകങ്ങളിലും ഭരണം നടത്തിയിട്ടില്ല.

വിന്ധ്യാവലി: ഇനി തുടങ്ങും എല്ലാരും ഒന്നുപോലെ എന്നു്. രണ്ടാം വാക്കിനു് ഇവിടെ ആളുകൾക്കു് അടിയല്ല, ചെവിടത്തടിയേക്കാൾ സഹിക്കവയ്യാത്ത ഈ 'ഒന്നുപോലെ'യെന്ന പാട്ടിൻകഷ്ടം ആണു്. അതിൽ പാട്ടിൻെറ ഗുണംകൂടിയില്ല താനും.

ശുക്രാചാര്യർ: സത്യത്തിനു സംഗീതത്തിൻെറ സഹായം വേണ്ട.

മഹാബലി: എന്നാൽ പാട്ടല്ലാത്ത സത്യം പറയട്ടെ. എല്ലാരും ഒന്നുപോലെയെന്നതിൽ ഒരു മെച്ചവുമില്ല. കാട്ടാളന്മാർ എല്ലാരും ഒരുപോലെയാണു്. കരടികൾ എല്ലാം ഒരുപോലെയാണു്. ഞാഞ്ഞൂളുകൾ എല്ലാം... പരിഷ്കാരമുള്ള മനുഷ്യൻ മാത്രമാണു്, എല്ലാരും ഒരുപോലെയല്ലാതുള്ളതു്. അല്ലാതിരിക്കേണ്ടതും. ഒരാൾതന്നെ എപ്പോഴും ഒരുപോലെയിരിക്കുന്നതു് മരണലക്ഷണമാണു്. എനിക്കു് ഈ നാട്ടു വല്ല കഴുതയുടേയും തലയ്ക്കു വെച്ചു രക്ഷ നേടണം. ഇന്നു വല്ലവരും ഭിക്ഷയ്ക്കു വന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ ഞാൻ ഈ ത്രിലോകങ്ങളും ദാനം ചെയ്തു കാട്ടു കയറും.

വിന്ധ്യാവലി: ഹ ഹ ഹ! ഹി ഹി ഹി! ഹു ഹു ഹു! അയ്യോ എന്തു സന്തോഷം. എനിക്കു സഹിക്കവയ്യേ! (ആഹ്ലാദംകൊണ്ടു് തുള്ളിച്ചാടുന്നു, നൃത്തം ചെയ്യുന്നു, കരയുന്നു )

ശുക്രാചാര്യർ: സ്വാമിൻ, ഇന്നും ആരും ഭിക്ഷയ്ക്കു് ആഗതരായിട്ടില്ല. ഹോമാനന്തരം ഞങ്ങൾ സുദീർഘകാലം കാത്തിരുന്നു.

മഹാബലി: കൊടുത്താൽ മേടിക്കാനാളില്ലാത്ത നാട്ടു് എന്തിനാണെടോ! സ്വാതന്ത്ര്യത്തിനോ, കൊടുക്കാനല്ലേ? കൊടുക്കുന്നതിനുള്ള രസം തിന്നുന്നതിലുണ്ടോ? കൊടുത്തിട്ടു തിന്നുകയാണെങ്കിൽ കുറച്ചു ഭേദം. കൊടുത്തിട്ടു പട്ടിണി കിടക്കുകയാണു് ഉത്തമം.

വിന്ധ്യാവലി: ശുക്രാ, താൻ പായസംവെച്ചു നോക്കിയിട്ടുണ്ടോ ഭഗവതിസ്സേവയ്ക്കെങ്കിലും? വച്ചവനു് അതിന്റൊരു സ്വാദും ഇല്ല? മേടിച്ചു കുടിക്കുന്നവനോ? ഇന്നാട്ടിൽ ഒരു കുട്ടിയെപ്പോലും ഈ കൊട്ടാരത്തിൽ വയ്ക്കുന്ന പായസം ഉണ്ണാൻ കിട്ടുന്നില്ല. എന്തിനീ

രാജ്യവും, രാജ്യഭാരവും! സ്ത്രീകൾക്കേ അറിയൂ തന്നത്താൻ വച്ചതിന്നുന്നതിൻെറ സങ്കടം... ഇതിലും ഭേദം വല്ല നാട്ടിലും പോയി പിച്ചയും നടന്നു പട്ടികളുടെ കടി കൊള്ളുകയാ.

ശുക്രാചാര്യർ: ഭിക്ഷാംദേഹികൾക്കാക്കും ഭിക്ഷാംദേഹിത്വം ഇഷ്ടപ്പെട്ടു കണ്ടിട്ടില്ല.

മഹാബലി: ചക്രവൎത്തിമാൎക്ക് ചക്രവൎത്തിത്വവും. ഞാൻ കാട്ടിലേക്കു പോവുകയാണു്. കാടനാവാം; യോഗിയാവാം; മഹായോഗിയായ പരമേശ്വരനുമാവാം.

വിന്ധ്യാവലി: ഞാനുമുണ്ടു കാട്ടിലേക്കു്. പുലിനഖവും ആനക്കൊമ്പും കഴുത്തിലിട്ടു് കാട്ടാളത്തിയാവാം. പരമശിവനെ തപസ്സുചെയ്യുന്ന പാൎവ്വതിയാവാം. പിടിയാനയായി നടന്നു് ആനക്കുട്ടിയെ പ്രസവിക്കാം.

ശുക്രാചാര്യർ: ക്ഷുൽപിപാസകൾകൊണ്ടു പരവശരാവാം. വന്യമൃഗങ്ങൾക്കു് ആഹാരമാവാം. മാംസശൂന്യതകൊണ്ടു സിംഹങ്ങളാൽ ഉപേക്ഷിക്കപ്പെട്ടു താങ്കളുടെ ദേഹം കുറുക്കന്മാൎക്കു കടിക്കാനും കടിപിടി കൂടാനും മാത്രമായി ഭവിക്കാം.

മഹാബലി: രാജധാനിയിൽ താമസിക്കുന്ന ആചാൎയ്യന്മാൎക്കേ അങ്ങനെ തോന്നൂ. ഞങ്ങൾക്കു പട്ടിണി ജീവനുണ്ടാക്കും, ഉശിരുണ്ടാക്കും, ശൌൎയ്യമുണ്ടാക്കും... വേണമെങ്കിൽ വലിച്ചെറിഞ്ഞുകളഞ്ഞ മൂന്നു ലോകങ്ങളും ഞങ്ങൾ രണ്ടു നിമിഷംകൊണ്ടു വീണ്ടെടുക്കും.

വിന്ധ്യാവലി: ഒന്നുമില്ലെങ്കിൽ എനിക്കു് ഒരു കുട്ടിയെങ്കിലുമുണ്ടാവാം. രാജ്ഞിമാൎക്കാണു് കുട്ടികളില്ലായ്ക. പാവങ്ങൾക്കു് എത്ര വേണമെങ്കിലുമാ... താൻ ഈ യാഗമൊക്കെ ചെയ്തിട്ടു് എനിക്കൊരു കുട്ടിയുണ്ടായില്ലല്ലോ. ഹോമം അബദ്ധം. വിശപ്പും ചടപ്പും വന്നാൽ

കുട്ടിയായി. പുകയും പാൽപ്പായസവും കൊണ്ടു് എന്തു പ്രയോജനം?

ശുക്രാചാര്യർ: പറഞ്ഞാൽ മനസ്സിലാവാത്തവർക്കു് പൊള്ളുമ്പോളറിയും.

വിന്ധ്യാവലി: അതിന്നു സംസ്കൃതം കിട്ടിയില്ല, അല്ലേ. പൊള്ളുമ്പോൾ അറിഞ്ഞോട്ടെ. ശുക്രാ, ഇന്നു് ആരെയെങ്കിലും പിടിച്ചു കൊണ്ടുവരണം ഉണ്ണാൻ. നല്ല ദിവസമാണു്. ഞാൻ ഒററയ്ക്കു് ഉണ്ണുകയില്ല.

മഹാബലി: ദാനം മേടിക്കാനും.

ശുക്രാചാര്യർ: ശ്രമിക്കാം. ബഹിർഗമിച്ചാൽ ഈയുള്ളവനെ ആളുകൾ ഹഠാൻ ഗ്രഹിച്ചുകൊണ്ടു പോവും, ദാനപ്രദാനത്തിനും അന്നപ്രാശനത്തിന്നും. ഇതിമേ ഭയം. സകല ഗൃഹദ്വാരങ്ങളിലും ആളുകൾ ഉദ്യതരായി നില്പുണ്ടു്, മനുഷ്യഗ്രഹണാത്തിനായി. ചില ബാലകർ കന്ദുകക്രീഡാവ്യാജേന സാധുക്കളെ അഷ്ടിക്കു് ആകർഷിക്കാൻ നിൽപ്പുണ്ടു്, രാജമാർഗ്ഗങ്ങളിലൊക്കെ.

മഹാബലി: എടോ പ്രാകൃതാ, തനിക്കു മലയാളം പറയാൻ അറിഞ്ഞുകൂടേ? ഇന്നാട്ടിലല്ലേ ജനിച്ചുവളർന്നേ! ഇനി ഇവിടെ ഒരു സംസ്കൃതവാക്കു കേൾക്കരുതു്. ദാനത്തിനു് ആളെ കൊണ്ടുവരൂ. സഹായത്തിനു ശിഷ്യന്മാരേയും കൊണ്ടുപോവൂ. ക്ഷണിക്കുന്നതു മലയാളത്തിൽ വേണം സംസ്കൃതംകൊണ്ടു് സാധുക്കളെ പേടിപ്പിക്കരുതു്. വേഗം കൊണ്ടുവരൂ. മലയാളത്തിൽ, സംസ്കൃതത്തിൽ അല്ല കേട്ടോ? വേഗം വേണം, ദാനത്തിനു സമയമായി. ഞങ്ങൾ യാഗശാലയിൽ ഉണ്ടാവും.

(ശുക്രാചാര്യർ ധൃതിപിടിച്ചു പോവുന്നു. മഹാബലിയും വിന്ധ്യാവലിയും യാഗശാലയിലേക്കു സാവധാനം നടക്കുന്നു.)

[തിരശ്ശീല]

## രംഗം രണ്ടു്

[യാഗശാല—തൃക്കാക്കര അമ്പലത്തിൻേറയും മഹാബലിയുടെ കൊട്ടാരത്തിൻേറയും ഇടയ്ക്കു്.]

മഹാബലി: ഒരെണ്ണം തിരികെ വരണില്ലല്ലൊ. ഈ തീയ്യു കാക്കണ്ട ചുമതലയും നമ്മുടെയായി.

വിന്ധ്യാവലി: മന്ത്രം ചൊല്ലാനും തല കീഴ്പോട്ടാക്കി തപസ്സു ചെയ്യാനും മുട്ടയുക്തി പറയാനും അല്ലാതെ ഈ ശുക്രനെന്തറിയാം? അവൻേറ ശിഷ്യന്മാർ അതിലും മോശം. അർത്ഥമറിയാത്ത മന്ത്രം ചൊല്ലാൻ കൊള്ളാം.

(ശുക്രാചാര്യർ ഓടിവന്നു കിതയ്ക്കുന്നു. മിണ്ടാൻ പററുന്നില്ല.)

വിന്ധ്യാവലി: എന്താ ആരുമില്ലേ ദാനം മേടിക്കാൻ? ശുക്രനു് എന്തു പററി?

(ശുക്രാചാര്യർ പിന്നേയും കിതയ്ക്കുന്നു.)

മഹാബലി: തൻേറ കിതപ്പുകൊണ്ടു് അഗ്നി കെട്ടുപോവും കേട്ടോ. എന്നാൽ വലിയ മാററിത്തമായി. ഒന്നങ്ങോട്ടു തിരിഞ്ഞുനിന്നു കിതയ്ക്കു.

ശുക്രാചാര്യർ: സ്വാമിൻ വിരോചനപുത്രാ, ഈയുള്ളവൻ ഒരുവിധം രക്ഷപ്പെട്ടു. ശിഷ്യന്മാരെല്ലാം അകപ്പെട്ടുകയും ചെയ്തു.

മഹാബലി: നമ്മുടെ കാളത്തേവരു് ഓടിക്കാൻ വന്നോ? അതോ താടി കടിച്ചു വലിച്ചോ തിന്നാൻ? ഇന്നവനെ സൂക്ഷിക്കണം അവൻേറ പിറന്നാളാ.

ശുക്രാചാര്യർ: കാളയല്ല. പപ്പടത്തിൻേറം പാൽപ്രഥമൻേറം വറത്തുപ്പേരിയുടേം വാസന. പോരെങ്കിൽ വച്ചുണ്ടാക്കിയ സ്ത്രീകളുടെപഞ്ചാരവാക്കും. എൻേറ ശിഷ്യന്മാരൊക്കെ പെട്ടുപോയി.

വിന്ധ്യാവലി: എന്നുവച്ചാൽ? അവരു വേറെ ദിക്കിൽ

ഉണ്ണാൻ പോയീന്നോ? അവരുല്ല ഇവിടെ ഉണ്ണാൻ ന്നോ?

ശുക്രാചാര്യർ: എന്തു ചെയ്യും? ഞാൻ ആവുന്നതും പറഞ്ഞു നോക്കി. അവർ പറയ്വാ, ദിവസോം ഈ കൊട്ടാരത്തിലെകാളനും ഓലനും എരിശ്ശേരീം പുളിശ്ശേരീം കൂട്ടി മട്ടത്തുന്നു്. ഇവിടെ എന്നും ഒരു സ്വാദാന്നാ പറയണേ. ഇന്നെങ്കിലും വേറൊരു സ്വാദറിയണമത്രെ അവക്ക്. ഭക്ഷണപ്രിയന്മാരല്ലേ ബ്രാഹ്മണരു്?

വിന്ധ്യാവലി: മാവേലി നാട്ടുവാഴണ കാലമല്ലേ? അവിടേം സ്വാദ്ദ് ഇതുതന്നെയായിരിക്കും. എല്ലാം ഒന്നല്ലേ? മണ്ടന്മാരു്!

ശുക്രാചാര്യർ: അതുണ്ണുമ്പോഴല്ലേയറിയുള്ളൂ? ഒട്ടവിലത്തെ ശിഷ്യനുംകൂടി വേറെവീട്ടിലേക്കു തിരിച്ചപ്പോ ഞാൻ കണ്ണും മൂക്കും പൊത്തി ഓടി, ഇങ്ങോട്ടു്. പിള്ളേരു് കൂക്കുവിളിച്ചുകൊണ്ടു് എന്റെ പിന്നാലേം. അല്ലെങ്കിൽത്തന്നെ അവക്ക് എന്നെക്കണ്ടാൽ ചിരിയാ. ഞാൻമാത്രമല്ലേ ഈ നാട്ടിൽ കോങ്കണ്ണനുള്ളൂ?

മഹാബലി: ശുക്രനെങ്കിലും തിരികെ വന്നല്ലോ. അഗ്നി കാക്കാനെങ്കിലും ആളായി. ഞാൻ പാളകൊണ്ടു വീശുമ്പോളൊക്കെ പാള തീയിൽക്കൊണ്ടു പൊരിതെറിക്കാ... ചക്രവത്തിയായി, ത്രിലോകചക്രവത്തിയായി, തീ കെടാതെ നോക്കാനുംകൂടി അറിയാത്തവനായി.

വിന്ധ്യാവലി: (ചിരിച്ചുംകൊണ്ടു്) ചക്രവത്തി ഒരുതവണ അറിയാതെ തീ ഊതിപ്പോയി. തലയിലും മീശയിലും മൂക്കിലുമൊക്കെ ചാരം നിറഞ്ഞു. വായിൽനിന്നും കണ്ണിൽനിന്നും കുറെയധികം പുക പോയി, അഗ്നിപവ്വതത്തീന്നെന്നപോലെ.

ശുക്രാചാര്യർ: അപകടമായോ? ഇനി തീയാദ്യേ ഉണ്ടാക്കണോ? എന്റെ ഈശ്വരാ...

മഹാബലി: എന്റെ നന്ദികെട്ട മുതുകാളേ, ദാനം മേടിക്കാൻ ഒരാളെ ഉണ്ടാക്കിത്തരണേ!

(ഒരു സുമുഖൻ ഉണ്ണിനമ്പൂരി—കണ്ടാൽ അഞ്ചുവയസ്സേ തോന്നിക്കൂ—ഓടി അകത്തേക്കു പ്രവേശിക്കുന്നു. ദണ്ഡ്, കമണ്ഡലു, ഓലക്കുട ഇവ കയ്യിലുണ്ട്. പൂണുനൂൽ, കൃഷ്ണാജിനം, ഇവ ധരിച്ചിട്ടുണ്ട്. അരയിൽ പാവുമുണ്ടു കെട്ടിയിട്ടുണ്ട്. ഉണ്ണി പരിഭ്രമിച്ച് അങ്ങോട്ടുമിങ്ങോട്ടും നോക്കുന്നു)

വാമനൻ: സദ്യേം ദാനോം ഒക്കെ കഴിഞ്ഞോ? ബ്രാഹ്മണരെ ആരേം വഴീൽ കാണാഞ്ഞപ്പോ ഞാൻ ഓടി. എന്നിട്ടും ഒക്കെ കഴിഞ്ഞപോലെയാണല്ലോ തോന്നണേ? അബ്രാഹ്മണരുടേംകൂടി ഊണുകഴിഞ്ഞപോലെയാണ് പുറത്തു വീഥികളിൽ കണ്ടതു്... (ശുക്രാചാര്യനോട്) ഏയ് ബ്രാഹ്മണ, ഒക്കെ കഴിഞ്ഞോ? കഴിഞ്ഞോ?

മഹാബലി: (ഓടി അടുത്തേക്കു ചെന്നു് വാമനനെ വാരിയെടുത്തു് ഉമ്മവെച്ചിട്ടു്) ഇല്ല, മിടുക്കാ, ഇല്ല.

(ഉണ്ണി കുതറാൻ ഭാവിക്കുന്നു.)

വിന്ധ്യാവലി: ഇയാൾക്കു് ഉണ്ണിയെ എടുക്കാനും അറിഞ്ഞുകൂടാ. ഇങ്ങോട്ടു തരൂ. (മേടിച്ചു് ഉമ്മകൊണ്ടു മൂടുന്നു) ഇതാ സുഖം അല്ലേ? ആ വിദ്വാന്റെ മീശ ഉണ്ണീടെ കണ്ണിൽ പോയി ഇല്ലേ?

വാമനൻ: എന്നെ വിടുന്നു്. ഞാൻ കൊച്ചുകുട്ടിയല്ല. എന്റെ ഉപനയനംകഴിഞ്ഞതാ. ഞാൻ വലിയ ആളായി. നോക്കൂ. എനിക്കു് നിങ്ങളെന്നെ കുട്ടിയാക്കണതു് ഒട്ടും ഇഷ്ടമല്ല കേട്ടോ. ഞാൻ വലിയ ആളാ. (കുതറിയിറങ്ങി) ഞാൻ ഇപ്പൊ ബ്രാഹ്മണനാ, ഗായത്രിയും

'ചമത'യും പഠിച്ച മഹാബ്രാഹ്മണൻ. (വലിയ ആളാണെന്നു നടിച്ചു നില്ക്കുന്നു.)

ശുക്രാചാര്യർ: ബ്രാഹ്മണകുമാരനെ ഇങ്ങനെയല്ല സ്വാഗതം ചെയ്യേണ്ടതു്. കാലു കഴുകിച്ചു് ആസനം കൊടുക്കൂ.

വാമനൻ: ഇശ്ശി വഴിനടന്ന കാലാ. മുഴുവൻ പൊടിയാ.

വിന്ധ്യാവലി: എനിക്കു് ഈ പൊടി ഇഷ്ടാ. (വാമനനെ എടുത്തു് അയാളുടെ കാലു് ഉടുത്ത പട്ടിന്മേൽ തുടക്കുന്നു. പൊടി കുറെ മുഖത്തും തേക്കുന്നു)

മഹാബലി: ഇന്നു കുളിച്ചിട്ടു ഞാൻ പൊടി തലേൽ തിരുമ്മീല്ല. (കുനിഞ്ഞു് ഉണ്ണിയുടെ കാലുരണ്ടും തലയിൽ വെച്ചു തിരുമ്മുന്നു.)

വാമനൻ: (ചാടിയിറങ്ങി) ഇതെന്താ? ഒരു വൃത്തിയില്ലേ നിങ്ങൾക്കു ? ഞാൻ വലിയ ആളാ, നോക്കൂ (ഏങ്ങി ഏങ്ങി നടക്കുന്നു). എനിക്കു നിങ്ങടെ സ്നേഹമല്ല വേണ്ടതു്. ബഹുമാനം. ഞാൻ കൊച്ചുകുട്ടിയല്ല. ബ്രാഹ്മണനാണു്.

മഹാബലി: (ചിരിച്ചുംകൊണ്ടു്) ആഹാ? ശരി. ഹേ ബ്രഹ്മൻ! അങ്ങേയ്ക്കു സ്വാഗതം. അങ്ങേയ്ക്കു ഞങ്ങളെന്തൊന്നാണു ചെയ്യേണ്ടതെന്നു് അരുളിച്ചെയ്താലും, ഹേ ഭഗവൻ! നിന്തിരുവടി ഞങ്ങളുടെ ഗൃഹത്തിൽ ആഗമിച്ചതുകൊണ്ടു ഞങ്ങളുടെ പൂർവ്വപിതാക്കന്മാരെല്ലാം ഉദ്ധരിക്കപ്പെട്ടു. ഇന്നു ഞങ്ങളുടെ വംശം പരിശുദ്ധമായി, ഇന്നു് ഈ യാഗം ശോഭനമായി യജിക്കപ്പെട്ടു.

വാമനൻ: താനെന്നെ കളിപ്പിക്കുകയാണോ?

വിന്ധ്യാവലി: (ചിരിച്ചുംകൊണ്ടു്) ഹേ ബ്രാഹ്മണസൂനോ, അങ്ങയുടെ കാലടിപ്പൊടികൊണ്ടു് ഞങ്ങളുടെ

പാപം മുഴവൻ നശിച്ചു. ഞങ്ങളുടെ ഭൂമിയും പരിശുദ്ധമാക്കപ്പെട്ടു.

വാമനൻ: ഇവരെന്നെ പരിഹസിക്കുകയാ. അല്ലേ കോങ്കണ്ണുബ്രാഹ്മണാ; താടിക്കാരാ?

ശുക്രാചാര്യർ: അല്ല. എങ്കിലും ഇത്രവേഗം വലിയ ആളാവാൻ നോക്കണതു നല്ലതല്ല ഉണ്ണിക്കു്. കോങ്കണ്ണനാണെങ്കിലും കാണണതു സത്യമാ. (അഗ്നി വീശി കത്തിക്കാൻ പോകുന്നു. ഹോമം തുടരാനും.)

മഹാബലി: (ഗൗരവമായി) ഹേ വടോ, അങ്ങു് അൎത്ഥിയാണെന്നു ഞാൻ ഊഹിക്കുന്നു. യാതൊന്നിനെ അങ്ങു ആഗ്രഹിക്കുന്നുവോ അതു് എന്നിൽനിന്നു ഗ്രഹിച്ചാലും. പശുവിനേയോ സ്വൎണ്ണത്തേയോ ഗുണവത്തായ ഭവനത്തേയോ മൃഷ്ടമായ അന്നപേയങ്ങളേയോ സമൃദ്ധങ്ങളായ ഗ്രാമങ്ങളേയോ കുതിരകളേയോ ആനകളേയോ രഥങ്ങളേയോ (അടുത്തുചെന്നു കവിളത്തു പിടിച്ചു്) അല്ലെങ്കിൽ അത്യന്തം അർഹയായ ബ്രാഹ്മണകന്യകയേയോ ഇഷ്ടംപോലെ ഗ്രഹിച്ചുകൊൾക.

വാമനൻ: (നാണിച്ചും ചിരിച്ചുംകൊണ്ടു്) എന്റെ ഉപനയനം കഴിഞ്ഞിട്ടേയുള്ളു. സമാവൎത്തനം കഴിഞ്ഞിട്ടില്ല. പഠിപ്പൊക്കെ തുടങ്ങീട്ടേയുള്ളു. ഞാൻ കുട്ടിയാ. എന്നാലും വലിയ ആളുമാണു്. എന്നോടു മലയാളത്തിൽ പറഞ്ഞാൽ മതി. സംസ്കൃതം വലിയ പിടിത്തമില്ല.

മഹാബലി: എന്റെ മിടുക്കാ, എന്റെ ഉണ്ണീ, സന്തോഷായി, സന്തോഷായി, വന്നതു സന്തോഷായി.

വിന്ധ്യാവലി: എന്താ വേണ്ടതു്, മുന്തിരിങ്ങാപ്പഴം വേണോ? കല്ക്കണ്ടം വേണോ? പഴം വേണോ? എന്നെത്തന്നെ വേണോ?...എത്രനാളായി ഞങ്ങൾക്കു ദാനം

കൊട്ടക്കാൻ ഒരു ബ്രാഹ്മണക്ഷണത്തിനെ കിട്ടിയി ട്ട്! എത്ര നാളായി ഞങ്ങൾ ഒരുണ്ണിക്കുണ്ണനെ കാത്തിരിക്കുന്നു, മുല കൊട്ടക്കാൻ.

വാമനൻ: ഞാൻ ഉപനയനം കഴിഞ്ഞ ഉടനെ ഓടി ഇങ്ങോട്ട്. എനിക്കു ദാനം മേടിക്കാൻ എന്തു മോഹമാണോ! ഇന്നാ ആദ്യത്തെ ദാനം മേടിക്കൽ.

മഹാബലി: ഇന്നാവാം അവസാനത്തേം.

വാമനൻ: എന്താ നിങ്ങളെന്നെ പിടിച്ചു ഹോമിക്കോ മറേറാ ചെയ്യോ! എനിക്ക് ആ തീ കത്തിക്കുന്ന താടിക്കാരനെ പിടിക്കുന്നില്ല.

ശുക്രാചാര്യർ: ആഹാ?

മഹാബലി: ഉണ്ണിക്കെന്താ വേണ്ടേന്നു പറയൂ.

വാമനൻ: ചോദിച്ചതെന്തായാലും തരാമോ? തീർച്ചയാണോ?

മഹാബലി: തീർച്ച.

വാമനൻ: പറഞ്ഞിട്ടു വാക്കു മാറിപ്പറയോ, പിള്ളേരെപ്പോലെ...?

മഹാബലി: ഞാൻ പിള്ളേരല്ലല്ലോ.

വിന്ധ്യാവലി: കുറെയൊക്കെ പിള്ളയാണ് ട്ടോ, മീശയുണ്ടെങ്കിലും; എനിക്കറിയാം.

വാമനൻ: പിള്ളേരു കുറെയൊക്കെ വല്യ ആളുകളാണ് മീശയില്ലെങ്കിലും, എന്നെപ്പോലെ.

മഹാബലി: എന്താ വേണ്ടേന്നു പറയൂ.

വിന്ധ്യാവലി: ഞങ്ങൾക്കു തരാൻ ധൃതിയായി.

വാമനൻ: വാക്കു മാറോ?

മഹാബലി:<br>
വിന്ധ്യാവലി: } (ഒരുമിച്ച്) ഇല്ല. ഇല്ല.

വാമനൻ: 'ന്നാൽ എനിക്ക് എന്റെ ഈ കാൽ കൊണ്ട്

അളന്ന മൂന്നടി ഭൂമി വേണം. കുറച്ചു ഭൂമി! (ചിരിക്കുന്നു.)

(മഹാബലി പൊട്ടിച്ചിരിക്കുന്നു. ശുക്രാചാര്യർ നീണ്ട ചുമയ്ക്കുന്നു. വിന്ധ്യാവലി നീട്ടിച്ചിരിക്കുന്നു.)

എന്താ ചിരിക്കണേ? എനിക്കു് ആവശ്യത്തിലധികം ഒട്ടും ചോദിക്കാൻ അറിഞ്ഞുകൂടാ. പിന്നെ അമ്മ പറഞ്ഞിട്ടും ഉണ്ടു് നല്ല കുട്ടികൾ അധികം ചോദിക്കുല്ല്യ എന്നു്. (ചിരിക്കുന്നു.)

മഹാബലി: എൻെറ ഉണ്ണീ, വലിയ വൃദ്ധന്മാരും തലകുലുക്കി സമ്മതിക്കുന്ന പോലെയാ നിൻെറ വാക്കു്. എന്നാലും നീ കുട്ടിയാണു്. നിൻെറ ബുദ്ധിയും കുട്ടിത്തം വിടാത്ത ബുദ്ധിയാ. നിനക്കു സ്വാൎത്ഥം അറിഞ്ഞുകൂടാ. സൎവ്വലോകങ്ങളുടേയും ഈശ്വരനായ എൻെറയടുക്കൽ നിന്നു്, ഒരു വലിയ ദ്വീപുപോലും ഒരു നിമിഷംപോലും ആലോചിക്കാതെ തരാൻ തയ്യാറായ എൻ്റെ അടുക്കൽ നിന്നു്, മൂന്നടി ഭൂമി ചോദിക്കുകയോ? താനോ ബുദ്ധിമാൻ? അതോ മിടുക്കൻ എന്നെ കളിപ്പിക്കുകയാണോ? വേണ്ടതൊക്കെ ചോദിച്ചോളാം എന്നു പറഞ്ഞു് എന്നെ സന്തോഷിപ്പിച്ചിട്ടു്? എൻ്റെയടുക്കൽ വന്നിട്ടു് ആരും പിന്നെ യാചിക്കാൻ ഇടവരരുതു്. അതുകൊണ്ടു് ഇഷ്ടംപോലെ മതിയാവോളം ഭൂമി മേടിച്ചോളൂ.

വിന്ധ്യാവലി: കാലു നീട്ടിയളന്നോളൂ. നീളുമോ ഈ കൊച്ചുകാലു്?

വാമനൻ: കാലു കൊച്ചാണെങ്കിലും അടി വലുതാ. (ചിരിക്കുന്നു) എനിക്കിതു മതി. സന്തോഷായി. പിന്നെ അമ്മയും അച്ഛനും എല്ലാരും പഠിപ്പിച്ചിട്ടുണ്ടു് ആവശ്യമുള്ളതേ ചോദിക്കാവൂന്നു്. ദുര തുടങ്ങിയാൽ അവ

സാനമില്ലാന്നും. നിങ്ങടെ അമ്മ, അവർ എന്റെ വലിയമ്മയാ, അതു പഠിപ്പിച്ചിട്ടില്ലാ അല്ലേ? പിന്നെ തൊന്നൊന്നു പറഞ്ഞേക്കാം, ഞാൻ കുട്ടിയല്ല, വലിയ ആളാ ('മുണ്ടൻ' വലിയവനായിട്ടു നടക്കുന്നു). കാലു ചെറുതാണെങ്കിലും അടി വലുതാ.

വിന്ധ്യാവലി: (ചിരിച്ചുകൊണ്ടു്) കാലുകൊണ്ടാ തന്റെ അടി. കാലു കൊണ്ടു ചവിട്ടല്ലേ മുണ്ടാ!

വാമനൻ: ഞാൻ വലിയ ആളാ. എന്റെ പേരെന്താണെന്നറിയാമോ, ത്രിവിക്രമനെന്നു്.

(വിന്ധ്യാവലി ചിരിക്കുന്നു.

ശുക്രാചാര്യർ വല്ലാതെ ചുമയ്ക്കുന്നു; അകത്തേക്കു പുക പോയ പോലെ.)

മഹാബലി: എന്നാൽ മോഹമുള്ളതു മേടിച്ചോളു. (ദാനം ചെയ്യാൻ കിണ്ടി വെള്ളം എടുക്കുന്നു.)

വാമനൻ: മൂന്നടി മതീട്ടോ. (പലകയിൽ ഇരിക്കുന്നു.)

[അണിയറയിൽ:

മാവേലി നാടു വാണീടും കാലം
മാനുഷരെല്ലാരുമൊന്നുപോലെ
കള്ളവുമില്ല ചതിയുമില്ല
എള്ളോളമില്ല പൊളിവചനം
കള്ളപ്പറയും ചെറുനാഴിയും
കള്ളത്തരങ്ങൾ മറ്റൊന്നുമില്ല
വെള്ളിക്കോലാദികൾ നാഴികളും
എല്ലാം കണക്കുകൾ തുല്യമാണു്.]

(വാമനൻ പാട്ടു കേട്ടു നല്ലവണ്ണം കുലുങ്ങി ചിരിക്കുന്നു. മഹാബലി കിണ്ടി ചരിക്കുന്നു.)

ശുക്രാചാര്യർ: (ചാടിയെണീററിട്ടു്) മണ്ടാ, അരുതു്.

വാമനൻ: എന്നെയാണോ മണ്ടാ എന്നു വിളിക്കുന്നതു്?

(മന്ദഹസിച്ചുകൊണ്ടു് എഴുനേല്ക്കുന്നു.)

ശുക്രാചാര്യർ: അല്ല, അസുരേശ്വരനായ എന്റെ ശിഷ്യനെ.

വാമനൻ: എടോ ശുക്രക്കണ്ണാ, അല്ല സുന്ദരമൂത്തേ, വേണ്ടെങ്കിൽ വേണ്ട. മഹാബലേ, ഈ സർവ്വജ്ഞാനിക്കു പറയാനുള്ളതൊക്കെ കേട്ടിട്ടു മതി ഇനി ദാനം. അതുവരെ ഈ പലകയിൽ കയ്യും നീട്ടി ഇരിക്കുക സങ്കടമാ. ഞാൻ അകത്തുപോയി ഇരിക്കാം. (പോവുന്നു.)

മഹാബലി: പോവണ്ട.

വിന്ധ്യാവലി: ഈ ശുക്രനെ പേടിയോ! മുണ്ടനും മണ്ടനുമല്ലേ, എങ്ങനെ പേടിക്കാതിരിക്കും?

മഹാബലി: എന്താ ശുക്രാ, ഇങ്ങനെ സർവ്വംമുടക്കിയായിത്തീരുന്നതു്?

ശുക്രാചാര്യർ: ഇവൻ മുണ്ടനുമല്ല, മണ്ടനുമല്ല; ഉണ്ണിയുമല്ല, ഭിക്ഷുവുമല്ല. ഹേ അസുരചക്രവർത്തിൻ, ഇതു സാക്ഷാൽ വിഷ്ണുഭഗവാനാണ്.

(മഹാബലി അലറുന്നു.)

സംഭവിപ്പാൻ പോകുന്ന അനത്ഥത്തെയറിയാതെയാണ് ഭവാൻ പ്രതിജ്ഞ ചെയ്തിരിക്കുന്നതു്. അസുരന്മാൎക്കു മഹത്തായ കഷ്ടം അടുത്തെത്തിയിരിക്കുന്നു. ഈ വിഷ്ണു അവിടത്തെ സ്ഥാനത്തേയും ഐശ്വര്യത്തേയും സമ്പത്തിനേയും തേജസ്സിനേയും യശസ്സിനേയും അപഹരിച്ചിട്ട് ഇന്ദ്രന്നായിക്കൊണ്ടു ദാനം ചെയ്യും. സർവ്വസ്വവും വിഷ്ണുവിനു കൊടുത്തിട്ട്, മൂഢാ, നീ എന്തു ചെയ്യും? രണ്ടടികൊണ്ടു് അയാൾ ഭൂമിയേയും സ്വർഗ്ഗത്തേയും ശരീരത്തിന്റെ മഹത്ത്വംകൊണ്ടു് ആകാശത്തേയും അപഹരിക്കും. മൂന്നാമത്തെ അടി നീ എവിടന്നു കൊടുക്കും? പ്രതിജ്ഞ ചെയ്തതു കൊടുത്തില്ലെങ്കിൽ നിനക്കു നരകമാണ്. അപ്പോൾ കൊടുത്താലും കൊടു

ക്കാതിരുന്നാലും ഫലം നരകം. നിനക്കു കീർത്തിയും കിട്ടുകയില്ല.

വിന്ധ്യാവലി: ഇയാൾ പ്രസംഗം തുടങ്ങിയാൽ നിർത്തുകയില്ല കേട്ടോ. പറയുന്നതൊക്കെ തല കീഴ്പോട്ടായിട്ടുള്ളതുമായിരിക്കും.

ശുക്രാചാര്യർ: പട്ടിണി കിടക്കാൻ മോഹിക്കുന്ന ഭ്രാന്തീ, മിണ്ടാതിരിക്കു്. നിത്യവൃത്തിക്കുംകൂടി വയ്ക്കാതെ കൊടുക്കുന്നവന്നു ദുഷ്കീർത്തിയേ ഉണ്ടാവൂ. ദേഹമില്ലാതെ ആത്മശ്രേയസ്സെവിടെ? ദേഹമില്ലാതെ സത്യമുണ്ടോ? ദേഹം അസത്യമല്ലേ? അസത്യമില്ലാതെ സത്യമില്ല. സ്ത്രീകളോടും, വിനോദത്തിന്നും, വിവാഹത്തിന്നും ആഹാരമില്ലാത്തപ്പോഴും പ്രാണസങ്കടത്തിലും ഗോബ്രാഹ്മണഹിതത്തിന്നും, മരണത്തിൽനിന്നു രക്ഷിപ്പാനും വേണ്ടിപ്പറയുന്ന കളവു്, അനൃതം, നിന്ദിതമല്ല. അതുകൊണ്ടു് ഏററുപറഞ്ഞതാണെങ്കിലും കൊടുക്കേണ്ട. കൊടുക്കരുതു്.

(മഹാബലി മിണ്ടാൻ വായ തുറക്കുന്നു. അടയ്ക്കുന്നു. പല്ലുകടിക്കുന്നു. മീശകടിക്കുന്നു. ഉള്ളിൽ ഒരു ഭാരതയുദ്ധമാണു്.)

വിന്ധ്യാവലി: നമ്മൾ പട്ടിണി കിടക്കേ? ഈ മുണ്ടൻ നമ്മളെപ്പററിക്കാൻ വന്നവനാണെങ്കിൽ കൊടുക്കരുതു്. ഞാൻ ഇപ്പൊ അവനെ അടിച്ചോടിക്കാം. മൂന്നടിയല്ല, നാലടി തുടയ്ക്കു കൊടുത്താൽ മതി, അവന്റെ തന്നെ ദണ്ഡുകൊണ്ടു്. ആട്ടിൻകുഞ്ഞിനെപ്പോലെ 'മേ മേ' എന്നു കരഞ്ഞു് ഓടിക്കൊള്ളും.

ശുക്രാചാര്യർ: ആലോചിച്ചു മനസ്സു പുണ്ണാക്കണ്ട. തീർച്ചയാക്കു. ശഠനു ശാഠ്യം. വഞ്ചകനു വഞ്ചന. വെറും സത്യത്തിനു് അത്ര വലിയ മാഹാത്മ്യമൊന്നും ഇല്ല. കഴുതകളൊക്കെ സത്യമല്ലേ പറയുന്നതു്? കരടികൾക്കു

കളവുപറയാനറിയാമോ? കാട്ടാളന്മാർ കളവു പറയാൻ പഠിക്കാത്തവരല്ലേ? പരിഷ്കൃതമനുഷ്യനേ കളവു പറയൂ. അതു സാമർത്ഥ്യമാണു്. കളവു പറയൽ മനുഷ്യന്റെ ഏററവും വലിയ കണ്ടുപിടുത്തമാണു്. വാക്കു പറഞ്ഞു പററിക്കുന്നതും മിടുക്കാണു്. കളവാണു് മനുഷ്യനെ മനുഷ്യനാക്കുന്നതു്.

മഹാബലി: അധികമാളുകളും സത്യം പറയുകയും പ്രവൎത്തിക്കുകയും ചെയ്യുന്നതുകൊണ്ടല്ലേ കളവു മിടുക്കാവുന്നതു്? എല്ലാരും കള്ളന്മാരായാലോ?

ശുക്രാചാര്യർ: എല്ലാരും കള്ളന്മാരാവുല്ല. അതിന്നുള്ള ബുദ്ധി അവൎക്കില്ല. എന്തിനു് അധികം പറയുന്നു? ഒരു നിസ്സാര വാഗ്ദാനലംഘനംകൊണ്ടു് അസുരലോകത്തെ മുഴുവൻ രക്ഷിക്കൂ. ഹിരണ്യകശിപുവിനെ ഓൎത്തു മനസ്സുറപ്പിക്കൂ.

മഹാബലി: എന്നിൽ ഹിരണ്യകശിപു മാത്രമല്ല, പ്രഹ്ലാദനുമുണ്ടു്. ഞാനെന്തു ചെയ്യും?

ശുക്രാചാര്യർ: ഒരാളുടെ സത്യദീക്ഷകൊണ്ടു് അസുരലോകം മുഴുവൻ നശിപ്പിക്കുകയോ? ഒരാളെക്കളഞ്ഞു ഗ്രാമം പോലും രക്ഷിക്കണമെന്നില്ലേ?

മഹാബലി: സൎവ്വലോകങ്ങളേയും ഉപേക്ഷിച്ചും ആത്മാവിനെ രക്ഷിക്കണമെന്നും ഇല്ലേ? എനിക്കു രണ്ടാൽ ഒന്നു തീൎച്ചയായെങ്കിൽ! (ആലോചനയിൽ മുഴുകുന്നു.)

വിന്ധ്യാവലി: 'എനിക്കു സ്വാതന്ത്ര്യമില്ല, ഞാൻ ആത്മാവിനെ രക്ഷിക്കാൻ പോവുകയാണു്' എന്നു പറയുമ്പോളാണു്, മനുഷ്യന്നും അസുരന്നും ഏററവുമധികം സ്വാതന്ത്ര്യം. ആത്മാവിനെ രക്ഷിക്കണമത്രെ, ഭാൎയ്യയെയും ബന്ധുക്കളെയും പ്രജകളെയും ഒക്കെ തുലച്ചിട്ടു്. കപടം കളയൂ, സത്യവാനേ!

ശുക്രാചാര്യർ: ഗൃഹസ്ഥാശ്രമധർമ്മം ആലോചിക്കു. അത്ഥം, കാമം, യശസ്സ്, ഉപജീവനമാർഗ്ഗം ഇവയെ യാതൊന്നു ബാധിക്കുകയില്ലയോ അതാണു് ഗൃഹസ്ഥാശ്രമധർമ്മം.

മഹാബലി: ശരിയാണു്. ശരിയാണു് വിന്ധ്യേ!

വിന്ധ്യാവലി: എന്നെ 'വന്ധ്യേ' എന്നു വിളിക്കുകയാണു് നല്ലതു്. എനിക്കു് ഒരു കുട്ടിയേക്കൂടി തന്നില്ല. ഇനി പട്ടിണിയും (പൊട്ടിക്കരയുന്നു).

മഹാബലി: അതും ശരിയാണു്. അതു ചക്രവത്തിയായതിന്റെ ദോഷമാണെന്നു നീ പറഞ്ഞില്ലേ? നമുക്കു് ഇതു് ത്യജിക്കുക. അപ്പോൾ എല്ലാം വേണ്ടപോലെയാവും. നീയല്ലെ കാട്ടിലേക്കു പോണമെന്നു നിർബ്ബന്ധിച്ചതു്.

വിന്ധ്യാവലി: അതു ചക്രവത്തിസ്ഥാനം പോവൂല്ല, എന്നും ഒരുപോലെയിരിക്കുകയേ ഉള്ളു, എന്നു വിചാരിച്ചിട്ടല്ലേ? ഇപ്പൊ പോണു, എല്ലാം പോണു, എന്നു കാണുമ്പോൾ ഒന്നും പോവരുതു് എന്നായി എനിക്കു്. എനിക്കു ചക്രവത്തിനിയായിത്തന്നെ തുടരണം.

മഹാബലി: ഇപ്പോൾ നീ ഒന്നുമില്ലാത്ത കാടത്തിയായി. അപ്പോൾ നിനക്കു ചക്രവത്തിനിയാവണം. ചക്രവത്തിനിയായിരുന്നപ്പോൾ കാടത്തിയാവണം. വിചിത്രം!

ശുക്രാചാര്യർ: വിചിത്രമൊന്നുമല്ല. നിങ്ങളുടെ ഉള്ളിലും യഥാത്ഥത്തിൽ അങ്ങനെത്തന്നെയല്ലേ?

മഹാബലി: അതെ. പക്ഷേ, ഇപ്പോൾ കൊട്ടത്തില്ലെങ്കിൽ ഉടനേ തോന്നിത്തുടങ്ങൂല്ലേ, കാടനാവണം, കൊട്ടക്കുകയായിരുന്നു നല്ലതു് എന്നു്?

ശുക്രാചാര്യർ: കൊടുക്കരുതു്. ദേവന്മാർ ഈ സ്ഥാനത്തു കയറി ഇരിക്കുമെന്നു് അറിഞ്ഞുകൂടേ?

വിന്ധ്യാവലി: അതാലോചിക്കുമ്പോൾ എനിക്കു് ഒട്ടും സഹിച്ചുകൂടാ. ആ ഇന്ദ്രാണി എൻെറ സ്ഥാനത്തു കേറിയിരിക്ക്യേ? (കരയാൻ തുടങ്ങുന്നു) അതോ പററിച്ചിട്ടു്! വല്ലവരെക്കൊണ്ടും പററിപ്പിച്ചിട്ടു്!

മഹാബലി: പറ്റിക്കയോ നല്ലതു്, പറ്റിക്കപ്പെടുകയോ? കൊല്ലുകയോ നല്ലതു്, മരിക്കുകയോ?

ശുക്രാചാര്യർ: പററിക്കാൻ വരുന്നവനെ പററിക്കുക. കൊല്ലാൻ വരുന്നവനെ കൊല്ലുക.

വിന്ധ്യാവലി: തിന്നാൻ വരുന്നവനെ തിന്നുക, ഉമ്മവെയ്ക്കാൻ വരുന്നവനെ ഉമ്മവെയ്ക്കുക.

മഹാബലി: ആരായാലും?

വിന്ധ്യാവലി: മഹാബലി ഒന്നുമില്ലാത്ത ചെറ്റയാവാൻ പോവുകയാണെങ്കിൽ പിന്നെ ആരായാലെന്താ?

മഹാബലി: ശുക്രാ, വിന്ധ്യേ, ഞാൻ വാക്കു പാലിക്കാൻ തീർച്ചയാക്കി. ഈ ചെക്കൻ വിഷ്ണുവാണെങ്കിൽ, അവനെന്നെ ബഹുമാനിക്കുകയാണു ചെയ്തതു്. പേടി കൊണ്ടല്ലേ അവൻ ഉണ്ണിയായിട്ടു വന്നതു്? അല്ലെങ്കിൽ നേരിട്ടു ശരിയായ രൂപത്തിൽ വരില്ല്യേ? ഭീതനായ ശത്രുവിനെ ഉപദ്രവിക്കരുതു്. അവന്നു വേണ്ടതു കൊടുത്തിട്ടും അവനെന്നെ ഉപദ്രവിക്കുകയാണെങ്കിൽ, എനിക്കാണു കീർത്തി വർദ്ധിക്കുക. വിഷ്ണു ജയിക്കും എങ്കിലും ഞാനാണു് ശരിക്കു ജയിക്കുക. ഇനി ഞാൻ കൊടുക്കുകയില്ലെന്നു തീർച്ചപ്പെടുത്തിയെന്നു വിചാരിക്കൂ. അയാൾ വിഷ്ണുവാണെങ്കിൽ തട്ടിപ്പറിക്കാനും ശക്തനല്ലേ? അതാലോചിക്കു. ഞാൻ കൊടുക്കാൻ തീർച്ചയാക്കി. സത്യം മാത്രമല്ല നയവും അതുതന്നെയാണു്.

വിന്ധ്യാവലി: എടോ, സൂത്രക്കാരാ, സത്യസന്ധാ, അപ്പോ ഞാനെന്തു ചെയ്യണം? പെണ്ണിനു ഭാഗം ചോദിക്കാൻ അധികാരമില്ല. മക്കളില്ലതാനും.

ശുക്രാചാര്യർ: തീർച്ചയായോ?

മഹാബലി: ഉവ്വ്.

ശുക്രാചാര്യർ: എട ശപ്പാ, നീയ്യ് ദേവന്മാരുടെയടുക്കൽ യുദ്ധം ചെയ്തു ചത്തുകിടന്നപ്പോൾ ഞാനാണു നിന്നെ ജീവിപ്പിച്ചതു്. അതും നിനക്കു വിചാരമില്ല. നന്ദികെട്ടവൻ! ഇപ്പോൾ നിനക്കാണു്, ഗുരുവിനല്ല എല്ലാം അറിയുന്നതു് എന്നാണു നിൻെറ ഭാവം. ഞാൻ നിന്നെ ശപിക്കുന്നു. ഞാൻ പണ്ഡിതനാണെന്നു ബലമായുറപ്പുക നിമിത്തം കുലാചാര്യനായ നമ്മെ ഉപേക്ഷിക്കുകയും, തനിക്കുതാൻപോന്നവനെന്ന ഭാവംകൊണ്ടു വണക്കമില്ലാതെ എൻെറ ആജ്ഞയെ അതിക്രമിച്ചു കടക്കുകയും ചെയ്യുന്ന അജ്ഞനായ നീ ക്ഷണംകൊണ്ടു തന്നെ ഐശ്വര്യഭ്രഷ്ടനാകും.

വിന്ധ്യാവലി: എന്തെടോ താൻ പറഞ്ഞതു്? എൻെറ ഭർത്താവു് ഐശ്വര്യഭ്രഷ്ടനാകുമെന്നോ? (ചാടി മീശ പിടിച്ചുവലിക്കാൻ പോവുന്നു.)

മഹാബലി: (ചിരിച്ചുംകൊണ്ടു്) വിന്ധ്യേ, അടങ്ങു. എൻെറ ശ്രീ പോവുമ്പോൾ അയാളുടേം പോവും. പിന്നെ ഈ ശാപത്തിനെന്തു വില? ഞാൻ ശ്രീയെയാകെ ഉടനെ കൊടുക്കാൻ തീർച്ചയാക്കിയപ്പോൾ ശ്രീ അധികം താമസിയാതെ പോവുമെന്നു ശാപം! സമർത്ഥൻ! ഇതിനു മുമ്പു ദേവാസുരയുദ്ധത്തിൽ ഞാൻ ചത്തപോലെ കിടക്കുമ്പോൾ ഈ ആചാര്യൻ 'അധികം താമസിയാതെ ജീവിച്ചാലും' എന്നു് അനുഗ്രഹം തന്നു. ഇയാളുടെ കുററമല്ല; ബുദ്ധിയുടെ കുററമാ. ഇയ്യാളു വാസ്തവ

ത്തിൽ ദേവന്മാരുടെ ഭാഗക്കാരനാ. യാഗമൊക്കെ ദേവന്മാൎക്കല്ലേ എന്നു നോക്കു. ഇയ്യാളാ ആദ്യം നമ്മെപ്പററിക്കാൻ വന്നതു്. പിന്നെയേ വാമനൻ വന്നുള്ളു. എല്ലാം വിഷ്ണുവിൻെറ കളിതന്നെ. അതോ, കാലത്തിൻെറയോ?

വിന്ധ്യാവലി: എടോ, ശുക്രക്കള്ളാ! നമുക്കു വാമനനു ദാനം കൊടുക്കണം. സൎവ്വവും കൊടുക്കണം. എനിക്കു് ആ ഉണ്ണിയുടെ കളവും ഇഷ്ടാ. അമ്മമാൎക്കെപ്പോഴും അങ്ങനെയാ. കളവാ ശരി എന്നു ശുക്രനും സമ്മതിക്കണില്ലേന്നു നോക്കു.

മഹാബലി: കളവു നല്ലതാണെങ്കിലും അല്ലെങ്കിലും എൻെറ കളവിനെക്കാൾ ഭംഗി ഉണ്ണിയുടെ കളവിനാ.

വിന്ധ്യാവലി: ശരിയാ. ഈ ശുക്രൻെറ കളവിനെക്കാൾ കൂടിയും. നമുക്കു് കൊടുക്കാന്നു്, ഉടനെ. ഈ ശപിക്കുന്ന താടിക്കാരൻ പട്ടിണി കിടക്കട്ടെ. മോണ ചവച്ചു തിന്നട്ടെ. കഷണ്ടിയാവട്ടെ. ഉണ്ണീ വരു. ഓടി വരു.

(ശുക്രൻ പോകുന്നു.)

മഹാബലി: ഉണ്ണീ വന്നാലും.

(വാമനൻ ഓടിവന്നു് പലകയിൽ ഇരിക്കുന്നു.)

വാമനൻ: തരു. തരു. ഇനീം വല്ല മാററിത്തക്കാരും വരുന്നതിനുമുമ്പു് തരു.

മഹാബലി: (ചിരിച്ചുംകൊണ്ടു പലകയിൽ ഇരുന്നു പൂജിച്ചിട്ടു കിണ്ടിവെള്ളം കയ്യിലെടുത്തു്) മേടിച്ചോളൂ. ഓം തത് സത്.

(അന്നിയറയിൽ ശംഖുവിളി, ആർപ്പു്, കുരവ.)

വിന്ധ്യാവലി: (ഒരു കുടം വെള്ളം എടുത്തുകൊണ്ടുവന്നു ചിരിച്ചുംകൊണ്ടു്) എടാ കുസൃതിക്കുട്ടക്കോ, നിന്നെ ഈ കുടംകൊണ്ടു് ഇടിക്കാനാ തോന്നണേ!

വാമനൻ: (ചിരിച്ച്) ദാനംകിട്ടിക്കഴിഞ്ഞല്ലോ. ഇനി വേണെങ്കിൽ ഇടിച്ചോളൂ. ഒററയിടിക്കു ഞാൻ അമ്മയുടേം അച്ഛൻേറം അട്ടത്തെത്തണം.

മഹാബലി: ഹാവൂ! സമാധാനമായി!

വാമനൻ: എനിക്കു സമാധാനമായില്ല. വെള്ളം കിട്ടിയാൽ ഭൂമിയായോ?

മഹാബലി: അളക്കണ ജോലി ഉണ്ണിയുടെയാ. എനിക്കു സമാധാനമായി.

വാമനൻ: എന്താ എന്നെ പററിച്ചൂന്നോ?

മഹാബലി: എന്നെയല്ലേ പററിച്ചേ? പററിക്കാൻപോണെ?

വാമനൻ: ആരു പററിക്കണു! ആരു പററിക്കപ്പെടണു! ഒക്കെ വെറുതെ. ഞാൻ ഒന്നു പറഞ്ഞേക്കാം. എനിക്കു വേണ്ടിയല്ല ഞാൻ ഇതൊന്നും ചെയ്യുന്നതു്. മററുള്ളവക്കുവേണ്ടിയാ.

വിന്ധ്യാവലി: എനിക്കുവേണ്ടിയൊന്നും ചെയ്യാൻ തയ്യാറില്ലേ, മിടുക്കാ?

വാമനൻ: നിനക്കുവേണ്ടി ചെയ്തുകഴിഞ്ഞു. പത്തുമാസം കഴിയുമ്പോൾ നിനക്കു് ഉണ്ണിയുണ്ടാവും. എൻേറ അനുഗ്രഹം ഇതു പോരെ?

വിന്ധ്യാവതി: (സന്തോഷംകൊണ്ടു കണ്ണു നിറഞ്ഞു്) മതി, വളരെ വളരെ സന്തോഷമായി. (വാമനനെ എടുക്കാൻ പോവുന്നു.)

വാമനൻ: കുറച്ചു കാക്കൂ. ഞാനല്ല നിൻേറ ഉണ്ണി.

(വാമനൻ എഴുന്നേററു് അടിയളക്കുന്നു. പതുക്കെ കവച്ചുനടക്കുന്നു.)

[അണിയറയിൽ:

ദാനവാരിയെക്കൊണ്ടു ദാനവാരിയും തത്ര
താനതു ബഹുകൃതരൂപിയായ്ച്ചമഞ്ഞുടൻ

ഭൂലോകമടിയെയാന്നായടക്കിയളന്നതൃ-
ക്കാലടി രണ്ടാമതുകൊണ്ടുടൻ സ്വർഗ്ഗത്തെയും
കാലേതാനളന്നുമൂന്നാമതങ്ങുയർത്തിനാൻ]

മഹാബലി: മച്ഛിരോഭുവി തൃക്കാൽവച്ചുകൊണ്ടടിയനാ-
ലുക്തമാംസത്യം രക്ഷിക്കേണമേ ദയാനിധേ!

(പാടിക്കൊണ്ടു് ഉണ്ണി രണ്ടടി നടന്നപ്പോഴേക്കും അവനെ വാരിയെടുത്തു തലയിൽ വയ്ക്കുന്നു.)

വാമനൻ: (കൊച്ചുകുട്ടിയെപ്പോലെ മഹാബലിയുടെ തലയിൽ ചവിട്ടുന്നു. തലയിൽ കയറിനില്ക്കാൻ ശ്രമിക്കുന്നു.) ഇപ്പൊ നിൻെറ തലയും എൻെറയായി.

(വീണ്ടും ശംഖ്, ആർപ്പ്, കുരവ.

പ്രഹ്ലാദൻ പ്രവേശിക്കുന്നു—ഒരു വൃദ്ധൻ, 'മിസ്റ്റിക്ക്,' നിത്യാനന്ദൻ. വേഷവും പെരുമാററവും ഭ്രാന്തനെപ്പോലെ. ചിരി. കരച്ചിൽ. ചിരി.)

പ്രഹ്ലാദൻ: പര പര പര പരമപാഹിമാം
പരമാനന്ദമെന്നതേ പറയാവൂ
പര പര...

ഒന്നാന്തരം കാഴ്ച. അതിവിശേഷം. ആനന്ദലഹരി കൊണ്ടു ഞാൻ പരവശനാവുന്നു. ഞാൻ കരയട്ടെ. (കരയുന്നു. ചിരിക്കുന്നു) മഹാബലീ, കുഞ്ഞുണ്ണീ, ഇപ്പൊഴാ നീ മഹാബലിയായതു്. സർവ്വസ്വവും തന്നെത്തന്നെയും ബലികൊടുത്തപ്പൊ, എല്ലാം കിട്ടി. ഉണ്ണിക്കുണ്ണനെ തലേൽ വയ്ക്കാൻ കിട്ടി. എനിക്കുംകൂടി അതു കിട്ടിയില്ല.

വാമനൻ: എനിക്കു് എന്നെ ആരും തലേലെടുക്കണംന്നില്ല. അതുത്ന്നാ. ഇറങ്ങട്ടു്.

പ്രഹ്ലാദൻ: വിഷ്ണുവിന്നു് ഒന്നുമാവശ്യമില്ല. ഞങ്ങളേം ആവശ്യമില്ല. ഞങ്ങൾക്കാ അദ്ദേഹത്തിനെ ആവശ്യം.

പര പര പര പരമപാഹിമാം
പരമാനന്ദമെന്നതേ പറയാവൂ.

വിന്ധ്യാവലി: ഭക്തി ഭ്രാന്താവ്വോ?

പ്രഹ്ലാദൻ: ഭക്തി ഭ്രാന്താ, തനി ഭ്രാന്താ.

വിന്ധ്യാവലി: അതെങ്ങനെയാ, കാമം ഭ്രാന്താവണപോലെയോ?

പ്രഹ്ലാദൻ: എല്ലാം ഭ്രാന്താ. ഈ ഉണ്ണി ലോകം മുഴവൻ നിറഞ്ഞുനില്ക്കണതു ഞാൻ കാണുന്നുണ്ട്. നീ കാണുന്നുണ്ടോ?

വിന്ധ്യാവലി: ഇല്ല.

പ്രഹ്ലാദൻ: ഈ പ്രപഞ്ചം മുഴവൻ (മീശയിൽനിന്ന് ഒരു രോമം പറിച്ചെടുത്തിട്ട്) ഈ രോമത്തിൽ ഞാൻ കാണുന്നുണ്ട്. നീ കാണുന്നുണ്ടോ?

വിന്ധ്യാവലി: ഞാൻ കാണുന്നുണ്ട്. ഒരു നരച്ചുവളഞ്ഞ രോമം. ഒരു തലമുടിനാര്. ഈ ഭ്രാന്തെന്നാ തുടങ്ങിയത്?

പ്രഹ്ലാദൻ: അച്ഛൻ എന്നെ കൊല്ലാൻ നോക്കുക. എനിക്കതു് ഒരു രസം. അതു ഭ്രാന്തല്ലേ? എന്നിട്ട് ഒരു ഭയങ്കരജന്തു വന്ന് എന്റെ മുമ്പിൽ വച്ച് എന്റെ അച്ഛനെ കടിച്ചു തിന്നുക, പൂച്ച കൊച്ചെലിയെ തിന്നണപോലെ. ഒരെല്ലു കൂടി ബാക്കി വെച്ചില്ല. അതുകണ്ടപ്പോഴും എനിക്കു ചിരിതന്നെ. ഇതു് അതിലും വലിയ ഭ്രാന്തല്ലേ? കുട്ടിക്കാലത്തു തുടങ്ങിയതാ, ഇതു മാറൂല്ല. ഇതു ചിരിപ്പിക്കണ ഭ്രാന്താ, എന്നൊരു ഗുണം മാത്രം. നിങ്ങളെ മാത്രമല്ല, എന്നേയും ചിരിപ്പിക്കുന്നതു്. ലോകം മുഴവൻ നാരാ, നാരാ, നാരായണൻ.

വിന്ധ്യാവലി: മോരാ മോരായണൻ. രോമാ രോമായണൻ, തൈരാ തൈരായണൻ (പൊട്ടിച്ചിരിക്കുന്നു).

പ്രഹ്ലാദൻ: ഫലിതമുണ്ടല്ലോ നിനക്കു്. ഈ ബ്രഹ്മാണ്ഡത്തിൽ എല്ലാം ചിരിക്കുകയാണു്. അതു നീ കാണുന്നുണ്ടോ?

വിന്ധ്യാവലി: കുറച്ചു നിമിഷം മുമ്പ ഞാൻ അങ്ങനെ കണ്ടു. ഉണ്ണിയുണ്ടാവ്വം എന്നു കേട്ടപ്പൊ. ഇപ്പൊ കാണുന്നില്ല.

പ്രഹ്ലാദൻ: മഹാബലി, താൻ കാണുന്നുണ്ടോ?

മഹാബലി: മുഴവൻ ചിരിയല്ല, കുറച്ചു കരച്ചിലുമുണ്ടു്.

പ്രഹ്ലാദൻ: മൂന്നു ലോകങ്ങളും പോയതുകൊണ്ടോ? എടോ, ലോകമൊന്നും പോയിട്ടില്ല. ഇന്നു ചില ആളുകൾക്കു്, നാളെ വേറെ ചില ആളുകൾക്കു്.

വാമനൻ: ഇന്നു ദേവനു്, നാളെ അസുരനു്, മററന്നാൾ ദേവനു്. പകുതി ദേവനു്, പകുതി അസുരനു് എന്നു ഭാഗിക്കുന്നേക്കാൾ നല്ലതാ. എനിക്കു ഭാഗം ഇഷ്ടമല്ല.

പ്രഹ്ലാദൻ: (ചിരിച്ചു്) ശരി. ഭാഗം ചീത്തയാ. ഭാഗിച്ചു തുടങ്ങിയാൽ ദേഹത്തിൽ ഇത്ര ഭാഗം ദേവന്നു്, ഇത്ര ഭാഗം അസുരന്നു് എന്നും കൂടി ഭാഗിച്ചു കൊടുക്കേണ്ടിവരും. അതു വേണ്ട. ദേഹത്തിലും കുറച്ചു നേരം അസുരൻ ഭരിച്ചാൽ പിന്നെ ദേവൻ ഭരിച്ചോട്ടെ. യഥാർത്ഥവും അങ്ങനെയല്ലേ?

വാമനൻ: വലിയമ്മതന്നെയാ അമ്മ. അസുരൻ തന്നെയാ ദേവൻ. ദേവൻ തന്നെയാ അസുരൻ. ഇന്നലത്തെ അസുരൻ ഇന്നത്തെ ദേവൻ. ഇന്നത്തെ ദേവൻ നാളത്തെ അസുരൻ. കാലത്തിൻെറ പണിയാ ഇതു്. നാളത്തെ ദേവേന്ദ്രൻ മഹാബലിയാ, ഇന്നലത്തെ ഇന്ദ്രനായിരുന്ന മഹാബലി.

പ്രഹ്ലാദൻ: ദേവനില്ലെങ്കിൽ അസുരനില്ല. അസുരനില്ലെങ്കിൽ ദേവനുമില്ല.

വിന്ധ്യാവലി: അപ്പോൾ കളവില്ലെങ്കിൽ സത്യമില്ല. കള്ളനില്ലെങ്കിൽ സത്യവാനില്ല. അല്ലേ വാമനക്കുട്ടപ്പാ?

വാമനൻ: കളവാണു സത്യം, സത്യമാണു കളവ്. ഈ പ്രപഞ്ചം മുഴുവൻ മായയല്ലേ? കളവല്ലേ അതുണ്ടാക്കിയ ഈശ്വരനും?

വിന്ധ്യാവലി: നമ്മുടെ കാളയപ്പനും മണ്ണമ്മയും വിഷ്ണു തന്നെ. രണ്ടും കട്ടതീനികളാ, കള്ളന്മാരു്!

വാമനൻ: ശരിയാ, ഇപ്പൊ അമ്പലത്തിൽ ചെന്നു നോക്കിയാൽ കാണാം; കാള വിഷ്ണുവായിരിക്കുന്നതു്, മണ്ണമ്മ മഹാദേവനായതും; മഹാബലി മണ്ണും മാതേവരും അപ്പനും എല്ലാമായതും.

വിന്ധ്യാവലി: അപ്പൊ ഗുണവും ദോഷവുമൊക്കെ ഒന്നു്. ഞാനും ചീത്തയല്ല, താനും ചീത്തയല്ല. ശുക്രനുംകൂടി ചീത്തയല്ല.

മഹാബലി: ആരും ചീത്തയല്ല. എല്ലാം ഒന്നു്. "മനുഷരെല്ലാരുമൊന്നുപോലെ."

വാമനൻ: മഹാബലി, ഇപ്പോൾ സ്നേഹിതന്മാരോടും ബന്ധുക്കളോടുംകൂടി സുതലത്തിലേക്കു പോയ്ക്കൊള്ളു. അവിടെ രാജാവായി വാഴു.

മഹാബലി: അവിടെ രാജാവോ! അഭിമാനമുണ്ടാക്കുന്ന ശ്രേയസ്സു് ഓടിച്ചു കളഞ്ഞാലും പോവില്ലേ?

വാമനൻ: പേടിക്കണ്ട. അവിടെയും വാമനന്മാർ വരില്ല. ഞാൻതന്നെ പടിക്കൽ കാവലുണ്ടാവും.

പ്രഹ്ലാദൻ: കള്ളൻെറ കയ്യിൽ താക്കോല്യ് അല്ലേ! ഹ... ഹ...ഹ...

വിന്ധ്യാവലി: അതോ പുറത്തേക്കു ചാടാണ്ടിരിക്കാൻ കാവലിനോ?

വാമനൻ: ഇല്ല, ജയിലാക്കുന്നില്ല. കൊല്ലത്തിലൊരിക്കൽ

മാവേലി ഭൂമിയിൽ വന്നു നോക്കിക്കൊള്ളു, എല്ലാക്കും സുഖമല്ലേ, എല്ലാം ഒന്നല്ലേ എന്നു്. പാതാളരാജാവു് ഭൂമിയിൽ നടന്നു പഴയ രാജ്യം കാണുക, അത്തു രസമല്ലേ?

പ്രഹ്ലാദൻ: അത്ര രസമൊന്നുമല്ല. എനിക്കറിയാം, അനുഭവംകൊണ്ടു്. അതല്ല രസം.

വാമനൻ: കൊല്ലത്തിലൊരിക്കൽ ഭൂമിയിൽ വന്നു നോക്കിക്കൊള്ളട്ടെ, എല്ലാം ഒന്നല്ലേ എന്നു്. അപ്പോഴും കാണാം അവിടെ വിന്ധ്യാവലിയെയും ശുക്രനെയും പ്രഹ്ലാദനെയും മററും.

വിന്ധ്യാവലി: അപ്പോൾ കാലവ്യമില്ല; ഇന്നും നാളേം എന്നും ഒന്നു്, അല്ലേ?

പ്രഹ്ലാദൻ: ഇയ്യാള് പാതാളത്തിലെ രാജാവാവാൻ പോണവത്രെ. ഹ...ഹ...ഹ.. അതാ എനിക്കു രസായതു്. ആലോചിക്കുമ്പൊ രരിയാ. ചത്തു കുഴിച്ചിട്ടാൽ മണ്ണിൻെറടിയിലെ രാജാവു്. ഹ...ഹ...ദഹിപ്പിച്ചു പുകയായി മുകളിലേക്കു പോയാൽ അവിടത്തെ രാജാവു്. ഹ...ഹ...മുഴവൻ ദഹിച്ചു കിട്ടാൻ ബുദ്ധിമുട്ടാ. എല്ലും മററും. അപ്പോൾ കുറെ ദേവലോകത്തും കുറെ പാതാളത്തിലും. അതു വേണ്ട എനിക്കു്. ഞാനും പാതാളത്തിലേക്കു തന്നെയാ. മാവേലി, ഞാനുമുണ്ടു്. എല്ലാം ഒന്നാണെന്നു കാണാൻ ഞാൻ ഭൂമിയിലേക്കില്ല. എല്ലാം ഒന്നാ; എന്താ കാണാനുള്ളേ?

[അണിയറയിൽ:

മാവേലി നാടുവാണീടും കാലം
മാനുഷരെല്ലാരുമൊന്നു പോലെ.]

(എല്ലാരും പോവുന്നു.)

[തിരശ്ശീല]

# അവശിഷ്ടരംഗം

പാത്രങ്ങൾ

സഹ്യാവലി—തെണ്ടി, തേവിടിശ്ശി. മുപ്പത്തിരണ്ടു വയസ്സ്.
മായാനന്ദൻ—സന്യാസി, എഴപത്തഞ്ചു വയസ്സ്.
ഹിരണ്യൻ—അവിശ്വാസി, നാല്പത്തിയഞ്ചു വയസ്സ്.
പാത്തുമ്മാ—മുസ്ലീംസ്ത്രീ, അയ്മ്പതു വയസ്സ്.
ശോശാമ്മ—ക്രിസ്ത്യാനിസ്ത്രീ, പത്തൊമ്പതു വയസ്സ്.
മിസ്റ്റർമേഹബ്ബൽ—ധ്വര, ഇംഗ്ലീഷുകാരൻ, അറുപതു വയസ്സ്.
മിസ്റ്റർ സുക്കർ—ധ്വര, ഇംഗ്ലീഷുകാരൻ, അയ്മ്പത്തിയഞ്ചു വയസ്സ്.
മുണ്ടപ്പൻ—മുണ്ടൻ, ഞൊണ്ടി. ഇരുപതു വയസ്സ്.

[സ്ഥലം: തൃക്കാക്കര അമ്പലത്തിൻെറ മുമ്പിലെ മൊട്ടക്കുന്നിൽ ആലിൻെറ ചുവട്ട്. അധികം ദൂരെയല്ലാതെ ഒരു ഗുഹയുണ്ട്.

കാലം: ഇക്കാലം, സമയം: വൈകുന്നേരം അഞ്ചുമണി.

ഏകദേശം എഴപത്തിയഞ്ചു വയസ്സായ ഒരു താടിക്കാരൻ സന്യാസി മണ്ണിൽക്കിടന്നുറങ്ങുന്നു. വെളുത്തുചടച്ച ദേഹം, വായ തുറന്നാണ് ഉറങ്ങുന്നതു്. പല്ലില്ല.

ഏകദേശം മുപ്പത്തിരണ്ടു വയസ്സായ ഒരു പെണ്ണു പ്രവേശിക്കുന്നു. സാധാരണ വണ്ണം. ഇരു നിറം. ചിരിക്കുന്നുണ്ട്. ആരും കൂടെ ഇല്ലെങ്കിലും ശൃംഗരിക്കുന്നുമുണ്ട്. ഇടയ്ക്കു കയ്യും കാലും ഉടുത്തതും മററും നോക്കി രസിക്കുന്നുണ്ട്.

ഉറങ്ങുന്ന സന്യാസിയുടെ അടുത്തു ചെന്ന് അവൾ:]

സഹ്യാവലി: എടോ സന്യാസി, മായാനന്ദാ, എണീക്കെടോ.

മായാനന്ദൻ: (ഉണന്ന്) ഞാൻ വിചാരിച്ചു, വിളിക്കുന്നതു മാവേലിയാന്നു്. സഹ്യപ്പെണ്ണ് മാവേലിയാവ്വോ?

സഹ്യാവലി: മാവേലിയുടെ വരവും പോക്കുമൊക്കെ

കഴിഞ്ഞു. താനിവിടെക്കിടന്നുറങ്ങ്യാൽ അത്താഴോ ണ്ണൂല്ല്യാ, ഓണായിട്ട്.

മായാനന്ദൻ: സന്യാസിമാക്ക് അത്താഴം ഉണ്ണലില്ല. നിത്യവും ഒരിക്കലാ.

സഹ്യാവലി: ഒരിക്കലുണ്ണുമ്പോൾ പത്തുനേരത്തെ അകത്താക്കുമല്ലോ? മലമ്പാമ്പിനെപ്പോലെ എന്നിട്ട് അനങ്ങാൻ വയ്യാണ്ടെ കിടക്കും. വല്ലോരും തല്ലിക്കൊല്ലാൻ വന്നാലും ഇഴയാൻ ശക്തിയില്ലാതെ.

മായാനന്ദൻ: സന്യാസി പാമ്പാണ്. വായുഭക്ഷണവും വായുബലവുമാണ് അവക്കു.

സഹ്യാവലി: വിഷവും. പല്ല് ഒക്കെ പോയാലും പോവാത്ത വിഷം!

മായാനന്ദൻ: വിഷം എല്ലാവക്കുമുണ്ട്. ഉമിനീരും വിഷാ. ദഹിപ്പിക്കുന്ന തക്ഷകവിഷം. 'അരിയെ ദഹിപ്പിക്കുന്നതേ!'

സഹ്യാവലി: എനിക്കു വിഷോല്ല്യ, ഉണ്ടായിട്ടുമില്ല, എന്റെ കപടാനന്ദാ!

മായാനന്ദൻ: എന്നാ പാമ്പിന്നും തോന്നുക. നിനക്കുമുണ്ട് വിഷം. സഹ്യനിൽ വിഷമില്ലന്നോ! പക്ഷേ, വിഷമാ അമൃതും.

സഹ്യാവലി: പ്രാന്തു തുടങ്ങി. ഇനി തുടങ്ങും, തിന്നണതാ അമേധ്യം; ജീവിക്കുന്നതാ ചാവൽ.

മായാനന്ദൻ: വാസ്തവം. കൊല്ലുന്നതാ ജീവിക്കുന്നത്. ചാക്കില്ലെങ്കിൽ ജനനമുണ്ടോ? പ്രഹ്ലാദൻ ചത്തില്ലെങ്കിൽ ഞാൻ ജനിക്കോ?

സഹ്യാവലി: അപ്പോ താൻ പ്രഹ്ലാദനാ? വല്ല്യ സന്തോഷമൊന്നും കാണാനില്ലല്ലോ.

മായാനന്ദൻ: സന്താപതാ സന്തോഷം, ഇരുട്ടാ വെളിച്ചം.

സഹ്യാവലി: കുട്ടിയാ വയസ്സൻ. പ്രാന്താ ബോധം. ആണാ പെണ്ണ്...ആട്ടെ, താൻ പ്രഹ്ലാദനായിരുന്നപ്പോ ഞാൻ എന്തായിരുന്നു?

മായാനന്ദൻ: അന്നു നീ വിന്ധ്യയായിരുന്നു. അവളും ഒരു തെണ്ടിത്തേവിടിശ്ശിയായിരുന്നു.

സഹ്യാവലി: തേവടിശ്ശിയാ പതിവ്രത. എടോ വയസ്സാ, അന്നും എനിക്കു ഭത്താവുണ്ടായിരുന്നില്ലേ?

മായാനന്ദൻ: മലയ്ക്കു് എങ്ങനെയാ ഭത്താവുണ്ടാവുക?(ചിരിക്കുന്നു) ഞാൻ കളി പറഞ്ഞതാ. നിൻെറ ഭത്താവായിരുന്നു മാവേലി.

സഹ്യാവലി: എന്നിട്ടാ ആ ശപ്പൻ വന്നിട്ടു് എന്നെ കാണാണ്ടെ പോയതു്?

മായാനന്ദൻ: പോയോ? തീർച്ചയുണ്ടോ?

സഹ്യാവലി: വന്നോ? തീർച്ചയുണ്ടോ?

മായാനന്ദൻ: വന്നില്ലെങ്കി നിൻെറ വയറു നിറയോ? നാലുകുട്ടികൾ വയററിലുള്ളതുപോലെ നിൻെറ വയറുവീത്തിട്ടുണ്ടു്. പോരാഞ്ഞിട്ട നിൻെറ ഭാണ്ഡവും വീത്തിട്ടുണ്ടു്.

സഹ്യാവലി: തൻെറ വയറു് ഒരിക്കലും വീർക്കുല്ല. തിന്നുംതോറും അതൊട്ടുകയേയുള്ളു. താൻ തിന്നുമ്പൊ വല്ലോരുടേം വയറാ വീക്കണെ! മായാനന്ദൻ! ശരിയാ! തട്ടിപ്പാനന്ദൻ!

മായാനന്ദൻ: മായയാ സത്യം, തട്ടിപ്പാ നേർവഴി, സന്യാസിയാ ഗൃഹസ്ഥൻ, ശ്രീകൃഷ്ണനാ നിത്യബ്രഹ്മചാരി. അതുപോട്ടെ, ആ ഭാണ്ഡത്തീന്നു വല്ലതും തിന്നാൻ എടുക്കു്, പപ്പടോ. പഴോ.

സഹ്യാവലി: സന്യാസിമാക്കു കൊടുക്കണതു് പതിവ്രതകളാ, തേവിടിശ്ശികളല്ല.

മായാനന്ദൻ: നിനക്കു തെററിപ്പോയി. പതിവ്രതകൾക്കു ഭർത്താക്കന്മാരുണ്ടു്. കുട്ടികളുണ്ടു്. അവക്കു വിശപ്പും അധികമാണു്; മുലകൊടുക്കണ്ടവരല്ലേ? സന്യാസിമാരെ പൂജിക്കുന്നതു് എപ്പോഴും മച്ചികളാ. ഭാണ്ഡം അഴിക്കു്.

സഹ്യാവലി: (ഭാണ്ഡം അഴിക്കുന്നു) അപ്പോ, ഒരുനേരേ ഊണുള്ളൂന്നു പറഞ്ഞിട്ടു്? കഴിക്കുമ്പൊ ഒക്കെ ഒരു നേരം അല്ലേ? (പഴനുറുക്കു കൊടുക്കുന്നു) പഴം ഇച്ചിലിന്നു് എടുത്തതാണേ?

മായാനന്ദൻ: എച്ചിലാ ഭക്ഷിക്കണ്ടതു്, ഉച്ഛിഷ്ടത്തിനാമേന്മ. നിനക്കു യോഗ്യനും ഭാഗ്യവാനുമായ മകനുണ്ടാകട്ടെ!

സഹ്യാവലി: പോടോ, എനിക്കു മകനും വേണ്ട മകളും വേണ്ട. താൻ അനുഗ്രഹിച്ചു മനുഷ്യനെ തൊലയ്ക്കാതിരിക്കു്!

മായാനന്ദൻ: മുന്തിരിങ്ങാ പുളിക്കുമല്ലേ?

സഹ്യാവലി: വയസ്സനു് ഇതു് ഇരുപതാം നൂററാണ്ടാണെന്നു് അറിയില്ല. സന്തതിയുണ്ടാവല്ലേ, സന്തതിയുണ്ടാവല്ലേ എന്നാ എല്ലാരുടേം പ്രാത്ഥന.

മായാനന്ദൻ: എനിക്കു പഴം തിന്നാ അപ്പോ ഭക്തികൂട്ടും. (എണീററിട്ടു്) എനിക്കു തുള്ളണം. നൃത്തം വെച്ചു് ഈശ്വരനെ സ്തുതിക്കണം. ഞാൻ പ്രഹ്ലാദനാ!

പ്രാണികൾക്കീശ്വര, നാഥ, ജയ ജയ
നാട്ടും നഗരവും കാട്ടും മലകളും
തോട്ടും പുഴകളും കൂട്ടും സമുദ്രവും
ഓട്ടും മൃഗങ്ങളും ചാട്ടും കപികളും
പാട്ടും കുയിലുകളാട്ടും മയിൽകളും
മാട്ടും മഹിഷവുമാട്ടും തൃണങ്ങളും

ചാട്ടം രഥങ്ങളുമോട്ടം വഴികളും
സഹ്യനും വിന്ധ്യനും തൃക്കാക്കരപ്പനും
മാവേലി നാട്ടു വാഴുന്നൊരു കേരളോം.

(ഹിരണ്ണൻ—കറുത്തു തടിച്ചു നല്ല പൊക്കമുള്ള ഒരു ശക്തൻ. നടപ്പു കണ്ടാലറിയാം ആരേയും ബഹുമാനമില്ല എന്നു്. ആരും ആരെയും ബഹുമാനിക്കരുതെന്നുമുണ്ടെന്നു തോന്നും, തന്നെയും തൻെറ അഭിപ്രായങ്ങളെയും ഒഴിച്ചു്. ഏകദേശം 45 വയസ്സു്. പ്രവേശിച്ചു്)

ഹിരണ്ണൻ: എന്താ സന്യാസിക്കു കഞ്ചാവു കുടിപ്പോയോ? അതോ ചാരായോ?

സഹ്യാവലി: ഞാൻ രണ്ടു പഴന്നുറുക്കു കൊട്ടത്തേയുള്ളു.

ഹിരണ്ണൻ: (സന്യാസിയെ പിടിച്ചു് ഇരുത്താൻ ശ്രമിക്കുന്നു.) എടോ പാട്ടു നിത്തു. ഇല്ലെങ്കിൽ...

സഹ്യാവലി: ഭക്തന്മാരെ ഉപദ്രവിക്കരുതു്.

മായാനന്ദൻ: (തുള്ളിക്കൊണ്ടു്)

എന്നുവേണ്ടാ പിന്നെ മന്നിടമേഴു ര–
ണ്ടുള്ളതിലുള്ള സമസ്തവസ്തുക്കളും
മന്നിടദേവനായുള്ള ഭവാനെന്നു–
മെന്നല്ലവ ഭവാൻ തങ്കലെന്നുള്ളതും
എന്നുള്ളിലോത്തിരിക്കുന്നു ഞാനെപ്പോഴും
സുന്ദരാംഗാ ജഗന്നാഥാ ജനാർദ്ദനാ.

(പാത്തുമ്മ—മുസ്ലീംവേഷം. 'തട്ട'മില്ല. വയസ്സു് അയ്മ്പതു്. പല്ലുകറുത്താണു്. കണ്ണെഴുതിയിട്ടുണ്ടു്. വായകൊണ്ടു മാത്രമല്ല, ആവശ്യം വന്നാൽ പല്ലുകൊണ്ടും യുദ്ധംചെയ്വാൻ തയ്യാറുണ്ടു്, ആരോടും. നല്ല സമയത്തു വളരെ നല്ലവളാണു്. പ്രവേശിച്ചു്)

പാത്തുമ്മ: ഞാനും തുള്ളാം. വയറു നിറഞ്ഞാൽ എനിക്കും കളിക്കണം. മനുഷ്യനേം ഈശ്വരനേം സ്തുതിക്കണ്ണാ (മാപ്പിളപ്പാട്ടു പാടുന്നു).

അടിപെട്ട് കൊത്തിപ്പിടിത്താരോ, അണ്ണെ,
താലിയും മാലെല അറുത്താരോ,
പിടിപെട്ട സിന്നും കടിത്താരോ; പിച്ച-
ച്ചട്ടയും കീറപ്പെട്ടത്താരോ

മായാനന്ദൻ: തിട്ടക്കത്തി! പാടിക്കോ കളിച്ചോ. നീ എന്റെ അമ്മയാ. ഹിരണ്യകശിപുമഹാരാജന്റെ ഭാര്യ. നീ എന്നെ അറിയുമോ?

ഹിരണ്ണൻ: ഞാൻ രണ്ടിനേം അറിയും. മുഴുഭ്രാന്താ രണ്ടിനും. നന്ദി ഭ്രാന്താ. ഭക്തി വെറും ഭ്രാന്താ. അതു നശിക്കാതെ ലോകം നന്നാവൂല്ല. ഞാനതു നശിപ്പിക്കും. ഹിന്ദുഭക്തിയായാലും മുസ്ലീംഭക്തിയായാലും. നിത്തില്ലേ തുള്ളല് നിങ്ങള്?

മായാനന്ദൻ: (തുള്ളലു നിത്തി) എടോ തടിമാടാ, താനല്ല ആദ്യത്തെ ഹിരണ്യകശിപു. തന്റെ ദുരഭിമാനം!

ഹിരണ്ണൻ: താനല്ല ആദ്യത്തെ ചെകുത്താൻ.

മായാനന്ദൻ: താനാ ആദ്യത്തേം ഒടുക്കത്തേം.

ഹിരണ്ണൻ: അതെ, ഞാനാണ് ഒടുക്കത്തെ ഹിരണ്യകശിപു. ഇനി നരസിംഹം ജനിക്കുകയില്ല. ഞാനാണ് ഒടുവിലത്തെ ചെകുത്താൻ. ഇനി ഈശ്വരൻ ജയിക്കുകയില്ല.

പാത്തുമ്മ: ഓണമുണ്ട മാപ്പിളയോട്ട കളിക്കണ്ട കേട്ടോ. വാവരുസ്വാമിയെ അടക്കാൻ ഹിരണ്ണനല്ല ഭിണ്ണപ്പൻ വന്നാലും പററുകയില്ല.

ഹിരണ്ണൻ: ഞാൻ പെണ്ണിന്റെയടുക്കെയില്ല യുദ്ധത്തിന്. ഞാൻ ആണാണ്.

പാത്തുമ്മ: ഞാനുണ്ട് ആണിന്റെയടുക്കൽ യുദ്ധത്തിന്! ഞാൻ പെണ്ണാണ്.

സഹ്യാവലി: ബലേ! പാത്തുമ്മേ, ഞാനുമുണ്ട് നിൻെറ ഭാഗത്ത്, ഞാനും പെണ്ണാണ്.

ഹിരണ്ണൻ: അതെ, നിങ്ങളൊക്കെ പെണ്ണാണ്. പെറാത്ത പെണ്ണാൺകള്!

മായാനന്ദൻ: ഹിരണ്ണനുള്ള നാട്ടില് പെണ്ണുങ്ങള് പെറാത്തത് അത്ഭുതംതന്നെ.

സഹ്യാവലി: ഇവൻ കംസൻെറ കംസനാ. ഇവൻെറ നാട്ടിൽ കുട്ടികൾ ജനിക്കുന്നതിനു മുമ്പേ കഴിഞ്ഞു അവയുടെ വധം.

പാത്തുമ്മ: ഇവൻ ഹീറോഡാ. ഇവൻെറ നാട്ടിൽ കുട്ടികൾക്കായുസ്സില്ല. കുട്ടികളായി ജനിക്കുന്ന ഈശ്വരന്മാക്കും. യേശോവായാലും, വാമനനായാലും അള്ളാവായാലും.

(ശോശാമ്മ പ്രവേശിക്കുന്നു. ഒക്കത്തു കുട്ടിയുമുണ്ട്. കുട്ടി എപ്പോഴും കറുപ്പു തിന്നപോലെ കിടപ്പാണ്. അമ്മ കരുത്തു ചടച്ച സങ്കടം വളരെയധികം സഹിച്ച മട്ടുള്ള പെണ്ണാണ്. ക്രിസ്ത്യാനിവേഷം. വയസ്സു പത്തൊമ്പതോ ഇരുപതോ. പ്രവേശിച്ച്)

ശോശാമ്മ: ആരാ ഈശോൻെറ കാര്യം പറയണേ? കത്താവേ! ഇവർ ഇടിവെട്ടുകൊണ്ടു ഉടനെ നരകത്തിലെത്തണേ, ഉടനേ.

മായാനന്ദൻ: ഞങ്ങൾക്ക് ഈശോവിനെ ബഹുമാനമേ ഉള്ളൂ.

ശോശാമ്മ: നിങ്ങളുടെ ബഹുമാനം ഈശോവിനു വേണ്ട. അതു ശരിയായ ബഹുമാനമല്ല.

പാത്തുമ്മ: എന്നാൽ ഞങ്ങൾ ബഹുമാനിക്കുന്നില്ല.

ശോശാമ്മ: നിങ്ങൾ ബഹുമാനിക്കണം; ആരാധിക്കണം.

സഹ്യാവലി: നിൻെറ ഹിരണ്ണനെക്കൊണ്ട് ആരാധിപ്പിക്കൂ.

ശോശാമ്മ: എൻെറ ഹിരണ്ണനോ? എന്താ തെമ്മാടിത്തം പറയണേ?

പാത്തുമ്മ: പിന്നെ നിൻെറ കുട്ടിയുടെ വാപ്പ ആരാ?

ശോശാമ്മ: എൻെറ കുട്ടിയുടെ അപ്പൻ ഈശ്വരൻ.

ഹിരണ്ണൻ: അല്ല, ഞാനാണ്. ഞാൻ പാതിവ്രത്യത്തിൽ വിശ്വസിക്കുന്നില്ല. അതു സ്വത്തുകാരുണ്ടാക്കിയ ഒരു കൃത്രിമനിയമമാണ്. പെണ്ണിനെ സ്വകാര്യസ്വത്താക്കാൻ.

ശോശാമ്മ: അത് ആണിനേയും സ്വകാര്യസ്വത്താക്കുന്നില്ലേ?

ഹിരണ്ണൻ: ഇല്ല. ഞാൻ ആരുടേയും സ്വത്തല്ല. എൻെറ പെണ്ണിൻേറയുമല്ല. അവരുടെ കുട്ടികളുടേയുമല്ല.

ശോശാമ്മ: എന്നിട്ടാണോ ഞാൻ എങ്ങോട്ടോ ഒന്നു നോക്കിയെന്നു പറഞ്ഞു നീയ്യ് എൻെറ മൂക്കിൻെറ ഒരു കഷണം കടിച്ചെടുത്തത്.

പാത്തുമ്മ: അതു നിൻെറ മൂക്കിന്നു നല്ല സ്വാദുണ്ടായിട്ടാ. മൂക്കട്ടയും കൂടി കൂട്ടമ്പോ അതിനെന്തു സ്വാദാണെന്നോ!

മായാനന്ദൻ: സഹ്യേ, നിൻെറ ഭാണ്ഡത്തീന്ന് ഇവക്ക് എന്തെങ്കിലും തിന്നാൻ കൊടുക്കു, ഈ ഹിരണ്ണനും ശോശാമ്മക്കും, അവരുടെ വയറു നിറഞ്ഞില്ല എന്നു തോന്നുന്നു.

സഹ്യാവലി: ഹിരണ്ണൻെറ വയറു നിറയ്ക്കാൻ മാവേലിക്കും കൂടിയാവൂല്ല. പിന്നെയാണോ എനിക്ക്?

ഹിരണ്ണൻ: ഞാൻ മാവേലിയിൽ വിശ്വസിക്കുന്നു; അയാൾ സ്ഥിതിസമത്വവാദിയായിരുന്നു. അയാൾക്ക് ആരുടേയും വയറു നിറയ്ക്കാൻ സാധിക്കും.

പാത്തുമ്മ: ശോശാമ്മയുടേയും!

ഹിരണ്ണൻ: പാത്തുമ്മയുടേയും!

ശോശാമ്മ: എനിക്കു വയറു നിറഞ്ഞു. പക്ഷേ, എൻെറ ഭാണ്ഡം നിറഞ്ഞില്ല. എനിക്കു കുട്ടിയുണ്ട്. എനിക്കു നാളേയ്ക്കും വേണം.

സഹ്യാവലി: മാവേലി നാളെയില്ല.

ഹിരണ്യൻ: ഇന്നുണ്ടായിരുന്നോ? ഇല്ല. തീർച്ചയായും ഇല്ല.

പാത്തുമ്മ: ഇന്നുച്ചവരെ ഉണ്ടായിരുന്നു. തീർച്ച. അതുവരെ എല്ലാ വീട്ടിലും എന്തെങ്കിലും തിന്നാൻ ഉണ്ടായിരുന്നു.

മായാനന്ദൻ: ഉച്ചയ്ക്കായിരുന്നിരിക്കും മാവേലിയുടെ തെക്കോട്ടുള്ള വണ്ടി!

(എല്ലാവരും ചിരിക്കുന്നു. രണ്ടു ധ്വരമാർ പ്രവേശിക്കുന്നു. ഒന്നു് ഏകദേശം അറുപതു വയസ്സായ മിസ്റ്റർ മേഹബൽ. മററതു നാലഞ്ചു വയസ്സു കുറയുന്ന മിസ്റ്റർ സുക്കർ. സുക്കറിന്നു കോങ്കണ്ണുണ്ട്. ചടച്ചാണു്. മേഹബൽ തടിയനും മീശക്കാരനും ആണു്. രണ്ടുപേരും, ധ്വരമാർ മലയാളം പറയുന്നപോലെയാണു് പറയുന്നതു്.)

മേഹബൽ: എന്താ ചിരിക്കണെ? എന്താ, എന്നെ കണ്ടിട്ടാണോ?

ഹിരണ്യൻ: അതെ, നിങ്ങൾ തിരിച്ചുവരുന്നതു ഞങ്ങൾക്കിഷ്ടമല്ല.

മേഹബൽ: നിങ്ങൾ തെററിദ്ധരിക്കുന്നു. ഞാൻ സ്നേഹം കൊണ്ടു വന്നതാണു്. പഴയ സ്ഥലങ്ങളൊക്കെക്കാണാൻ.

സഹ്യാവലി: വന്നതു നന്നായി; സന്തോഷം. ഞങ്ങൾ നിങ്ങളെക്കണ്ടല്ല ചിരിച്ചതു്. ഈ ശുക്രക്കണ്ണനേതാ?

മേഹബൽ: അയാൾ എൻെറ സ്നേഹിതനാണു്. മിസ്റ്റർ സുക്കർ. പണ്ടെൻെറ ചീഫ്സിക്രട്ടറിയായിരുന്നു.

സഹ്യാവലി: എനിക്കു് അയാളെ ഇഷ്ടം തോന്നുന്നില്ല.

ഹിരണ്ണൻ: രണ്ടും കള്ളന്മാരാണ്. തിരിയെ രാജ്യം പിടിക്കാനുള്ള പഴുതുണ്ടോ എന്നു നോക്കി വന്നിരിക്കയാ. അമേരിക്കയുടെ ഏജൻറന്മാരാ.

പാത്തുമ്മ: എന്നാ എനിക്കവരെ ഇഷ്ടാ. ഹിരണ്ണനു് ആരേം കണ്ടൂക്കൂടാ; അവരെ എനിക്കപ്പോ ഇഷ്ടം തോന്നും.

മായാനന്ദൻ: ഈ ശുക്രനെന്താ മിണ്ടാത്തതു്? അവൻ കള്ളനാ.

സുക്കർ: ഞാൻ നല്ലവനാണ്. വളരെ നല്ലവൻ. നിങ്ങളും നന്നാവണമെന്നാണ് എനിക്കു്.

സഹ്യാവലി: എല്ലാരും നല്ലവരെന്നല്ലേ തൻെറ പക്ഷം, പ്രഹ്ലാദാ?

മായാനന്ദൻ: എല്ലാരും നല്ലവരാ. പക്ഷേ, ചിലരെ കൊല്ലുന്നതും നല്ലതാ.

സുക്കർ: നിങ്ങൾ കൊല്ലുണ കാര്യമാ പറയുന്നതു്? നിങ്ങൾക്കു ഞങ്ങളെ മനസ്സിലായില്ല. ഈ കുലീനൻ മിസ്റ്റർ മേഹബൽ ആണ്. മഹാബലി. നിങ്ങളുടെ പഴയ ചക്രവത്തി. അദ്ദേഹം വാക്കുപോലെ നിങ്ങളൊക്കെ സുഖമായിരിക്കുന്നതു കാണാനാണു വന്നിരിക്കുന്നതു്. നിങ്ങൾക്കു സുഖമാണോ? വാസ്തവത്തിൽ സുഖമാണോ?

സഹ്യാവലി: അതെ, അതെ. ബഹുസുഖം.

പാത്തുമ്മ: എന്താ അതു കേൾക്കുമ്പോ സായ്പിനു സുഖമില്ല, അല്ലേ? ഞങ്ങൾ വളരെ വളരെ കഷ്ടപ്പെട്ടുന്നു!

ശോശാമ്മ: അതെ. ഞങ്ങൾ തുലഞ്ഞു.

മായാനന്ദൻ: കണ്ടോ? കള്ളന്മാരുടെ മുഖത്തു് അതു കേൾക്കുമ്പോ ഒരു രസം! അവർ നമുക്കു സുഖമല്ല എന്നുകണ്ടു രസിക്കാനാണു വരുന്നതു്. കള്ളവക... സായ്പേ, കണ്ടി

ല്ലേ? പൊയ്ക്കോളൂ. കണ്ണു വയ്ക്കുണ്ട. ദൃഷ്ടിദോഷത്തിനു് ഇപ്പോൾ ചികിത്സിക്കാൻ മന്ത്രവാദികളില്ല, ഇവിടെ.

ഹിരണ്യൻ: നിങ്ങൾ മഹാബലിയാണെന്നാണോ പറയുന്നതു്? എന്നാൽ ഇതാ രണ്ടു കൈകൊണ്ടും സ്വാഗതം. ഐക്യകേരളം നമസ്കരിക്കുന്നു. അവിടന്നു വീണ്ടും നമ്മെ ഭരിക്കണം.

പാത്തുമ്മ: വേണ്ട. കാടന്മാരുടെ ഭരണം ഇനി വേണ്ട.

സഹ്യാവലി: എനിക്കു് ഇവരുടെ ഭരണം വേണ്ട. പക്ഷേ, എനിക്കു ഭരിക്കാൻ ഈ മേഹബല്ലിനെ വേണം.

മായാനന്ദൻ: നീ വേണമെങ്കിൽ അവരുടെ കൂടെ പൊക്കോ. ഞങ്ങളെ തുലയ്ക്കുണ്ട, എല്ലാം ഒന്നാക്കി.

ശോശാമ്മ: അങ്ങനെ അവരെ ഓടിക്കണ്ട. ഒക്കെ ചുററി നടന്നു കണ്ടു് അസൂയപ്പെട്ടു് അസൂയ സഹിക്കവയ്യാതാവുമ്പോ പൊയ്ക്കോട്ടെ. നാളെ കാലത്തുവരെ അവർ ഇവിടെ നില്ക്കില്ല. അസൂയ സമ്മതിക്കില്ല.

പാത്തുമ്മ: സായ്പന്മാരേ, പൊക്കോളൂ. ഒക്കെ കണ്ടില്ലേ?

മായാനന്ദൻ: അവരു പൊക്കോളുംന്നു്. നമുക്കു കിടക്കാം.

(എല്ലാരും കിടക്കുന്നു. സഹ്യാവലി ഒന്നുരണ്ടുമിനിട്ടുനേരം ഉറങ്ങാതെ മേഹബല്ലിനെ നോക്കിക്കിടന്നിട്ടേ ഉറങ്ങുന്നുള്ളൂ.)

മേഹബൽ: ഈ പാവങ്ങൾ നരകിക്കുകയാണു്. അവക്കു വീടില്ല, അവക്കു് ആഹാരമില്ല. എങ്കിലും നമ്മളെ അവക്കു തിരിച്ചു വേണ്ട, ഒരുദിവസംപോലും—എൻെറ മഹാത്യാഗം ഉണ്ടായിട്ടും.

സുക്കർ: അവർ എപ്പോഴും അങ്ങനെയായിരുന്നു. അവരുടെ ചക്രവത്തിമാരൊക്കെ വലിയ ത്യാഗം ചെയ്തു രാജ്യം വിട്ടുകൊട്ടത്തവരാണു്. അവക്കു നന്ദിയില്ല. അവർ ഒരിക്കലും മററുവിധത്തിലാവുകയുമില്ല.

മേഹബൽ: നമ്മുടെ തിരിച്ചുവരവ് ഒരുദിവസത്തേക്കു മാത്രമാണല്ലോ, ദൈവാധീനം. അല്ല, ചെകുത്താന്റെ കൃപ.

സുക്കർ: മഹാ മഹാ മഹാനായ ചെകുത്താനെ സ്തുതിക്കുക? എനിക്ക് ഇതുങ്ങൾ സുഖിക്കുന്നതു കാണാൻ വയ്യ.

മേഹബൽ: സത്യം പറഞ്ഞാൽ—എനിക്ക് അവർ കഷ്ടപ്പെടുന്നതും കാണാൻ വയ്യ. തിരിച്ചുവരവൊക്കെ സങ്കടമാണ്. ജനിച്ച സ്ഥലത്തേക്കു തിരിച്ചുവരൽ, ഭരിച്ച സ്ഥലത്തേക്കു തിരിച്ചുവരൽ!

സുക്കർ: പഠിച്ച സ്ക്കൂളിലേക്കു തിരിച്ചുവരൽ, ഉപേക്ഷിച്ച ഭാര്യയുടെ അടുത്തേക്കു തിരിച്ചുവരൽ!

മേഹബൽ: ഒരിക്കലും തിരിച്ചുവരരുത്. ഒരിക്കലും! എങ്കിലും വരാൻ മോഹം. അതാണു സങ്കടം. എന്നും എന്നും സങ്കടം.

(മുണ്ടപ്പൻ വരുന്നു. ഇരുപതുവയസ്സായ ചെറുപ്പക്കാരൻ. നല്ലവണ്ണം വെളുത്ത സുന്ദരനാണ്. മുണ്ടനാണ്. ഞൊണ്ടിയും. കുസൃതിക്കാരനും ബുദ്ധിമാനുമാണെന്നു് അഭിമാനിക്കുന്നുണ്ടെന്നു തോന്നും. ഞൊണ്ടി ഓടിക്കൊണ്ടു വന്നു്)

മുണ്ടപ്പൻ: സായ്പന്മാരേ, ഓടിക്കോ, ഒളിച്ചോ. ഹൈഡ്രജൻബോമ്പു വരുന്നു.

മേഹബൽ: (ഓടിക്കൊണ്ടു്) ഞാൻ ഈ രാജ്യം മുഴുവൻ ഒരുതവണകൂടി നിനക്കു തരുന്നു. എന്റെ മഹാമനസ്കത, ത്യാഗം. ഇനി ഞാൻ വരുന്നതുവരെ...

മുണ്ടപ്പൻ: ദാനംചെയ്യാൻ സമയമില്ല. എറങ്ങു കുഴിയിൽ. അവിടത്തെ രാജാവാവാം.

സുക്കർ: എവിടെയാ കുഴി? ഞങ്ങൾക്കു കുഴി സുഖമാണ്. യുദ്ധകാലം മുഴുവൻ കുഴിയിൽ ജീവിച്ചവരാണ് ഞങ്ങൾ.

മുണ്ടപ്പൻ: ഓട്ട്, കുഴി ദേ അവിടെ. അരക്കില്ലത്തിൻെറ ഗുഹ (മേഹബല്ലിനെ ചവിട്ടിയോടിക്കുന്നു).

(സുക്കർ പിന്നാലെ ഓടുന്നു.)

ഹിരണ്ണൻ: (പെട്ടെന്നു ചാടിയെണീററ്) ഹൈഡ്രജൻ ബോമ്പോ! (ഗുഹയിലേക്ക് ഓടുന്നു.)

(പിന്നാലെ സഹ്യാവലി, ശോശാമ്മ, പാത്തുമ്മ, ഇവരും 'ഹൈഡ്രജൻബോമ്പ്', ഹൈഡ്രജൻബോമ്പ്" എന്നു വിളിച്ചുകൊണ്ട് ഓടുന്നു.)

മായാനന്ദൻ: (എഴുനേററിട്ട്) ഹൈഡ്രജൻബോമ്പോ? അതിനെന്താ ഇത്ര യോഗ്യത? ബ്ളേഡും കൊല്ലും. ഹൈഡ്രജൻബോമ്പും കൊല്ലും, പട്ടിണിയും കൊല്ലും, വാദ്ധക്യോം. എങ്ങനെ ചത്താലെന്താ? ചാവലെല്ലാം ഒന്ന്. ഒരാളു ചത്താൽ അയാളെ സംബന്ധിച്ചേടത്തോളം എല്ലാരും ചത്തു. പിന്നെ എല്ലാവരും ഹൈഡ്രജൻ ബോമ്പുകൊണ്ടുകൂടെച്ചത്താൽ എന്താ ഇത്ര അപകടം? എന്നാലും ഞാനും കുഴിയിലേക്കാ. എല്ലാരുമല്ലേ! (ഗുഹയിലേക്കു പോകുന്നു.)

മുണ്ടപ്പൻ: എന്നും തട്ടിപ്പാണു ജയിക്കുന്നതു്. രാജ്യം മുഴുവൻ എൻെറയായി. ഞങ്ങളുടെയായി. ഹൈഡ്രജൻ ബോമ്പ് എന്നു പറയുമ്പോഴേയ്ക്കും ആളുകൾക്ക് ഇത്ര പേടിയോ! അതു വരുന്നുണ്ടോ എന്നു നോക്കാൻകൂടി അവർക്കു ധൈര്യമില്ല. ആ സന്യാസിക്കുപോലും. ഈ തട്ടിപ്പും നല്ലതുതന്നെ. ഇക്കാലത്തും ജനങ്ങൾ എല്ലാരും ഒന്നുപോലെ. ഒന്നുപോലെ പേടിത്തൊണ്ടന്മാർ എന്നൊരു വ്യത്യാസംമാത്രം (പാടുന്നു).

മാവേലി നാടു വാണീടുംകാലം

അല്ല,

ഹൈഡ്രജൻ ബോമ്പു വാണീടുംകാലം,
മാനുഷരെല്ലാരുമൊന്നുപോലെ,
പേടിച്ചും ഓടീട്ടും മേവിടുന്നു
വിറയും വിറളിയുമെല്ലാടത്തും.

ഞാനും അമ്പലത്തിൽ പോയി ഇരിക്കട്ടെ, വെളിച്ചമാവുന്നതുവരെ (പോകുന്നു).

[തിരശ്ശീല]

★

039, 3x: J
MADRAS UNIVERSITY LIBRARY
7 MAR 2003
CHENNAI-600 005

# മാവേലിയും മക്കളും

പ്രശസ്ത ഹാസ്യസാഹിത്യകാരനായ വിക്രമന്റെ മൂന്നു് ഏകാങ്കനാടകങ്ങളാണു് ഈ പുസ്തകത്തിൽ അടങ്ങിയിട്ടുള്ളതു്. വായിച്ചുരസിക്കാനും അഭിനയിക്കാനും ഒരുപോലെ കൊള്ളാവുന്ന ഈ നാടകങ്ങൾ ചിരിക്കും ചിന്തയ്ക്കും ധാരാളം വകനൽകുന്നവയാണു്. കാര്യത്തോടടുക്കുമ്പോൾ സ്നേഹത്തിനെന്തുസംഭവിക്കുന്നു എന്നാണു് 'സ്നേഹത്തിന്റെ പോക്കു്' ചിത്രീകരിക്കുന്നതു്; നമ്മുടെ നാട്ടിൽ സാധാരണയെന്നോണം നടക്കുന്ന ഒരു ചെറിയ സംഭവത്തെ തികഞ്ഞ കലാപാടവത്തോടും നർമ്മബോധത്തോടുംകൂടി ഗ്രന്ഥകർത്താവു് ഇതിൽ അവതരിപ്പിച്ചിരിക്കുന്നു. 'രാമലക്ഷ്മണബാലിസുഗ്രീവ'ത്തിൽ കുട്ടികളാണു് കഥാപാത്രങ്ങൾ; പാട്ടുകൾക്കും, പുരാണകഥാപാത്രങ്ങൾക്കും, ജീവിതബന്ധങ്ങൾക്കും അവരുടെ കൈയിൽനിന്നു വന്നുചേരുന്ന അർത്ഥഭേദങ്ങളും അവർ നൽകുന്ന വ്യാഖ്യാനങ്ങളും ഇതിൽ കാണാം. കുട്ടികളുടെ സ്വഭാവചിത്രീകരണത്തിന്നു ഗ്രന്ഥകാരനുള്ള കഴിവു് ഇതിൽനിന്നു വ്യക്തമാകും. 'മാവേലിയും മക്കളും' എന്ന നാടകത്തിൽ മാവേലിക്കഥ ഒരു പുതിയ കാഴ്ചപ്പാടിൽ ചിത്രീകരിച്ചിരിക്കയാണു്; വിക്രമന്റെ നാടകരചനാവൈഭവവും ഒരിക്കലും വിട്ടുമാറാത്ത നർമ്മബോധവും ഇതിൽ ഒത്തിണങ്ങിയിരിക്കുന്നു.

''സഭ്യതയുടെ സീമ ലംഘിക്കാതെ, ശകാരത്തിലേക്കു കടക്കാതെ, അത്യുക്തിയെ അഭയംപ്രാപിക്കാതെ ഫലിതം കൈകാര്യം ചെയ്യുന്ന ഒരനുഗൃഹീത ഉപന്യാസകർത്താവാണു് വിക്രമൻ'' എന്നു നാഗവള്ളി ഒരിക്കൽ പറഞ്ഞിട്ടുള്ളതു് ''ഒരനുഗൃഹീത നാടകകർത്താവു്'' എന്നു തിരുത്തി വായിച്ചാലും ശരിയായിരിക്കുമെന്നു് ഈ ഗ്രന്ഥം തെളിയിക്കുന്നു.


## നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം തിരുവനന്തപുരം എറണാകുളം തൃശ്ശൂർ